കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ പി.കെ.ഡി-പി-13/1461/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 19/11/2024
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ പി.കെ.ഡി-പി-13/1461/24 തീയ്യതി: 19/11/2024

പാലക്കാട് ജില്ലയിലെ ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-11-2023 മുതൽ 18-09-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 46 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 28-09-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
വി.പി. ഷോബി	ഡെപ്യൂട്ടി ഡയറക്ടർ	19-09-2024	28-09-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
19-09-2024	28-09-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

പ്രീത.യു ഓഡിറ്റ് ഓഫീസർ
രാമകൃഷ്ണൻ കെ.പി അസി.ഓഡിറ്റ് ഓഫീസർ
ഷീജ വി.ആർ സീനിയർ ഗ്രേഡ് ഓഡിറ്റർ
ബേബി.കെ ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി രതി ഗോപാലകൃഷ്ണൻ	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീ സാജിദ് എം.കെ	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-04-2023	06-07-2023
ശ്രീ ജോസ് കെ.എസ്	സെക്രട്ടറി-ഇൻ-ചാർജ്ജ്	07-07-2023	11-07-2023
ശ്രീ ഹരിദാസ് പി	സെക്രട്ടറി	12-07-2023	06-08-2023
ശ്രീമതി ഷെർളി എസ്	സെക്രട്ടറി-ഇൻ-ചാർജ്ജ്	07-08-2023	11-09-2023
ശ്രീ ശശികുമാർ	സെക്രട്ടറി	12-09-2023	12-11-2023
ശ്രീമതി ഷെർളി. എസ്	സെക്രട്ടറി-ഇൻ-ചാർജ്ജ്	13-11-2023	23-11-2023
ശ്രീമതി ശാന്തി. എൻ	സെക്രട്ടറി	24-11-2023	05-12-2023
ശ്രീമതി ഷെർളി. എസ്	സെക്രട്ടറി-ഇൻ-ചാർജ്ജ്	06-12-2023	24-01-2024

ശ്രീമതി ഷെർളി എസ്	സെക്രട്ടറി-ഇൻ-ചാർജ്ജ്	25-01-2024	16-03-2024
ശ്രീ അജയകുമാർ. പി	സെക്രട്ടറി	17-03-2024	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ സാജിദ് എം.കെ	അസി. സെക്രട്ടറി ഇൻ ചാർജ്ജ്	01-04-2023	07-07-2023
ശ്രീമതി ഗീതാകുമാരി പി.എസ്	അസി. സെക്രട്ടറി	08-07-2023	11-07-2023
ശ്രീ ജോസ് കെ.എസ്	അസി. സെക്രട്ടറി	12-07-2023	23-08-2023
ശ്രീ സാജിദ് എം.കെ	അസി. സെക്രട്ടറി ഇൻ ചാർജ്ജ്	24-08-2023	26-08-2023
ശ്രീ രാജേഷ്.എ	അസി. സെക്രട്ടറി	27-08-2023	10-09-2023
ശ്രീമതി ഷെർളി. എസ്	അസി. സെക്രട്ടറി	11-09-2023	31-03-2024
ഡോ.സന്ധ്യ. എസ്	മെഡിക്കൽ ഓഫീസർ, ആയുർവ്വേദം	01-04-2023	31-03-2024
ഡോ. ജോർജ്ജ് മരിയൻ കുറ്റിക്കാട്ട്	മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി	01-04-2023	09-07-2023
ഡോ. ശ്രീകുമാരൻ എം.എസ്	മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി	10-07-2023	31-03-2024
ശ്രീമതി ശ്രുതി. കെ	കൃഷി ഓഫീസർ	01-04-2023	08-05-2023
ശ്രീമതി സൂര്യ എം.എസ്	കൃഷി ഓഫീസർ	09-05-2023	07-08-2023
ശ്രീമതി മനീഷ പി.കെ	കൃഷി ഓഫീസർ	08-08-2023	31-03-2024
ശ്രീമതി സൗപർണിക എ.എസ്	വി.ഇ.ഒ 1	01-04-2023	31-03-2024
ശ്രീ ബിപിൻ ലാൽ	വി.ഇ.ഒ 2	01-04-2023	31-03-2024
ശ്രീമതി ഗീതാകുമാരി. ആർ	ഹെഡ് മിസ്ട്രസ്സ്, ജി.എൽ.പി.എസ്	01-04-2023	31-05-2023
ശ്രീമതി ശോഭന കെ.പി	ഹെഡ് മിസ്ട്രസ്സ്, ജി.എൽ.പി.എസ്	01-06-2023	31-03-2024
ശ്രീമതി പ്രജിത വി.കെ	അസി. എഞ്ചിനീയർ	01-04-2023	31-03-2024
ഡോ. ജി. ദിനേഷ്	വെറ്ററിനറി സർജൻ	01-04-2023	31-03-2024
ശ്രീമതി റീന. പി	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2023	31-07-2023
ശ്രീമതി സുലൈഹ ജമീല ഉമ്മർ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-08-2023	11-12-2023
ശ്രീമതി ശ്യാമിലി വിശ്വൻ കെ.വി	ഐ.സി.ഡി.എസ് സൂപ്പർവൈസർ	12-12-2023	31-03-2024
ശ്രീ സുരേഷ് കുമാർ. എ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	11-07-2023
ശ്രീമതി പ്രിയ പി.ബി	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	12-07-2023	31-03-2024

-

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സാക്ഷ്യപത്രം	1-1
2	അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല	1-1-1
3	ക്യാഷ്ഫ്ലോ സ്റ്റേറ്റ്മെന്റിലെ അപാകത	1-1-2
4	ആസ്തി വിവരങ്ങൾ കാലികമാക്കിയിട്ടില്ല	1-1-3
5	CFC നീക്കിയിരുപ്പ് ബാലൻസ് ഷീറ്റിലെ വിവിധ ഷെഡ്യൂളുകളിൽ വ്യത്യസ്തം	1-1-4
6	ബാലൻസ് ഷീറ്റിൽ പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല	1-1-5
7	സ്പെഷ്യൽ ടേം ഡെപ്പോസിറ്റ് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല	1-1-6
8	വായ്പ തുക തിരിച്ചടവ് നീക്കിയിരുപ്പിൽ കുറവ് ചെയ്തിട്ടില്ല	1-1-7
9	Capital Work In Progress മൂല്യം 0 ആയി ഉൾപ്പെടുത്തിയിരിക്കുന്നു	1-1-8
10	നിക്ഷേപ പ്രവൃത്തിയുടെ ചെലവ്- ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല	1-1-9
11	ആയുഷ് ഫണ്ട് ചെലവ് -ബാലൻസ് ഷീറ്റ് ഷെഡ്യൂളിലെ നീക്കിയിരിപ്പിൽ കുറച്ചിട്ടില്ല	1-1-10
12	Accumulated Depreciation -മുൻ വർഷത്തെ ഷെഡ്യൂൾ പ്രകാരമുള്ള മൂല്യത്തിൽ നിന്ന് വ്യത്യാസമില്ല	1-1-11
13	വസ്തുനികുതി -വാർഷിക കണക്കും സഞ്ചയ സ്റ്റേറ്റ്മെന്റും പൊരുത്തപ്പെടുന്നില്ല	1-1-12
14	രേഖകളുടെ അഭാവത്തിൽ വിവിധ വരവുകളുടെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല	1-1-13
15	ബജറ്റ്	1-2
16	സാമ്പത്തിക വിശകലനം	1-3
17	ഗ്രാന്റ് വിനിയോഗം	1-4
18	പദ്ധതി അവലോകനം	1-5
19	തൊഴിലുറപ്പു പദ്ധതി	1-6
20	ക്ഷേമ പദ്ധതികൾ	1-7
21	ക്യാഷ് ബാലൻസ് പരിശോധന	1-8
22	ആഭ്യന്തര നിയന്ത്രണം	1-9
23	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
24	പണം വരവ്/പിൻവലിക്കൽ പരിശോധന-അപാകതകൾ	1-11
25	സ്പെഷ്യൽ ടേം ഡെപ്പോസിറ്റിന്റെ കറന്റ് സ്റ്റാറ്റസ് അന്വേഷണ വിധേയമാക്കേണ്ടതാണ്	1-12
26	തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിലെ അപാകതകൾ	1-13
27	വസ്തുനികുതി-അപാകതകൾ	1-14
28	ലൈസൻസ് അപാകതകൾ	1-15
29	ബാലൻസ് ഷീറ്റ് പ്രകാരമുള്ള വിവിധ പദ്ധതികളുടെ നീക്കിയിരുപ്പിന്റെ വിനിയോഗം കാര്യക്ഷമമാക്കേണ്ടതാണ്	1-16
30	മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടില്ല	1-17
31	പൊതുടാപ്പുകളുടെ വെള്ളക്കരം ഒടുക്കൽ- കുടിശ്ശിക തീർപ്പാക്കിയിട്ടില്ല	1-18
32	വരൾച്ചാ ബാധിത പ്രദേശങ്ങളിൽ കുടിവെള്ള വിതരണം കരാറുകാരനിൽനിന്ന് ആദായ നികുതി ഈടാക്കിയില്ല	1-19
33	എം.സി എഫിൽനിന്നും അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യൽ- ആദായ നികുതി ഈടാക്കിയിട്ടില്ല	1-20
34	സംയുക്ത പ്രോജക്ടുകൾക്ക് തുക നൽകിയത് - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല	1-21
35	സ്പിൽ ഓവർ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടില്ല	1-22
36	ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്	1-23
37	തെരുവു വിളക്കുകൾ സ്ഥാപിക്കൽ- ഇ- ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല	1-24
38	ഹോമിയോ മരുന്നുകൾ ലഭ്യമായിട്ടില്ല	1-25
39	സ്കൂൾ കെട്ടിടത്തിന് സൌരോർജ്ജ പ്ലാന്റ് സ്ഥാപിക്കൽ - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ	1-26
40	ജ്യോതിസ് സമഗ്ര വിദ്യാഭ്യാസ പദ്ധതി - പദ്ധതി /സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത പദ്ധതികൾ നടപ്പിലാക്കി	1-27

41	കൃഷി ഓഫീസർ നിർവ്വഹിച്ച പദ്ധതി- യൂണിറ്റ് കോസ്റ്റിനേക്കാൾ അധികം നൽകിയ തുക ക്രമീകരിക്കേണ്ടതാണ്	1-28
42	നെൽ വിത്ത് വിതരണം - അധിക തുക നൽകിയ തുക ക്രമീകരിക്കേണ്ടതാണ്	1-29
43	മെൻസ്ട്രുവൽ കപ്പ്- വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്	1-30
44	ലൈഫ് ഭവനനിർമ്മാണം- ഗുണഭോക്താവിന് അധികമായി തുക അനുവദിച്ചു	1-31
45	വൃദ്ധർക്ക് കട്ടിൽ - കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ ഒഴിവാക്കി	1-32
46	പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക്- ഗുണഭോക്തൃ വിഹിതം ഉൾപ്പെടുത്തിയില്ല	1-33
47	ക്ഷീര സഹകരണ സംഘങ്ങൾക്ക് റിവോൾവിങ്ങ് ഫണ്ട്- മൃഗസംരക്ഷണവും ക്ഷീരവികസനവും മോണിട്ടറിങ്ങ് സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ്	1-34
48	എസ്.എസ്.എ വിഹിതം നൽകൽ - വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്	1-35
49	ബാലസഭ-ബാല പഞ്ചായത്ത് പ്രവർത്തനങ്ങൾ- അധിക തുക ചെലവഴിച്ചു	1-36
50	മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം	1-37
51	സ്പിൽ ഓവർ പദ്ധതികൾ - പ്രവൃത്തി ദീർഘീകരണത്തിനു ശേഷവും പൂർത്തീകരിച്ചിട്ടില്ല	1-38
52	നിർവ്വഹണം സാദ്ധ്യമാകാതെ വന്നപ്പോഴും പദ്ധതി സ്പിൽ ഓവറായി ക്യാരി ഓവർ ചെയ്തു	1-39
53	എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കേണ്ടതാണ്	1-40
54	തനത് ആസ്തികളുടെ നിർമ്മാണം, വിനിയോഗം - സമയക്ലിപ്തത പാലിച്ചിട്ടില്ല	1-41
55	അസറ്റ് മാനേജ്മെന്റ് & മോണിട്ടറിങ്ങ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്	1-42
56	വാഹനം VEELS സോഫ്റ്റ്‌വെയറിൽ രജിസ്റ്റർ ചെയ്തിട്ടില്ല	1-43
57	ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ-കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ	1-44
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	ലൈഫ് ഭവനനിർമ്മാണം- ഗുണഭോക്താവിന് അധികമായി തുക അനുവദിച്ചു	3-1
ഭാഗം 4		
1	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം	4-1
2	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4-4
5	വായ്പ / വായ്പാതിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-8
9	ചാർജ്/സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	വാർഷിക കണക്കുകൾ- സംക്ഷിപ്തം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സാക്ഷ്യപത്രം

1. ഓങ്ങല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 11.06.24 തീയതിയിലെ 2/1-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 27.06.24 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാമ്പൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3.എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഓങ്ങല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024.ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: പാലക്കാട്,
തീയതി: 19-11-2024.

ഡെപ്യൂട്ടി ഡയറക്ടർ

1-1-1 അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്നവ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

എ) ചട്ടം 62 ഇ – അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ – പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ തുടങ്ങിയവ

ബി) ചട്ടം 62 എഫ് – അടിസ്ഥാന അനുപാതങ്ങൾ

1-1-2 ക്യാഷ്ഫ്ലോ സ്റ്റേറ്റ്മെന്റിലെ അപാകത

ക്യാഷ്ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 36918644.00 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി

രേഖപ്പെടുത്തിയിരിക്കുന്നത് 12407376.00രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്ററിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-3 ആസ്തി വിവരങ്ങൾ കാലികമാക്കിയിട്ടില്ല

ആസ്തി വിവരങ്ങൾ കാലികമാക്കാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11- Fixed Assets, B-11(A) - Accumulated Depreciation , B-11(E)- Capital Expenses (Infrastructure Sector) എന്നിവ പ്രകാരമുള്ള മൂല്യത്തിന്റെ കൃത്യത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല.

1-1-4 CFC നീക്കിയിരുപ്പ് ബാലൻസ് ഷീറ്റിലെ വിവിധ ഷെഡ്യൂളുകളിൽ വ്യത്യസ്തം

CFC – ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ പ്രകാരമുള്ള ടൈഡ്, അൺടൈഡ് നീക്കിയിരുപ്പ് 10514087 രൂപയും, ഷെഡ്യൂൾ ബി-17 പ്രകാരമുള്ള നീക്കിയിരുപ്പ് 10600636 രൂപയുമാണ്. (വ്യത്യാസം - 86549/-)

1-1-5 ബാലൻസ് ഷീറ്റിൽ പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല

പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക ഡിമാന്റ് കൃത്യമാക്കി ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

1-1-6 സ്പെഷ്യൽ ടേം ഡെപ്പോസിറ്റ് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

2019-20 വർഷം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ ഓങ്ങല്ലൂർ ശാഖയിൽ നിലനിർത്തിയ പ്രസിഡണ്ടിന്റെയും സെക്രട്ടറിയുടെയും പേരിലുള്ള സ്പോർട്ട്സ് ലോട്ടറി സമ്മാന തുകയുടെ 30 ൽ ഒരു ഭാഗം തുകയായ സ്പെഷ്യൽ ടേം ഡെപ്പോസിറ്റ് 611352.60 രൂപയുടെ ഇതുവരെയുള്ള പലിശയടക്കമുള്ള കണക്ക് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുന്നില്ല. സ്പെഷ്യൽ ടേം ഡെപ്പോസിറ്റിന്റെ ഒറിജിനൽ രസീത് 2019-20 മുതൽ ഇന്നേവരെയുള്ള ഓഡിറ്റിന് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

1-1-7 വായ്പ തുക തിരിച്ചടവ് നീക്കിയിരുപ്പിൽ കുറവ് ചെയ്തിട്ടില്ല

സമ്പൂർണ്ണ ഭവന പദ്ധതിയ്ക്കായി ഷൊർണ്ണൂർ കോ- ഓപ്പറേറ്റീവ് സർവ്വീസ് സഹ. ബാങ്കിൽ നിന്നും 2017-18 വർഷത്തിൽ എടുത്ത വായ്പ തുകയിൽ 31.03.2023 ന് 8,166,060.00 രൂപ തിരിച്ചടവാക്കാൻ ബാക്കിയുള്ളതായി 2022-23 ലെ വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി- 5) തൻവർഷം വായ്പാ തുകയിലേക്ക് 1000000 രൂപ തിരിച്ചടച്ചിട്ടുണ്ടെങ്കിലും ആയത് 2023-24 വർഷത്തിലെ നീക്കിയിരുപ്പ് തുകയിൽ കുറവ് വരുത്തിയതായി കാണുന്നില്ല.

1-1-8 Capital Work In Progress മൂല്യം 0 ആയി ഉൾപ്പെടുത്തിയിരിക്കുന്നു

തൻവർഷം പാർട്ട് ബില്ലുകൾ ഉണ്ടായിരിക്കെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11(B) യിൽ Capital Work In Progress മൂല്യം 0 ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

1-1-9 നിക്ഷേപ പ്രവൃത്തിയുടെ ചെലവ്- ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

തൻവർഷം എച്ച്.എം നിർവ്വഹണോദ്യോഗസ്ഥയായി നിക്ഷേപ പ്രവൃത്തിക്ക് CFC ഗ്രാന്റ് 495000/-രൂപ അനർട്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 ൽ ആയത് ഉൾപ്പെടുത്തിയിട്ടില്ല.

1-1-10 ആയുഷ് ഫണ്ട് ചെലവ് -ബാലൻസ് ഷീറ്റ് ഷെഡ്യൂളിലെ നീക്കിയിരിപ്പിൽ കുറച്ചിട്ടില്ല

സാമ്പത്തിക വർഷം അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥയായി ആയുഷ് ഫണ്ട് 450000/-രൂപ ആയുർവ്വേദ ഡിസ്പെൻസറി സൗകര്യങ്ങൾ എന്ന പദ്ധതിക്ക് ചെലവഴിച്ചിട്ടുണ്ട്. (പ്രൊജക്ട് നം - So232/24) എന്നാൽ പ്രസ്തുത തുക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 ൽ നീക്കിയിരുപ്പായി ഉൾപ്പെടുത്തിയിരിക്കുന്നു.

1-1-11 Accumulated Depreciation -മുൻ വർഷത്തെ ഷെഡ്യൂൾ പ്രകാരമുള്ള മൂല്യത്തിൽ നിന്ന് വ്യത്യാസമില്ല

Accumulated Depreciation ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B11(A) പ്രകാരം താഴെപ്പറയുന്ന ഇനങ്ങൾക്ക് 2022-23 വർഷത്തെ ഷെഡ്യൂൾ പ്രകാരമുള്ള മൂല്യം തന്നെ ഉൾപ്പെടുത്തിയിരിക്കുന്നു.

Sewage & Drainage - -164071

Plant & Machinery - -592296

Roads & Bridges - 2022-23 വർഷത്തെ ഷെഡ്യൂൾ പ്രകാരം -19998870 യും, തൻവർഷത്തെ ഷെഡ്യൂൾ പ്രകാരം - -19989933 യുമാണ്. (തൻവർഷം മൂല്യം കൂടുതലായി ഉൾപ്പെടുത്തി)

1-1-12 വസ്തുനികുതി -വാർഷിക കണക്കും സഞ്ചയ സ്റ്റേറ്റ്മെന്റും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതി വാർഷിക കണക്കും സഞ്ചയ സ്റ്റേറ്റ്മെന്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

	ഡിമാൻഡ്		കളക്ഷൻ		ബാലൻസ്	
	വാർഷിക കണക്ക് I&E	ഡി.സി.ബി	വാർഷിക കണക്ക് R&P	ഡി.സി. ബി	വാർഷിക കണക്ക് Balance Sheet	ഡി.സി.ബി
Residential Buildings Current	4207409	4200916	3259648	3419529	773992	747825
Arrears	1045341	1188398	510214	531413	509616	623128
Non-Residential Current	8137557	8110807	6641808	6916365	1134536	11183767
Arrears	435196	784170	240934	253066	182215	511668

1-1-13 രേഖകളുടെ അഭാവത്തിൽ വിവിധ വരവുകളുടെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല

തൻ വർഷത്തെ വാർഷികകണക്ക് പരിശോധിക്കുന്നതിന് ആവശ്യമായ പല രജിസ്റ്ററുകളും സൂക്ഷിച്ചിട്ടില്ല . സൂക്ഷിക്കാത്ത രജിസ്റ്ററുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. വാടക രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.
2.സഞ്ചയ പ്രകാരമുള്ള ന്യൂ ബിൽഡിങ്ങ് രജിസ്റ്റർ ഓഡിറ്റ് വേളയിൽ പരിശോധനയ്ക്ക് ഓഡിറ്റ് ലോഗിനിൽ ലഭ്യമായിട്ടില്ല.
3. തൊഴിൽ നികുതി രജിസ്റ്റർ വാർഷിക സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടില്ല.
4.വസ്തു നികുതി – ഇ പേയ്മെന്റ് വഴി ലഭിക്കുന്ന തുകകളുടെ സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല

ആയതിനാൽ വാർഷിക കണക്ക് പ്രകാരമുള്ള മേൽ വരവുകളുടെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

1-2 ബജറ്റ്

ധനകാര്യ സ്ഥിരം സമിതിയുടെ 13.03.23 ലെ തീരുമാനം നമ്പർ 1 പ്രകാരവും, പഞ്ചായത്ത് ഭരണ സമിതിയുടെ 15.03.2023തീയതിയിലെ യോഗ തീരുമാനം നം. 1(1) പ്രകാരവും 2023-24 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

പ്രാരംഭ ബാക്കി	34404552
തൻവർഷം വരവ്	328197000
ആകെ	362601552
ചെലവ്	356467440
നീക്കിയിരിപ്പ്	6134112

ധനകാര്യ സ്ഥിരം സമിതിയുടെ 3.02.24 ലെ തീരുമാനം നമ്പർ 2 പ്രകാരവും,പഞ്ചായത്ത് ഭരണ സമിതിയുടെ 7.02.24 തീയതിയിലെ യോഗ തീരുമാനം നം.1 പ്രകാരവും ബജറ്റ് താഴെ പറയും പ്രകാരം ഭേദഗതി ചെയ്തിട്ടുണ്ട്.

പ്രാരംഭ ബാക്കി	43633980
തൻവർഷം വരവ്	343506800
ആകെ	387140780
ചെലവ്	361477240
നീക്കിയിരിപ്പ്	25663540

1-3 സാമ്പത്തിക വിശകലനം

(Receipt & Payment Schedule പ്രകാരം)

മുന്നിരിപ്പ്	61050907
വരവ്	93272346
ആകെ	154323253
ചെലവ്	56353702
നീക്കിയിരിപ്പ്	97969551

1-4 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം	മുൻബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക
വികസന ഫണ്ട് -ജനറൽ	0	31823000	31823000	26335059	5487941
വികസനഫണ്ട് - എസ്.സി.പി	0	11216000	11216000	10454800	761200
മെയ്ന്റനൻസ് ഗ്രാന്റ് റോഡ്	0	12413350	12413350	8503093	3910257
മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ്	0	4846600	4846600	2847868	1998732
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-ബാങ്ക്	6004208	3952000	9956208	2069752	7886456
സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺടൈഡ് -ഗ്രാന്റ്- ബാങ്ക്	3118651	5514303	8632954	6005323	2627631

കേന്ദ്രാവിഷ്കൃതം

ICDS കേന്ദ്രവിഹിതം	5218864	2569694	7788558	662816	7125742
ശുചിത്വ മിഷൻ	2246939	0	2246939	501000	1745939

സംസ്ഥാനാവിഷ്കൃതം

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ലൈഫ് മിഷൻ	607260	11300000	11907260	2300000	9607260

പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
SSA	26053	0	26053	0	26053
Health Grant(Diagnostic Infrastructure To PHCs)	159838	1284354	1444192	573244	870948
Health Grant(Towards Conversion Of PHCs And Subcentres Into Health &Wellness Centres)	88143	516953	605096	309538	295558
Ayurveda	450000	0	450000	0	450000
Grant For Stadium &Playground	842359	0	842359	0	842359
Grant For Drinking Water Schemes	0	2000000	2000000	0	2000000
Sayamprabha(Social Justice Dept. Fund)	10000	0	10000	0	10000
Kudumbasree State Mission Grant	1425837	0	1425837	30000	1395837
Welfare Bodies	3901	0	3901	0	3901
Literacy Scheme Grant	20928	4665	25593	25593	0

ഗ്രാന്റ് വിനിയോഗം ഗ്രാന്റ് സ്റ്റേറ്റ്മന്റ്, അപ്രോപ്രിയേഷൻ, വാർഷിക കണക്ക് എന്നിവയെ അടിസ്ഥാനപ്പെടുത്തിയാണ് പരിശോധിച്ചിട്ടുള്ളത്.

വികസന ഫണ്ട് (ജനറൽ) - ഗ്രാന്റ് സ്റ്റേറ്റ്മന്റിൽ ജി.ഒ പ്രൊജക്ടുകളായ (ജനറൽ) ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്, അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം എന്നിവയുടെ ആകെ തുക 3261950/- രൂപ . വരവിലെടുക്കാതെ ചെലവിൽ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

വികസന ഫണ്ട് (എസ്.സി.പി) - ഗ്രാന്റ് സ്റ്റേറ്റ്മന്റിൽ ജി.ഒ പ്രൊജക്ടായ (എസ്.സി.പി) ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ആകെ തുക 876026/- രൂപ വരവിലെടുക്കാതെ ചെലവിൽ മാത്രം ഉൾപ്പെടുത്തിയതിനാൽ നീക്കിയിരുപ്പ് നെഗറ്റീവ് ആണ്.

CFC – ഗ്രാന്റ് സ്റ്റേറ്റ്മന്റിൽ മുന്നിരിപ്പ് ഉൾപ്പെടുന്നില്ല.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം
298	274755175	182	76305304	116	61

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 61% ത്തിനാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 28% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.
വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾക്ക് വകയിരുത്തിയ തുകയുടെയും ചെലവിന്റെയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥർ	പദ്ധതികളുടെ എണ്ണം	നടപ്പാക്കിയത്	ആകെ അടങ്കൽ തുക	ചെലവഴിച്ച തുക	ചെലവ് ശതമാനം
കൃഷി ഓഫീസർ	7	7	8598840	6823626	79
വെറ്ററിനറി സർജൻ	3	2	3310000	810000	24
മെഡിക്കൽ ഓഫീസർ-FHC	19	18	8177049	5311989	65
മെഡിക്കൽ ഓഫീസർ-ആയുർവ്വേദം	3	3	1250000	1250000	100
വി.ഇ.ഒ	27	10	146412192	15463999	11
ഐ.സി.ഡി.എസ് സൂപ്പർവൈസർ	15	14	9783500	5446856	56
സെക്രട്ടറി	54	27	20237564	11420070	56
അസി.സെക്രട്ടറി	25	15	10090200	6290150	62
അസിസ്റ്റന്റ് എഞ്ചിനീയർ	139	82	63196830	21327021	34
ഡയറി എക്സ്റ്റൻഷൻ ഓഫീസർ	2	2	1400000	1224673	87
ഹെഡ്മിസ്ട്രസ്സ്, GLPS	4	2	2299000	936920	41
ആകെ	298	182	274755175	76305304	28

നിർവ്വഹണോദ്യോഗസ്ഥരായ വി.ഇ.ഒ, വെറ്ററിനറി സർജൻ, അസി.എഞ്ചിനീയർ എന്നിവരുടെ പദ്ധതിച്ചെലവ് 35% ത്തിൽ താഴെ മാത്രമാണ്.

1-6 തൊഴിലുറപ്പു പദ്ധതി

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
എം.ജി. എൻ.ആർ.ഇ.ജി. എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ്	873159	989856	1863015	1860281	2734

എം.ജി.എൻ. ആർ.ഇ.ജി. എസ്-തൊഴിലാളികളുടെ വേതനം	0	22023965	22023965	22023965	0
ആകെ	873159	23013821	23886980	23884246	2734

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

ക്രമ നം	ക്ഷേമ പദ്ധതി	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
1	കർഷക തൊഴിലാളി പെൻഷൻ	3,586,400.00	306
2	വിധവാ പെൻഷൻ	17,691,000.00	1634
3	വാർദ്ധക്യകാല പെൻഷൻ	68,518,800.00	3245
4	വികലാംഗ പെൻഷൻ	5,791,200.00	521
5	50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ	1,713,800.00	156
6	സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധന സഹായം	90,000.00	3

1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള കാഷ് ബാലൻസ് പരിശോധന 20.09.2024 തീയതിയിൽ 3.00 PM ന് ജൂനിയർ സൂപ്രണ്ടിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ആറായിരത്തി ഒരുന്നൂറ്റി ആറ് (₹6106) രൂപയുടെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഓഫീസ് ഉത്തരവു പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം തൃപ്തികരമായ രീതിയിൽ നടത്തിയിട്ടുണ്ട്.

സദ്ഭരണത്തിന്റെ ഭാഗമായി ഇ-ഗവേണൻസ്, സ്ഥാപനത്തിലും, ഘടകസ്ഥാപനങ്ങളിലും കമ്പ്യൂട്ടർവൽക്കരണം എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. സ്ഥാപനത്തിന്റെ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ 21.03.25 വർഷം വരെ പ്രാബല്യത്തിലുണ്ട്.

രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ്

പൗരാവകാശ രേഖ 2022 ലാണ് അവസാനമായി പുതുക്കിയിട്ടുള്ളത്.

അക്കൗണ്ടിങ്ങ് റൂൾസ് പ്രകാരമുള്ള എല്ലാ രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്. തൻവർഷം അക്കൗണ്ടിംഗ്, തനത് ഫണ്ട് രേഖകൾ എന്നിവ ILGMS സംവിധാനത്തിലൂടെയാണ് കൈകാര്യം ചെയ്തിട്ടുള്ളത്. ഗ്രാമപഞ്ചായത്തിൽ ഉപയോഗിക്കുന്ന ബാങ്ക് അക്കൌണ്ടുകളുടെ 2024ഏപ്രിൽ മുതൽ നാളിതുവരെയുള്ള പ്രതിമാസ റീക്കൺസിലിയേഷൻ പൂർത്തീകരിച്ചിട്ടില്ല. നിഷ്ക്രിയ അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

14-ാം പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ വർക്കിങ്ങ് ഗ്രൂപ്പ് മേഖലകളുടെ അവസ്ഥാ രേഖ സ്ഥാപനം തയ്യാറാക്കിയിട്ടുണ്ട്. 2024-25 വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി വർക്കിങ്ങ് ഗ്രൂപ്പുകൾ കൂടിയിട്ടുണ്ട്. പല വർക്കിങ്ങ് ഗ്രൂപ്പ് മിനിട്ട്സുകളും ക്ലോസ് ചെയ്തിട്ടില്ല.

സകർമ്മ ആപ്ലിക്കേഷൻ മുഖേനയുള്ള ഭരണസമിതിയോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ മിനിട്ട്സ് പൂർത്തീകരിക്കുന്നതിൽ 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26 പ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല എന്ന് കണ്ടു. ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്നുദിവസത്തിനകം സെക്രട്ടറി മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ

സാമ്പത്തിക വർഷം മിനിട്ട്സ് തയ്യാറാക്കിയതിൽ 2 -5 മാസം വരെ കാലതാമസം ഉണ്ടായിട്ടുണ്ട്. മിനിട്ട്സ് തയ്യാറാക്കുന്നതിലെ കാലതാമസം ഒഴിവാക്കേണ്ടതാണ്.

പർച്ചേസുമായി ബന്ധപ്പെട്ട് വാർഷിക സമാഹരണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

ആസ്തി പരിപാലനം

ആസ്തികളുടെ അപ്ഡേഷന്റെ ഭാഗമായി സർക്കാർ തലത്തിൽ നിന്നുള്ള നിർദ്ദേശമനുസരിച്ച് നിലവിൽ R-Track Mobile Application വഴി പഞ്ചായത്തിലെ മുഴുവൻ ആസ്തികളും മാപ്പ് ചെയ്യുന്നതിനുള്ള പദ്ധതി പ്രകാരം എല്ലാ വാർഡുകളിലുമുള്ള റോഡുകളുടെ ട്രാക്കിങ്ങ് പൂർത്തീകരിച്ചിട്ടുണ്ട്. റോഡ് കണക്ടിവിറ്റി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വെരിഫിക്കേഷൻ നടപടികൾ നടന്നുവരുന്നു.സ.ഉ (ആർ.ടി) നം .166/17/ത.സ്വ.ഭ.വ തീയതി 20.01.2017 പ്രകാരം അംഗീകരിച്ച അസറ്റ് മാനേജ്മെന്റ് മാന്വലിലെ നിർദ്ദേശമനുസരിച്ച് ഗ്രാമപഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് & മോണിട്ടറിങ്ങ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

പഞ്ചായത്തിന്റെ തനത് ആസ്തികളുടെ നിർമ്മാണം ഭീമമായ തുക ചെലവഴിച്ചിട്ടും സമയബന്ധിതമായി പൂർത്തീകരിച്ച് ഉപയോഗപ്രദമാക്കുന്നതിന് കഴിഞ്ഞിട്ടില്ല.

പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി വെള്ളക്കര കുടിശ്ശിക ക്രമീകരിച്ചിട്ടില്ല. ആംനസ്റ്റി ഉത്തരവ് പ്രയോജനപ്പെടുത്തുന്നതിനും ഉചിതമായ നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

ലൈഫ് വായ്പ, സ്റ്റേറ്റ് ഷെയർ എന്നിവയിൽ വൻ തുക ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുവാൻ അവശേഷിക്കുന്നു.

വസ്തു നികുതി കുടിശ്ശിക പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടും വർഷങ്ങളായുള്ള സ്പെഷ്യൽ ടേം ഡെപ്പോസിറ്റിന്റെ കറന്റ് സ്റ്റാറ്റസ് അന്വേഷണ വിധേയമാക്കി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

2022 ഡിസംബർ മാസത്തെ ഓഡിറ്റാണ് പെർഫോമൻസ് ഓഡിറ്റ് അവസാനമായി നടത്തിയത്. ഈ റിപ്പോർട്ട് പ്രകാരം ഖണ്ഡികകൾ ഒന്നും തീർപ്പാക്കാൻ അവശേഷിക്കുന്നില്ല.

2013-14 മുതൽ 2017-18 വരെയുള്ള കാലയളവിലെ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് 27.06.2018 മുതൽ 07.07.2018 വരെയുള്ള തീയതികളിലായി നടത്തിയിട്ടുണ്ട്.

1-11 പണം വരവ്/പിൻവലിക്കൽ പരിശോധന-അപാകതകൾ

(I) രസീതി ജനറേറ്റ് ചെയ്ത തീയതിയും ക്യാൻസൽ ചെയ്യുന്നതിന് അപേക്ഷ സമർപ്പിച്ച തീയതിയും തമ്മിൽ വ്യത്യാസം

തൻ വർഷത്തെ ഐ.എൽ.ജി.എം. എസ് സോഫ്റ്റ് വെയറിലെ രസീത് ക്യാൻസൽ ചെയ്തത് സെക്രട്ടറി അംഗീകരിച്ചിട്ടില്ല. രസീതി ജനറേറ്റ് ചെയ്ത തീയതിയും ക്യാൻസൽ ചെയ്യുന്നതിന് അപേക്ഷ സമർപ്പിച്ച തീയതിയും തമ്മിൽ വ്യത്യാസം. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

രസീതി നം	തീയതി	തുക
1230103781	12/12/23	1400208

ഡേ ബുക്ക് , ക്യാഷ് ബുക്ക് പരിശോധിച്ചതിൽ ഈ രസീതി നിലവിൽ പണമായി സ്വീകരിച്ചിട്ടുണ്ട്. 6.12.2023 തീയതിയിൽ ജനറേറ്റ് ചെയ്ത രസീതി ക്യാൻസൽ ചെയ്യാൻ ക്ലാർക്ക് അപേക്ഷ സമർപ്പിച്ചിരിക്കുന്നത് 12.12.2023 തീയതിയിലാണ്. ആയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട എൻക്വയറിയ്ക്ക് (45/28.09.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

രസീതി ക്യാൻസലേഷൻ കൃത്യ സമയത്ത് നടത്തേണ്ടതാണ്. രസീതുകൾ ക്യാൻസൽ ചെയ്യാൻ കഴിയാത്ത രീതിയിലാണെങ്കിൽ അവ റിജക്റ്റഡ് രൂപത്തിൽ മാറ്റം വരുത്തേണ്ടതാണ്. രസീതുകൾ ദിവസങ്ങൾ കഴിഞ്ഞ് ക്യാൻസൽ ചെയ്യുന്നതിന് അപേക്ഷ സമർപ്പിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(Ii) രസീതികൾ വൈകി ക്യാൻസൽ ചെയ്തിരിക്കുന്നു.

തൻ വർഷത്തെ രസീതികളിൽ നിരവധി എണ്ണം തൊട്ടടുത്ത സാമ്പത്തിക വർഷത്തിലെ തീയതിയിൽ ക്യാൻസൽ ചെയ്തിരിക്കുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	രസീതി നം.	തീയതി	തുക	ക്യാൻസലേഷൻ

				അംഗീകരിച്ച തീയതി
1	1230107404	31.03.24	12500	05/06/2024
2	1230107403	31.03.24	25000	05/06/2024
3	1230107406	31.03.24	25000	05/06/2024
4	1230107405	31.03.24	12500	05/06/2024
5	1230107464	31.03.24	1139	18/06/2024
6	1230107465	31.03.24	1440	20/06/2024
7	1230107466	31.03.24	1142	18/06/2024

ഇതു സംബന്ധിച്ച എൻക്വയറിയ്ക്ക് (45/28.09.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. രസീതി ക്യാൻസലേഷൻ കൃത്യ സമയത്ത് നടത്തേണ്ടതാണ്. അപ്രകാരം നടത്താൻ കഴിയാതെ വന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(Iii) നിഷ്ക്രിയ അക്കൌണ്ടുകൾ- ക്ലോസ് ചെയ്യാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

തൻ വർഷത്തെ റീക്കൺസിലേഷൻ പരിശോധനയിൽ ചുവടെ പറയുന്ന അക്കൌണ്ടുകളിൽ യാതൊരു വിധ ഇടപാടുകളും നടന്നിട്ടില്ലെന്ന് വ്യക്തമായി .അക്കൌണ്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.State Bank Of India (30892726215)-861520.0

2.Treasury Account Joint Venture (799011400001601)-112668.00

3. State Bank Of India (33159342348)- 0

4.State Bank Of India (30044832220)-28245

5.Other Co-Operative Bank (403728)

6.Other Co-Operative Bank (104540)-165624

ഇതു സംബന്ധിച്ച എൻക്വയറിയ്ക്ക് (45/28.09.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അക്കൌണ്ടുകൾ നിലനിർത്തേണ്ടതാണെങ്കിൽ ആയതിന്റെ ആവശ്യകത വ്യക്തമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ക്ലോസ് ചെയ്യേണ്ടതാണ്.

(Iv) ബാങ്ക്ബുക്ക് പ്രകാരം ചെലവ് രേഖപ്പെടുത്തിയിട്ടില്ല.

തനത് ഫണ്ടിന്റെ എസ്.ബി.ഐ (STATE BANK OF INDIA OWN FUND E PAYMENT-67199025645) അക്കൗണ്ടിൽനിന്നും നിന്നും 04.09.2024 ന് 4354524 രൂപ പിൻവലിച്ചതായി കാണുന്നു. എന്നാൽ ബാങ്ക്ബുക്ക് പ്രകാരം ഇത്തരത്തിൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച എൻക്വയറിയ്ക്ക് (45/28.09.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. പാസ് ബുക്കിൽ ചെക്കിന്റെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല. ആയതിനാൽ പ്രസ്തുത മാസത്തിലെ പാസ് ബുക്ക് , ചെലവ് രേഖപ്പെടുത്തിയ ബാങ്ക് ബുക്ക് എന്നിവ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.
(V) രസീതിയാക്കിയിട്ടില്ല.

പാസ് ബുക്ക് പ്രകാരം വരവായി വന്ന തുകകൾ ബാങ്ക് ബുക്കിൽ വരവ് രേഖപ്പെടുത്തിയിട്ടില്ല.
A)450210101 ___ Canara Bank Health Grant Diagnostic Infra (110057222151)

പാസ്ബുക്ക് രേഖകൾ പ്രകാരം		ബാങ്ക് ബുക്ക്
തുക	തീയതി	
6828	30.04.24	0
6416	31.07.24	0

B)450210101 ___ Canara Bank Health Grant Conversion PHC (110057222416)

പാസ്ബുക്ക് രേഖകൾ പ്രകാരം		ബാങ്ക് ബുക്ക്
തുക	തീയതി	
3399	30.04.23	0
2185	31.07.24	0

ഇതു സംബന്ധിച്ച എൻക്വയറിയ്ക്ക് (45/28.09.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.
അക്കൌണ്ട്സ് ചട്ടം 18 (2) പ്രകാരം സ്വീകരിച്ച എല്ലാ പണവും അതേ ദിവസം തന്നെ ബാങ്ക് ബുക്കിൽ / ക്യാഷ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. ഈ ചട്ടം പാലിച്ചിട്ടില്ല. രസീതുകൾ യഥാസമയം വരവിൽ ഉൾപ്പെടുത്തേണ്ടതാണ്.

(Vi) പണം -പിൻവലിക്കൽ ചട്ടം-29 പ്രകാരം നടത്തുന്നില്ല.

കേരള പഞ്ചായത്തിരാജ് 2011 ലെ അക്കൌണ്ടിങ്ങ് ചട്ടങ്ങളിലെ ചട്ടം 29പ്രകാരം പഞ്ചായത്ത് ഫണ്ടിൽ നിന്നും പണം ലഭ്യമാക്കേണ്ടത് താഴെ ചേർക്കുന്നതു പ്രകാരമാണ്.

(1)പഞ്ചായത്തിൽ പണം ലഭ്യമാക്കാനുള്ള ഏതൊരു വ്യക്തിയും ഇൻവോയ്സ് തുടങ്ങിയവ പോലുള്ള രേഖകൾ ക്ലെയിം എഴുതി സമർപ്പിക്കേണ്ടതാണ്.

(2)ചെലവ് ചെയ്യാൻ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ഒരു ബിൽ തയ്യാറാക്കേണ്ടതും പണം ലഭിക്കാനുള്ള വ്യക്തിയുടെ ക്ലെയിമും ബന്ധപ്പെട്ട രേഖകളും അതോടൊപ്പം കൂട്ടി ചേർക്കേണ്ടതാണ്.

(4) തുക പാസ്സാക്കുമ്പോൾ അധികാരമുള്ള ഉദ്യോഗസ്ഥൻ ക്ലെയിം പരിശോധിച്ച് തുക പാസ്സാക്കിയതായി രേഖപ്പെടുത്തി ഒപ്പും സീലും വെയ്ക്കേണ്ടതാണ്. ആയതിനുശേഷമാണ് ചെക്ക് പ്രകാരം തുക ബാങ്കിൽ നിന്നും പിൻവലിക്കേണ്ടത്.എന്നാൽ അപ്രകാരം തുക പിൻവലിച്ചതായി കാണുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

അക്കൌണ്ട് നം	ചെക്ക് നം	തുക	വൗച്ചർ നം	പാസ്ബുക്ക് പ്രകാരം പണം പിൻവലിച്ച തീയതി	ബാങ്ക് ബുക്ക് പ്രകാരം സെക്രട്ടറി വൌച്ചർ രേഖകൾ അംഗീകരിച്ച തീയതി
ട്രഷറി 951	5065745	347354	22301683	20.04.23	31.03.024
	5065760	84985	22301200 22301201	06.05.23	18.01.2024
തനത് ഫണ്ട് 100173	68367	22290	22301339	07-09-23	19.02.2024
SBI-645	73358	138,450	22301689 22301691 22301690	04-04-23	31.03.2024
	73351	3,838	22301692	11-04-23	31.03.2024
	734212	10,432	22301202	25-06-23	08.01.2024
	734282	13,000	22301678	27-10-23	31.03.2024

ഇതു സംബന്ധിച്ച എൻക്വയറിയ്ക്ക് (45/28.09.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

പണം പിൻവലിച്ച് വളരെ നാളുകൾ കഴിഞ്ഞാണ് വൌച്ചറുകൾ സെക്രട്ടറി അംഗീകരിക്കുന്നത് ഇപ്രകാരമുള്ള നടപടി അംഗീകരിക്കാൻ കഴിയുന്നതല്ല. പണം പിൻവലിക്കലുകൾക്ക് ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(Vii) സെൽഫ് ചെക്ക് മുഖേന പണം പിൻവലിച്ചിരിക്കുന്നു.

താഴെചേർക്കുന്ന അക്കൗണ്ടിൽ നിന്നും പാസ് ബുക്ക് പ്രകാരം സെൽഫ് ചെക്ക് മുഖേന പിൻവലിച്ച തുകകൾ ബാങ്ക് ബുക്ക് പ്രകാരം കോൺട്ര എൻട്രി വഴി ഡെബിറ്റ് സൈഡിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

A/C No- Co-103100010100173

തീയതി	തുക	ചെക്ക് നം .വിവരണം
18.03.24	4378	1-18/03/24
19.03.24	1769	1-19/03/24
30.03.24	12955	1-30/03/24
22.04.24	3133	58983

ഐ.എൽ.ജി.എം.എസ് സോഫ്റ്റ്‌വെയറിൽ നിരന്തരമായിട്ടാണ് കോൺട്ര എൻട്രി ഉപയോഗിച്ചുകാണുന്നത്. ഈ വിഷയം സംബന്ധിച്ച എൻക്വയറിയ്ക്ക് (45/28.09.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ബാങ്കിൽ നിന്നും കാഷിലേയ്ക്കും (Bank A/C To Cash A/C) കാഷിൽ നിന്ന് ബാങ്കിലേയ്ക്കും (Cash A/C To Bank) ഉള്ള ഇടപാടുകൾക്കാണ് കോൺട്ര എൻട്രി നടത്തേണ്ടത്. സെൽഫ് ചെക്ക് മുഖേന പിൻവലിക്കുന്ന തുക കോൺട്ര എൻട്രി വഴി ബാങ്കിൽ നിന്നും കാഷിലേയ്ക്കു് (Cash A/C Debited To Bank A/C) സ്ഥാപനത്തിന്റെ കൈവശം വന്നു ചേരുന്നു. ജി.ഒ.പി 177/2006 12.4.2006 തീയതിയിലെ ഉത്തരവ് ഖണ്ഡിക 8 പ്രകാരം വ്യക്തി /സ്ഥാപനം /കോൺട്രാക്ടർ / സപ്ലെയർ എന്നിവർക്ക് ലഭ്യമാക്കുന്ന 1000രൂപയിൽ താഴെയുള്ള തുക മാത്രമേ പണമായി ലഭ്യമാക്കാവൂ എന്ന് വ്യക്തമാക്കുന്നുണ്ട്.

സെൽഫ് ചെക്ക് മുഖേനയുള്ള പിൻവലിക്കൽ രീതി അത്യാവശ്യത്തിനുമാത്രം ഉപയോഗിക്കേണ്ടതാണ്. ഓൺലൈൻ സംവിധാനത്തിലൂടെയുള്ള പേമെന്റ് നടപടികളും അവലംബിക്കാവുന്നതാണ്.

(Viii) Cheque Deposited But Not Cleared വിഭാഗത്തിൽ നിരവധി ചെക്കുകൾ മാറിയെടുത്തിട്ടില്ല.

2024/മാർച്ച് മാസത്തെ പൊരുത്തപ്പെടുത്തൽ പത്രിക പ്രകാരം നിരവധി രസീതുകളിലെ തുകകൾ പാസ്ബുക്കിൽ നാളിതുവരെയായിട്ടും വരവ് വന്നിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

രസീതി നം	തീയതി	തുക
121200900297	31-03-22	26,587
1230001539	20-11-23	14,345
120020500084	16-03-21	1178
120020500077	16-03-21	1,063
120020500082	„	„
120020500075	„	1,332
120020500079	„	1,178
120020500081	„	1,332
120200900063	„	2,664
120020500083	„	1,178
120020500080	„	1,063
12020500070	10-03-21	28124
117020500049	27-02-18	57500
120020500078	16-03-21	1063
1230102545	05-09-23	25,000

ഇതു സംബന്ധിച്ച എൻക്വയറിയ്ക്ക് (45/28.09.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. വരവുകൾ സമയബന്ധിതമായി ലഭ്യമാകുന്നു എന്ന് ഉറപ്പാക്കേണ്ടതാണ്.

(Ix) ബാങ്ക് അക്കൌണ്ടുകളുടെ 2024ഏപ്രിൽ മുതൽ നാളിതുവരെയുള്ള പ്രതിമാസ റീക്കൺസിലിയേഷൻ നടത്തിയിട്ടില്ല.

കേരള സർക്കാർ തദ്ദേശ സ്വയം ഭരണ (ആർ.ഡി) വകുപ്പിന്റെ 28/3/2011 തീയതിയിലെ ജി.ഓ.(എം.എസ്)83/11/എൽ.എസ്.ജി.ഡി നമ്പർ വിജ്ഞാപനത്തിലെ അക്കൌണ്ടിങ്ങ് ചട്ടം 57പ്രകാരം ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസത്തിന്റെയും അവസാനം ലഭിക്കുന്ന ബാങ്ക്/ട്രഷറി അക്കൌണ്ട് ബാലൻസ് സ്റ്റേറ്റ്മെന്റുകളുമായി നീക്കിയിരുപ്പുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. പൊരുത്തപ്പെടുത്തൽ പ്രക്രിയ പൂർത്തിയായി കഴിഞ്ഞാൽ അടുത്ത അഞ്ചാം തീയതിക്കകം അക്കൌണ്ടന്റ് പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കേണ്ടതാണ്. ടി പത്രിക സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഉപയോഗിക്കുന്ന ബാങ്ക് അക്കൌണ്ടുകളുടെ 2024ഏപ്രിൽ മുതൽ നാളിതുവരെയുള്ള പ്രതിമാസ റീക്കൺസിലിയേഷൻ പൂർത്തീകരിച്ചിട്ടില്ല.
ഇതു സംബന്ധിച്ച എൻക്വയറിയ്ക്ക് (45/28.09.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.
പൊരുത്തപ്പെടുത്തൽ പത്രിക യഥാസമയം തയ്യാറാക്കേണ്ടതും ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

<u>1-12 സ്പെഷ്യൽ ടേം ഡെപ്പോസിറ്റിന്റെ കറന്റ് സ്റ്റാറ്റസ് അന്വേഷണ വിധേയമാക്കേണ്ടതാണ്</u>

കേരള സംസ്ഥാന ലോട്ടറി വകുപ്പ് 26.1.2007 ൽ നടത്തിയ കേരള സ്പോർട്ട്സ് സൂപ്പർ ബംബർ ലോട്ടറിയുടെ (കെ 1285) ഒന്നാം സമ്മാനമായ 2 കോടി രൂപ ഗ്രാമ പഞ്ചായത്ത് എടുത്ത എക്സ് ഒ 154065 ാം നമ്പർ ടിക്കറ്റിന് ലഭിച്ചിരുന്നു. നികുതികൾ അടവാക്കിയതിനു ശേഷം ലഭിച്ച സമ്മാന തുക സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഓങ്ങല്ലൂർ ശാഖയിൽ സ്പെഷ്യൽ ടേം ഡെപ്പോസിറ്റായി പ്രസിഡണ്ടിന്റെയും സെക്രട്ടറിയുടെയും പേരിൽ 9.25 വാർഷിക പലിശ നിരക്കിൽ 120 മാസത്തേക്ക് സ്ഥിരനിക്ഷേപം (അക്കൌണ്ട് നം. 32203027991) നടത്തിയിരുന്നു. ഈ തുക പിൻവലിക്കുന്നതിനെതിരെ ശ്രീ.ടി.എം .അബ്ബാസ് ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത IA.894/2017 IiN RFA 197/2017 ഹർജിയുടെ വിധിന്യായത്തെ തുടർന്ന് നിക്ഷേപ തുകയുടെ 30 ൽ ഒരു ഭാഗം (രൂ.611352.60) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഓങ്ങല്ലൂർ ശാഖയിൽ സ്പെഷ്യൽ ടേം ഡെപ്പോസിറ്റായി നിലനിർത്തിയിരുന്നു. പ്രസ്തുത നിക്ഷേപ തുകയുടെ ഒറിജിനൽ രസീത് പരിശോധനക്ക് ഹാജരാക്കുവാനായി 2019-20, 2021-22സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് വേളയിൽ ഓഡിറ്റ് അന്വേഷണങ്ങൾ നൽകിയിരുന്നു. ആയത് ലഭ്യമാക്കുന്നതിനായി ബാങ്കിന് കത്ത് നൽകിയിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് പരിശോധനയ്ക്കായി സമർപ്പിക്കുന്നതാണെന്നുമുള്ള മറുപടിയുമാണ് 2021-22വർഷത്തിൽ നൽകിയിട്ടുള്ളത്. ഒറിജിനൽ രസീത് ലഭ്യമായിട്ടുണ്ടെങ്കിൽ പരിശോധനക്ക് ഹാജരാക്കുവാൻ നിലവിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (41/27.09.24) യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ല.

നിലവിൽ ബാക്കി തുക ഷൊർണൂർ സർവീസ് കോ- ഓപ്പറേറ്റീവ് ബാങ്ക്, ഓങ്ങല്ലൂർ ശാഖയിൽ പ്രസിഡന്റ്/സെക്രട്ടറിയുടെ സംയുക്ത കറന്റ് അക്കൗണ്ടിൽ (SB-Lottery A/C 9207) നിലനിൽക്കുന്നു. ആയതിൽനിന്നും നാളിതുവരെ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിനായി പിൻവലിച്ച തുകകൾ കഴിച്ച് 2023-24വർഷം പലിശയടക്കം 14416930 .00 രൂപ പ്രസ്തുത അക്കൗണ്ടിൽ 31.03.2024 ന് നീക്കിയിരുപ്പുണ്ട്.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഓങ്ങല്ലൂർ ശാഖയിൽ നിലനിർത്തിയ സ്പെഷ്യൽ ടേം ഡെപ്പോസിറ്റായ 611352.60 രൂപയുടെ ഒറിജിനൽ രസീത്, പലിശയടക്കമുള്ള തുകയുടെ കറന്റ് സ്റ്റാറ്റസ് എന്നിവ അന്വേഷണവിധേയമാക്കി ഓഡിറ്റിന് റിപ്പോർട്ട് സമർപ്പിക്കേണ്ടതും, പ്രസ്തുത നിക്ഷേപത്തിന്മേൽ അന്തിമ തീർപ്പ് വരുന്നതുവരെ തുക വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് സ്ഥിര നിക്ഷേപ ഷെഡ്യൂളിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

തുടർനടപടികൾ അടിയന്തിരമായി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-13 തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിലെ അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1), 204(2) എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പരിധിയിൽ താമസിച്ചുകൊണ്ട് ഒരു വ്യക്തി ഓരോ അർദ്ധ വർഷവും തുടർച്ചയായോ, പലപ്പോഴായോ 60 ദിവസത്തിൽ കുറയാതെ താമസിച്ചുകൊണ്ട് തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, ബിസിനസ് നടത്തുകയോ പൊതുവോ, സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. പഞ്ചായത്ത് പരിധിയിലെ വിവിധ തൊഴിൽ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്നവരിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതിയുടെ കൃത്യതയും രേഖകളുടെ സൂക്ഷിപ്പും പരിശോധിക്കുന്നിനായി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.(ഓഡിറ്റ് എൻക്വയറി നം. 7/23-9-'24)

(I) തൊഴിൽ നികുതി രജിസ്റ്റർ അപൂർണ്ണം .

തൊഴിൽ നികുതി രജിസ്റ്ററിൽ ജീവനക്കാരുടെ അർദ്ധ വാർഷിക വരുമാനം , വാർഷിക സംക്ഷിപ്തം എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല.

(Ii) ഡിമാന്റ് നോട്ടീസ് നൽകുന്നില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 10ൽ ഉപചട്ടം (1),(2) പ്രകാരം തൊഴിൽ നികുതി അടക്കുന്നതിന് ബാദ്ധ്യസ്ഥമോ ബാദ്ധ്യസ്ഥനോ ആണെന്ന് സെക്രട്ടറിക്ക് അഭിപ്രായമുള്ള പക്ഷം അങ്ങനെയുള്ള കമ്പനി/ആളോട് VI ാം നമ്പർ ഫോറത്തിലുള്ള നോട്ടീസ് പ്രകാരം റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ആയത് പൂർണ്ണവും ശരിയുമാണെന്ന് ബോദ്ധ്യം വരുന്ന പക്ഷം അങ്ങനെയുള്ള റിട്ടേണിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ചുമത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് നോട്ടീസ് നൽകിട്ടില്ല. പരിശോധനയ്ക്കായി ഏതാനും സ്ഥാപനങ്ങളുടെ തൊഴിൽ നികുതി റിട്ടേണുകൾ മാത്രമാണ് സമർപ്പിച്ചിട്ടുള്ളത്. ഏതെങ്കിലും സ്ഥാപനങ്ങളോ ജീവനക്കാരോ ഡിമാന്റിൽ നിന്നും വിട്ടുപോയിട്ടുണ്ടോ എന്ന് ഉറപ്പാക്കുന്നതിനായി സാധിച്ചിട്ടില്ല.

(Iii) വാർഡ് തിരിച്ചുള്ള ട്രേഡേഴസ് ലിസ്റ്റ് സൂക്ഷിച്ചിട്ടുള്ളതായി കാണുന്നില്ല.

ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ പ്രർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി കൃത്യമായി ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാർഡ് തിരിച്ചുള്ള ട്രേഡേഴസ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.

(Iv) തൊഴിൽ നികുതി ഈടാക്കിയതായ രേഖകൾ ലഭ്യമല്ല.

കരാറുകാർ റേഷൻ കടകൾ, MSME കൾ, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഡ്രൈവിങ് സ്ക്കുളുകൾ, ജിംനേഷ്യം എന്നീ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന ജീവനാക്കരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് ഡിമാൻഡ് ചെയ്യതും ഈടാക്കിയതുമായ രേഖകൾ ലഭ്യമായില്ല.

(V) സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

ക്രമ നം	സ്ഥാപനം	അർദ്ധവാർഷികം
1	ഒറ്റപ്പാലം പട്ടാമ്പി താലൂക്ക് പ്രൈവറ്റ് ഇൻസ്റ്റിറ്റ്യൂഷൻസ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ പി .1068	1&2

2	സ്റ്റാർ റീട്രോളിങ് മിൽ	1&2
3	ഗ്രാന്റ് ഹുണ്ടായ്	1&2
4	സിൽവാൻ ടൈൽസ് ഗാലറി	1&2
5	സൌത്ത് മലബാർ ഗാലറി	1&2
6	എസ്.ബി.ഐ ഓങ്ങല്ലൂർ	1
7	റെയിൽ വേ സ്റ്റേഷൻ കാരയ്ക്കാട്	1&2
8	മൌണ്ട് ഹൈറ ഇംഗ്ലീഷ് സ്ക്കുൾ	2

(Vi) ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല

ക്രമ നം	സ്ഥാപനം	അർദ്ധവാർഷികം
1	ഗവൺമെന്റ് ആയുർ വേദ ഡിസ്പെൻസറി	1
2	ആൽഫ സ്റ്റീൽസ്	1
3	കാപ്സോ ഹെപ്പർമാർക്കറ്റ്	1
4	ഗ്രാന്റ് ഹുണ്ടായ്	1
5	കള്ളുഷാപ്പ് T.S 7വടനാംകുറിശ്ശി	2
6	കള്ളുഷാപ്പ് T.S 32 ചെങ്കണ്ണാംകുന്ന്	2
7	എടപ്പാലിയിൽ ഫ്ലോളിറിങ്സ്	1
8	.എച്ച് ബി ഡി ഫിനാൻഷൽ സർവ്വീസ് ലിമിറ്റഡ്	1
9	ഡവിസൺസ് അസ്സോസിയേറ്റ്സ്	1

(Vii) സഞ്ചയ പ്രകാരം ഉപയോഗക്രമം സ്ക്കൂളുകൾ എന്ന് രേഖപ്പെടുത്തിട്ടും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് അടവാക്കിയിട്ടില്ല.

സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം വിദ്യാഭ്യാസ ആവശ്യം- ഉപയോഗക്രമം - സ്ക്കൂളുകൾ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട് . എന്നാൽ പ്രസ്തുത കെട്ടിടത്തിൽ ഏത് വിദ്യാഭ്യാസ സ്ഥാപനമാണ് പ്രവർത്തിക്കുന്നതെന്ന വിവരം ലഭ്യമല്ല. കൂടാതെ ടി വിദ്യാഭ്യാസ സ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കെട്ടിട നം.	ഉടമ	ഉപയോഗക്രമം	വിസ്തീർണ്ണം
14/80	അൽ ഹുദ ഇംഗ്ലീഷ് മീഡിയം സ്കൂൾ, പോക്കുപ്പടി, കള്ളാടിപ്പറ്റ, 679313, 9847462577	സ്ക്കുളുകൾ	താഴത്തെ നില-477.12 ച. മീ
14/80/A	Al Huda Engish Medium School	,,	താഴത്തെ നില-177.19 ച. മീ

14/80/A1	Al Huda English Medium School	,,	താഴത്തെ നില-100 ച. മീ

ഗൂഗിൾ മാപ്പ് പരിശോധിച്ചതിൽ -Albirr Islamic Schools Pattambi, R623+234, Pattambi, Kerala 679303, പട്ടാമ്പി സെന്റ് പോൾ സ്കൂൾ- Q6W2+3RV, Kizhayoor Kondoorkara, Kerala 679313 , എന്നിവയും പ്രീ സ്കൂൾ വിഭാഗത്തിൽ HEAVENS PRESCHOOL PATTAMBI, Q6X3+3MG, Ongallur -II, Kerala 679313,Butterfly Nursery School Ongallur, R62C+X6X, Ongallur -II, Ongallur, Kerala 679313 എന്നിവ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു . എന്നാൽ ഈ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതായ വിവരം രജിസ്റ്റർ, റിട്ടേൺസ് പരിശോധനയിൽ ലഭ്യമായില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(Viii) തൊഴിലാളികളുടെ എണ്ണത്തിന് അനുസരിച്ച് തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. (ഓഡിറ്റ് എൻക്വയറി നം. 16/24-9-'24)

തൻ വർഷം സ്വീകരിച്ച ലൈസൻസ് അപേക്ഷകളിൽ തൊഴിലാളികളുടെ എണ്ണം നൽകിയിട്ടുണ്ടെങ്കിലും അവരുടെ എണ്ണത്തിന് അനുസരിച്ച് തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

	ലൈസൻസ് അപേക്ഷ പ്രകാരം		
രജിസ്റ്റർ പ്രകാരം ക്രമ നം.	സ്ഥാപനം	കെട്ടിട നം	തൊഴിലാളികളുടെഎണ്ണം
775/24	അഗ്രോ ഹിന്ദുസ്ഥാൻ അഗ്രോ ഇൻഡസ്ട്രീസ്	8/123/12/A	9
5516	ജെ.ജെ ഇൻസ്ട്രുമെന്റ് (സർജിക്കൽ ഇൻസ്ട്രുമെന്റ് പ്രൊഡക്ഷൻ)	7/15A	6
4617	ഡാലിമ എന്റർപ്രൈസസ്	8/259/D	5
13079/23	ബ്ലു ഡയമണ്ട് ഗാർമെന്റ് ജംഷീദ് പറക്കുത്ത് കയ്യിലാട്	8/258.C	5
13053/23	ന്യൂ ഗൈഡ് ലൈൻസ് കോളേജ്	19/428	7

ആയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട ഓഡിറ്റ്എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം തൊഴിൽ നികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.ലൈസൻസ് അപേക്ഷ സ്വീകരിക്കുന്ന വേളയിൽ ജീവനക്കാരുടെ എണ്ണം പരിശോധിച്ച് തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

1-14 വസ്തുനികുതി-അപാകതകൾ

വസ്തുനികുതി പരിശോധനയിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.
(I) ഗ്രാമ പഞ്ചായത്തിലെ എല്ലാ കെട്ടിടങ്ങളുടെയും 2023 ലെ വസ്തുനികുതി പരിഷ്ക്കരണം നടപടികൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, വകുപ്പ് 203, പ്രകാരം 5 ശതമാനം വർദ്ധനവ് വരുത്തിക്കൊണ്ട് വസ്തുനികുതി പരിഷ്കരണം (സ.ഉ.(കൈ)നം.77/2023/LSGD തീയതി: 22.03.2023) നടപ്പിലാക്കിയത്. 01.04.2023 തീയതി പ്രാബല്യത്തിൽ ഗ്രാമപഞ്ചായത്തുകളിലെ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനും 2023-24 മുതലുള്ള വസ്തുനികുതിനിർണ്ണയ നടപടികളും വസ്തുനികുതി നിർണ്ണയത്തിനു ശേഷം തറവിസ്തീർണത്തിലും ഉപയോഗക്രമത്തിലും മറ്റും മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയ നടപടികൾ ഡാറ്റ എൻട്രി ഓപ്പറേറ്റർമാരുടെ സഹായത്തോടെ നടപ്പിലാക്കുവാൻ ആവശ്യപ്പെട്ടിരുന്നു. ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ വസ്തുനികുതി പരിഷ്ക്കരണം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല എന്ന വിവരം അറിയിച്ചു.

തറവിസ്തീർണത്തിലും ഉപയോഗക്രമത്തിലും മറ്റും മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയ നടപടികൾ ഡാറ്റ എൻട്രി ഓപ്പറേറ്റർമാരുടെ സഹായത്തോടെ പൂർത്തീകരിച്ച് അറിയിക്കേണ്ടതാണ്.

(Ii)വസ്തു നികുതി കുടിശ്ശിക – ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്

ക്രമ നം	ഉടമയുടെ പേര്	കെട്ടിട നം	വസ്തുനികുതി കുടിശ്ശിക	കുടിശ്ശിക തുടങ്ങിയ വർഷം	ഉപയോഗക്രമം
1	BSNL General Manager	10/49/MT	212450	2016 മുതൽ നാളിതുവരെ	മൊബൈൽ ഫോൺ ടവർ

ഓഡിറ്റ്എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ നികുതി കുടിശ്ശിക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതായി അറിയിച്ചിട്ടുണ്ട്.

(Iii)അൺ എയ്ഡഡ് സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കേണ്ടതാണ്

അൺ എയ്ഡഡ് സ്ഥാപനങ്ങളുടെ ഹയർസെക്കൻഡറി തലം വരെയുള്ള വിദ്യാഭ്യാസ ആവശ്യത്തിനും അനുബന്ധ ആവശ്യത്തിനും ഉപയോഗിക്കുന്ന കെട്ടിടങ്ങളെയും വിദ്യാഭ്യാസ സ്ഥാപനത്തിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടത്തെയും വസ്തു നികുതി ചുമത്തുന്നത് ഒഴിവാക്കി കൊണ്ടുള്ള കേരള പഞ്ചായത്ത് രാജ് ആക്ടിലെ ബന്ധപ്പെട്ട സെക്ഷൻ (സെക്ഷൻ 207 ബിഎ) 2023ലെ 18ആം ആക്ടിലൂടെ 1.4.2023 തീയതി പ്രാബല്യത്തിൽ ഒഴിവാക്കിയിട്ടുണ്ട്. നിലവിൽ അൺ എയ്ഡഡ് സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾക്ക് ബാധകമായ വസ്തുനികുതി ചുമത്തി ഡിമാന്റ് ചെയ്യാവുന്നതാണ്. താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളുടെ വസ്തു നികുതി 2023-24 സാമ്പത്തിക വർഷത്തിലും തുടർന്നും നികുതി ചുമത്തി ഡിമാന്റ് ചെയ്തു കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

ക്രമ നം	സ്ഥാപനം	വസ്തു നികുതി ഈടാക്കേണ്ടുന്ന വർഷം	കെട്ടിട നം
1	സി.ജി.എം സ്ക്കൂൾ	2023-24	19/502

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന അൺഎയ്ഡഡ് സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി അസ്സസ് ചെയ്ത് ഡിമാന്റ് ചെയ്ത് ഈടാക്കുവാൻ വിട്ടുപോയതിന് വ്യക്തമായ വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കേണ്ടതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി അസ്സസ് ചെയ്ത് ഡിമാന്റ് ചെയ്ത് ഈടാക്കുവാൻ വിട്ടുപോയതിന് വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കേണ്ടതും നികുതി ഈടാക്കി രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

(Iv)ടർഫുകൾ, സ്വിമ്മിങ് പൂളുകൾ,ജിംനേഷ്യങ്ങൾ എന്നിവയ്ക്ക് വസ്തുനികുതി ഈടാക്കിയിട്ടില്ല.

സ.ഉ(അച്ചടി)നം.25/2023/തസ്വഭവ,05.04.23, എസ് ആർ ഒ നമ്പർ 479/2023 എന്നീ വിജ്ഞാപന പ്രകാരം സ്വിമ്മിങ് പൂളുകൾ,ജിംനേഷ്യങ്ങൾ,ടർഫുകൾ എന്നിവയ്ക്ക് ഈടാക്കാവുന്ന കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്ക് താഴെ കൊടുക്കുന്നു.

കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരം	ഏറ്റവും കുറഞ്ഞ നിരക്ക് (രൂപ)	ഏറ്റവും കൂടിയ നിരക്ക് (രൂപ)
സ്വിമ്മിങ് പൂളുകൾ,ജിംനേഷ്യങ്ങൾ,ടർഫുകൾ	25	45

മേൽ വിജ്ഞാപനത്തിന്റെ ഭാഗമായി ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് 24.06.2023 തീയതിയിൽ 3/1 തീരുമാന പ്രകാരം പുറപ്പെടുവിച്ച അന്തിമ വിജ്ഞാപനത്തിൽ ടർഫുകളുടെയും ജിംനേഷ്യങ്ങളുടെയും നികുതി നിരക്ക് 45രൂപയായി നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത വിഭാഗത്തിൽപ്പെടുന്ന കെട്ടിടങ്ങൾ സഞ്ചയയിൽ ലഭ്യമല്ല. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ ടർഫുകളും , സ്വിമ്മിങ് പൂളും , കൂടാതെ ജിംനേഷ്യങ്ങളും പ്രവർത്തിക്കുന്നതായി ഗൂഗിൾ പരിശോധനയിലൂടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.Football Turf -Ongallur - Karakkad Rd, Ongallur, Kerala 679313

Phone: 089438 06666

2. Indoor Swimming Pool -Ongallur - Karakkad Rd, Ongallur, Kerala 679313

3.Fit Style Gym-- Ongallur - Karakkad Rd

4.Wonder Woman Ladies Fitness-Mele, Palakkad - Ponnani Rd, Above Jockey Show Room, Pattambi, Kerala 679306

പ്രസ്തുത കെട്ടിടങ്ങളെല്ലാം പഞ്ചായത്ത് പരിധിയിൽ വരുന്നതാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കിയ രേഖകൾ സഞ്ചയയിൽ ലഭ്യമല്ല. ആയതിന്

വിശദീകരണം ലഭ്യമാക്കുന്നത് സംബന്ധിച്ച ഓഡിറ്റ്എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് , പെർമിറ്റ് എന്നിവ ലഭിച്ചിട്ടില്ലാത്തതിനാൽ അനധികൃത നിർമ്മാണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ച് ഡിമാൻഡിൽ ഉൾപ്പെടുത്തി ഈടാക്കേണ്ടതാണ്. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 29/25.09.2024)

1-15 ലൈസൻസ് അപാകതകൾ

തൻ വർഷത്തെ ലൈസൻസ് അപേക്ഷകൾ , രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.(ഓഡിറ്റ്എൻക്വയറി 16/24.03.2024)

(I) ലൈസൻസ് അനുവദിച്ച പുതിയ അപേക്ഷകളിൽ മതിയായ സർട്ടിഫിക്കറ്റുകൾ ഇല്ലാതെ ലൈസൻസ് അനുവദിച്ചിരിക്കുന്നു .

സ.ഉ(സാധാ)നം.191/2021 ത.സ്വ.ഭ.വ തീയതി 31.8.2021 ലെ ഉത്തരവ് പ്രകാരം ഈസ് ഓഫ് ഡൂയിങ്ങ് നടപടികളിലൂടെ ലൈസൻസ് നേടുന്നതിനുള്ള നടപടിക്രമങ്ങൾ സുഗമമാക്കിയിട്ടുണ്ട്. ഉത്തരവ് പ്രകാരം ആവശ്യമായ രേഖകൾ സഹിതം അപേക്ഷകൾ സമർപ്പിക്കേണ്ടതാണ് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സമർപ്പിച്ച പുതിയ അപേക്ഷകളിൽ മതിയായ സർട്ടിഫിക്കറ്റുകൾ ഇല്ലാതെ തന്നെ ലൈസൻസ് അനുവദിച്ചിരിക്കുന്നു . ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	കെട്ടിട നം.	ലൈസൻസ് നം	മേൽവിലാസം	സ്ഥാപനത്തിന്റെ പേര്	ലഭ്യമായിട്ടില്ലാത്ത സർട്ടിഫിക്കറ്റുകൾ
1	14/25-A,22	430/12.01.24	ശ്രീലത പി.W/0 അശോക് കുമാർ കാവീട്ടിൽ വാടനാംകുറിശ്ശി	വരദ സ്പെഷ്യാലിറ്റി ലബോറട്ടറി	മതിയായ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, പൊല്യൂഷൻ സർട്ടിഫിക്കറ്റ് (ഹാജരാക്കിയിരിക്കുന്നത് 01.07.2017 ലെ PCB/PLKD/BMWA/ 63/2017നം.സർട്ടിഫിക്കറ്റ്)
2	20/336,337,339	4523	യൂസഫ് കുടല്ലൂർ കൊണ്ടൂർക്കര സൈതലവി കെ.ടി	ഡ്രീംസ് ബേക്കറി- സ്റ്റേഷനറി & ബേക്കറി കട നടത്തുന്നതിന്	പൊല്യൂഷൻ സർട്ടിഫിക്കറ്റ്
3	22/93	8858/23	കുഞ്ഞുമൊയ്തു പി.സ് പറമ്പിൽ വീട് , കൊണ്ടൂർ ക്കര	മെഡിട്രസ്റ്റ് ലാബ്	പൊല്യൂഷൻ സർട്ടിഫിക്കറ്റ്, മതിയായ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ്
4	10/242/A	11585	സുനീഷ .സി.എസ് കരുമാനാം കുറിശ്ശി	മെഡിക്കൽഷോപ്പ് ജനകീയം മെഡിക്കൽസ്	വാടക കരാർ, പൊല്യൂഷൻ സർട്ടിഫിക്കറ്റ്, മതിയായ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ്
5	18/601/A	13271/23	യൂസഫ് സിദ്ദീഖ് ചാക്കുപുരയ്ക്കൽ കൊണ്ടൂർക്കര	വേൾഡ് ഓഫ് ട്രേഡിങ്(പഴയ ഇരുമ്പു വ്യാപരം)	വാടക കരാർ, പൊല്യൂഷൻ സർട്ടിഫിക്കറ്റ്,
6	8/103	8496/24	അനിൽകുമാർ .കെ.എം വാടാനാംകുറിശ്ശി	സ്റ്റേഷനറി കട നടത്തുന്നതിന്	വാടക കരാർ, പൊല്യൂഷൻ സർട്ടിഫിക്കറ്റ്

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ മേൽ സ്ഥാപനങ്ങൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറയ്ക്ക് വിവരങ്ങൾ പരിശോധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

പുതിയ ലൈസൻസിന് അപേക്ഷ സമർപ്പിക്കുന്ന വേളയിൽ ചട്ടപ്രകാരമുള്ള വിവരങ്ങൾ പരിശോധിക്കേണ്ടതാണ്. അനുമതി അനുവദിക്കുന്ന പുതിയ ലൈസൻസുകളിൽ അപേക്ഷകൻ ലഭ്യമാക്കിയ വിവരങ്ങൾ കൃത്യമാണോ എന്ന് പരിശോധിക്കേണ്ടതാണ്.

(Ii) ആക്രി ശേഖരണ-സംഭരണ-ഷ്രെഡിംഗ് വ്യാപാര സ്ഥാപനങ്ങൾ നിലവിലെ സ്ഥിതി തുടരുന്നു.

ഗ്രാമ പഞ്ചായത്തിൽ നിരവധി ആക്രി ശേഖരണ-സംഭരണ-ഷ്രെഡിംഗ് വ്യാപാര സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട് . ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	സ്ഥാപനം ഉടമ	കെട്ടിട നം	ലൈസൻസ് നം അപേക്ഷ നം.	അടവാക്കിയ ലൈസൻസ് ഫീ
1	അഷറഫ് .വി.എ വരമംഗലത്ത്	9/322 E	5598/10.4.23	2000
2	അലിക്കുട്ടി വരമംഗലത്ത്	13/237	2226/8.2.23	500
3	കുഞ്ഞഹമ്മദ് .വി വരമംഗലത്ത്	14/316A, 316 B	2431/13.2.23	500
4	അബ്ദുൾ നാസർ തിയ്യാട്ടിൽ	16/19	2773/17.2.2023	2500
5	കബീർ പി	18/629	9029/24.06.23	500
6	ഫൈസൽ.വി വരമംഗലത്ത്	22/270	9474/7.7.23	500
7	ഷൈഫുദ്ദീൻ തോട്ടത്തിൽ	9/322A	5594/10.4.23	500

ഈ വിഷയം സംബന്ധിച്ച ഓഡിറ്റ്എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

A.ഗ്രാമപഞ്ചായത്തിൽ റീ സൈക്കിൾഡ് ഹസാർഡ്സ് വേസ്റ്റ് ഡിസ്പോസൽ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

B.ഗ്രാമപഞ്ചായത്ത് പ്രദേശത്ത് വളരെയധികം ആക്രി ശേഖരണ-സംഭരണ-ഷ്രെഡിംഗ് വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതു മൂലം ഉണ്ടാകുന്ന പാരിസ്ഥിതിക ആഘാതം നിർണ്ണയിക്കുന്നതിന് ഏതെങ്കിലും ഏജൻസി ഉപയോഗിച്ച് പഠനം നടത്തിയിട്ടില്ല.

C.ആക്രി വ്യവസായ സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ (ശേഖരണം, തരംതിരിക്കൽ, പൊളിക്കൽ മുതലായവ) തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ (പരിശീലനം ലഭിച്ചവരുടെ എണ്ണം , സുരക്ഷാ കവചങ്ങൾ ഒരുക്കിയതിന്റെ വിശദാംശംങ്ങൾ) , ഉപയോഗിക്കുന്ന മെഷിനുകളുടെ വിവരം- ഇലക്ട്രോണിക് മാലിന്യങ്ങൾ പോലുള്ളവ പൊളിക്കാൻ ആവശ്യമായ മെഷീനുകൾ ഉൾപ്പെടെയുള്ള വിവരങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടില്ല.

D.ലഭ്യമാക്കിയ പ്രസ്തുത അപേക്ഷകളിൽ സർക്കുലർ നം. ഡബ്ല്യൂ എം1/40/2022/തസ്വഭവ, തീയതി 02.02.2022 ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആക്രി ശേഖരണ-സംഭരണ-ഷ്രെഡിംഗ് സ്ഥാപനങ്ങളിലെ തീപ്പിടുത്തം, വൈദ്യുതി അപകടങ്ങൾ മുതലായവ ഒഴിവാക്കുന്നതിന് മുൻകരുതലുകൾ സ്വീകരിച്ചതായ വിവരം രേഖപ്പെടുത്തിയിട്ടില്ല.

E.ലൈസൻസ് ഇല്ലാതെ അനധികൃതമായി പ്രവർത്തിക്കുന്ന ആക്രി ശേഖരണ-സംഭരണ-ഷ്രെഡിംഗ് സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നുണ്ട്.

F.ആക്രി ശേഖരണ-സംഭരണ-ഷ്രെഡിംഗ് സ്ഥാപനങ്ങളുടെ ലൈസൻസ് അപേക്ഷയിൽ ജി.എസ്.ടി രജിസ്ട്രേഷൻ നം. രേഖപ്പെടുത്തിയിട്ടില്ല.

ടി വിഷയങ്ങളെല്ലാം ഓഡിറ്റ് റിപ്പോർട്ട് 21-22 ലെ ഖണ്ഡിക 1-23 ൽ വ്യക്തമാക്കിയതാണ്. ആയതിനാൽ പ്രസ്തുത വിഷയങ്ങളിൽ തൽ സ്ഥിതി തുടരുന്നു. എന്നാൽ ക്രമ നം E പ്രകാരം മാലിന്യമുക്തം നവകേരളം പദ്ധതിയിൽ ആഭിമുഖ്യത്തിൽ തദ്ദേശസ്ഥാപന വിജിലൻസ് സ്ക്വാഡ് പ്രവർത്തനത്തിലൂടെ നടപടികൾ സ്വീകരിക്കുന്നതായി അറിയിച്ചിട്ടുണ്ട്. തുടർ അപേക്ഷകളിൽ ജി.എസ്.ടി വിവരങ്ങൾ പരിശോധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

സർക്കുലർ നം. ഡബ്ല്യൂ എം1/40/2022/തസ്വഭവ, തീയതി 02.02.2022 ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആക്രി ശേഖരണ-സംഭരണ-ഷ്രെഡിംഗ് സ്ഥാപനങ്ങളിലെ തീപ്പിടുത്തം, വൈദ്യുതി അപകടങ്ങൾ മുതലായവ ഒഴിവാക്കുന്നതിന് മുൻകരുതലുകൾ സ്വീകരിച്ചതായ വിവരം

പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. ജി.എസ് .ടി രജിസ്ട്രേഷൻ നമ്പർ ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തി വാങ്ങേണ്ടതും ആയത് പ്രകാരമുള്ള ട്രാൻസാക്ഷൻ വിവരങ്ങൾ പരിശോധിച്ച് ഫീസ് ഈടാക്കേണ്ടതുമാണ്.

(Iii) ക്വാറികൾ -കോർപ്പറേറ്റ് സാമൂഹിക ഉത്തരവാദിത്തം/കോർപ്പറേറ്റ് പരിസ്ഥിതി ഉത്തരവാദിത്തം ഗ്രാമ പഞ്ചായത്ത് പരിശോധിക്കേണ്ടതാണ്.

കേന്ദ്ര പരിസ്ഥിതി, വന കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന്റെ നോട്ടിഫിക്കേഷൻ നമ്പർ: OM :F.No.22-65/2017-1A.Iii Dated 1.05.2018, OM :F.No.22-65/2017-1A.Iii Dated 30.09.2020 എന്നീ വിജ്ഞാപനങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി **SEIAA- State Environmental Impact Authority – 2006 ലെ EIA വിജ്ഞാപനങ്ങളിൽ ഷെഡ്യൂൾ "B" (Brown Field) വിഭാഗത്തിൽ പെടുന്ന പ്രൊജക്ടുകൾക്ക് പാരിസ്ഥിതിക ക്ലിയറൻസ് നൽകുന്ന കേരള സർക്കാർ സ്ഥാപനം)** പരിസ്ഥിതി ക്ലിയറൻസ് സർട്ടിഫിക്കറ്റ് അനുവദിക്കുന്ന സ്ഥാപനങ്ങൾ **കോർപ്പറേറ്റ് സാമൂഹിക ഉത്തരവാദിത്തം (CSR)** പ്രവർത്തനങ്ങളിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങളെ കുറിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ വിജ്ഞാപനത്തിലെ **പ്രധാന നിർദ്ദേശങ്ങൾ** ചുവടെ ചേർക്കുന്നു.

(1) ക്വാറിയുടെ സി.എസ്.ആർ പ്രവർത്തനങ്ങൾ സ്ഥാപനം സ്ഥിതി ചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ മാത്രം നടത്തേണ്ടതാണ്.

(2) ക്വാറിയുടെ പ്രവർത്തനം മൂലം ചുറ്റുമുള്ള പ്രദേശങ്ങളിലെ ജനങ്ങൾക്കും പരിസ്ഥിതിയ്ക്കും ഉണ്ടാകുന്ന പാരിസ്ഥിതികവും സാമൂഹികവുമായ ആഘാതങ്ങളുടെയും ആവശ്യങ്ങളുടെയും അടിസ്ഥാനത്തിലായിരിക്കണം സി.എസ്.ആർ പ്രവർത്തനങ്ങൾ നടത്തേണ്ടത്.

(3) സി.എസ്.ആർ പ്രവർത്തനങ്ങൾ നടത്തുന്ന പ്രദേശത്തിലെ വ്യക്തികൾ/ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവരുമായി കൂടിയാലോചിച്ച് തയ്യാറാകുന്ന സി,എസ്.ആർ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ SEIAA യ്ക്ക് സത്യവാങ്മൂലമായി പരിസ്ഥിതി ക്ലിയറൻസ് സർട്ടിഫിക്കറ്റിന് അപേക്ഷിക്കുമ്പോൾ സമർപ്പിക്കേണ്ടതാണ്.

(4) സി.എസ്. ആർ പ്രവർത്തനങ്ങൾക്കായി ഒരു പ്രത്യേക ബാങ്ക് അക്കൌണ്ട് ആരംഭിക്കേണ്ടതും ഓരോ വർഷവും നടപ്പിലാക്കിയ പ്രവർത്തികളുടെ റിപ്പോർട്ട് പരിസ്ഥിതി, വന കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന്റെ റീജണൽ ഓഫീസിലേക്ക് സമർപ്പിക്കേണ്ടതുമാണ്.

2013 ലെ കമ്പനീസ് ആക്ട് (അമെൻമെന്റ്), സെക്ഷൻ 135 വ്യവസ്ഥകളുടെ ചുവട് പിടിച്ച് കൊണ്ട് പരിസ്ഥിതി വിഭവങ്ങൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾ സി.എസ്.ആർ പ്രവർത്തനങ്ങൾ നടത്തുന്നതിനായി സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ട ഉത്തരവാദിത്വം നഗരസഭകളിൽ/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്.

ഇവയുടെ അടിസ്ഥാനത്തിൽ ഓങ്ങല്ലൂർ പഞ്ചായത്തിന്റെ പരിധിയിൽ B കാറ്റഗറിയിൽ ഉൾപ്പെടുന്ന 5 ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്.

ക്വാറികളുടെ ലൈസൻസ് അപേക്ഷയിൽ ലഭ്യമാക്കിയ പരിസ്ഥിതി ക്ലിയറൻസ് ഉത്തരവ് പ്രകാരം ലൈസൻസ് കാലയളവിൽ (ഉത്തരവ് തീയതി മുതൽ അഞ്ച് വർഷം) സി.എസ്.ആർ/ സി.ഇ.ആർ (Corporate Social Responsibility/Corporate Environmental Responsibilities) പ്രവർത്തനങ്ങൾ നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ മേൽനോട്ടത്തിൽ നടത്തണമെന്ന നിബന്ധനയിലാണ് പരിസ്ഥിതി ക്ലിയറൻസ് നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.മോറിയ ഗ്രാനൈറ്റ് പ്രൈവറ്റ് ലിമിറ്റഡ്

ഉടമയുടെ പേര്/ സ്ഥാപനം	വിസ്തീർണ്ണം	അടവാക്കിയ രസീതി Lതീയതി/ ലൈസൻസ്	പരിസ്ഥിതി ക്ലിയറൻസ് ഉത്തരവ് നം
ശ്രീ. അബ്ദുൾ ഗഫൂർ പാറക്കാട്ടിൽ ഹൌസ് വല്ലപ്പുഴ പി.ഓ പട്ടാമ്പി/ ഗ്രാനൈറ്റ് ബിൽഡിങ് സ്റ്റോൺ ക്വാറി പ്രോജക്റ്റ്	Area-0.9122 Ha Survey No 369/1/2,368/4/1, 368/3 In Ongallur 2 Village	- 1230100092/ Dt 12.04.2023 ലൈസൻസ് നം 5161/23 .	SIA/KL/MIN/170229/2020 Dt. 11.10.2022 EC Identification No- EC22B001KL/195829 -B2 Environmental Clearence No.159/Q/2022

നിർദ്ദേശിച്ച പ്രവർത്തനങ്ങൾ

Sl No	Area Of Intervention	Expense(Rs)
1	First Year Installing Solar Street Light (TATA)And Operation In Ward 10,Maadu Of Ongallur Panchayath.(In 6 Unit Rs@27000/ Per One Unit).	Rs.162000/-
	Second Year Construction Of New Bore Well And Installing The Pipe Line Connection For Supplying Water To The Residents In Mozhiyodu Colony Ward 10, Maadu Of Ongallur Panchayath	
	BORE WELL	
	A.4 ¾" 380 Feet (380 X 85)	Rs. 32,300/-
	B.6 Guage PVC (ISI) Pipe (Rs.290 Per Feet)	Rs. 18,850/
	C. Labour, Supervision Charges	Rs. 2,500/-
	D. Bore Cleaning Charges	Rs. 5,000/-
	E. Motor (20 Stage) Kirloskar 3HP	Rs. 27,000/-
	F. Electrical, Fitting, Cable, Labour	Rs.12,900/-
	G. Borewell Pipe (375 Feet)	Rs. 31850/-
	TOTAL	Rs. 1,30,400/
	Motor Shed	
	A. Foundation Work For Motor Shed	Rs. 8,000/-
	B. Solid Bricks, Cement, Sand	Rs. 16,000/-
	C. Labour, Masonry, Plastering	Rs. 6,000/-
	D. GI Sheet, GI Tubes	Rs. 4,900/-
	E. Labour	Rs. 5,200/-
	TOTAL	Rs. 40,100/
	ELECTRICITY CONNECTION, WATER TANK	
	A.Estimation Cost For KSEB Connection (12100 X 3 Post)	Rs.2,30,000/
	B.Service Charges	Rs.21,000/-
	TOTAL	Rs. 2,51,000
	ELECTRICITY CONNECTION, WATER TANK	
	A. Estimation Cost For KSEB Connection (12100 X 3 Post)	Rs. 36,300/-
	B. Service Charges	Rs. 4,850/-
	TOTAL	Rs. 41,150/
	WATER TANK (3 LAYER) – 20,000 Ltrs	Rs.2,30,000/
	Fabrication Cost, Materials, Labour	Rs.21,000/-

	TOTAL	Rs. 2,51,000
	Construction Of New Bore Well And Installing The Pipe Line Connection For Supplying Water To The Residents In Manchithara Colony Ward 10, Maadu Of Ongallur Panchayath.	
	BORE WELL	
	A.4 ¾" 380 Feet (380 X 85)	Rs. 32,300/-
	B. 6 Guage PVC (ISI) Pipe (Rs.290 Per Feet)	Rs. 18,850/-
	C. Labour, Supervision Charges	Rs. 2,500/-
	D. Bore Cleaning Charges	Rs. 5,000/-
	E. Motor (20 Stage) Kirloskar 3HP	Rs. 27,000/-
	F. Electrical, Fitting, Cable, Labour	Rs. 12,900/-
	G. Borewell Pipe (375 Feet)	Rs. 31,850/-
	TOTAL	Rs.1,30,400/
	Motor Shed	
	A. Foundation Work For Motor Shed	Rs. 8,000/-
	B. Solid Bricks, Cement, Sand	Rs.16,000/-
	C. Labour, Masonry, Plastering	Rs. 6,000/
	D. GI Sheet, GI Tubes	Rs.4,900/-
	E. Labour	Rs. 5,200/-
	TOTAL	Rs. 40,100/
	ELECTRICITY CONNECTION, WATER TANK	
	A. Estimation Cost For KSEB Connection (12100 X 3 Post)	Rs. 36,300/-
	B. Service Charges	Rs. 4,850/-
	TOTAL	Rs. 41,150/
	WATER TANK (3 LAYER) – 20,000 Ltrs	2,30,000/-
	Fabrication Cost, Materials, Labour	Rs. 21,000/-
	TOTAL	Rs. 2,51,000/
	Grand Total	462650

DETAILS OF MAINTENANCE COST		
Sl .No	Area Of Intervention	Amount (Rs.) Per Year
1	Maintenance Of Solar Street Light (TATA) From 2 Nd Year To 5 Th Year (Six Nos, @ Rs.2,500/- Per One Unit)	Rs-15000/-
2	Cleaning Of Bore Well And Pump Mozhiyodu Colony Ward 10, Maadu Of Ongallur Panchayath From 3rd Year To 5th Year	Rs-11350/-
3	Cleaning Of Bore Well And Pump Manchithara Colony Ward 10, Maadu Of	Rs-11350/-

	Ongallur Panchayath From 3rd Year To 5th Year	
	GRAND TOTAL	Rs. 37,700 /-

കൂടാതെ CER പ്രവർത്തനങ്ങളുടെ പ്രവർത്തനങ്ങളെ കുറിച്ച് താഴെ പറയും പ്രകാരം നടത്തണമെന്നും നിർദ്ദേശിച്ചിരിക്കുന്നു.

ഖണ്ഡിക 3 ലെ ഉപഖണ്ഡിക 8 പ്രകാരം The CER Should Be Implemented In Total During The First Two Years And It Should Be Operated And Maintained During The Rest Of The Project Life Till The Mine Closure Plan Is Implemented In Total.

ഖണ്ഡിക 12 പ്രകാരം The EMP Shall Be Implemented In Consultation With Local Self Govt. Institutions. The Indicated Cost For CER Shall Be 2% Of The Project Cost Depending Upon The Nature Of Activities Proposed.

2. ഹസ്സൻ ഗ്രൂപ്പ് ഓഫ് ബിൽഡിങ് സ്റ്റോൺ ക്വാറി

<table>
<tr><th>ഉടമയുടെപേര്/ സ്ഥാപനം/ വിസ്തീർണ്ണം</th><th>അടവാക്കിയ രസീതി Lതീയതി/ ലൈസൻസ് ഫീ</th><th colspan="3">പരിസ്ഥിതി ക്ലിയറൻസ് ഉത്തരവ് നം./നിർദ്ദേശിച്ച പ്രവർത്തനങ്ങൾ</th></tr>
<tr><td rowspan="9">നജീബ് ഹസൻ.എൻനമ്പ്രത്ത് ഹൌസ് വളാഞ്ചേരി പി.ഓ മലപ്പുറം/ ഹസ്സൻ ഗ്രൂപ്പ് ബിൽഡിങ് സ്റ്റോൺ ക്വാറി /Area-0.8747 Ha
Resurvey No-372/1-2 Ongallur -2 Village The Proposed Life Of Mine Is 5 Years</td><td rowspan="9">1220108528 Dt 24.03.2023
ലൈസൻസ് Sc2-4225/23</td><td colspan="3">SIA/KL/MIN/177823/2020 Dt. 08.02.2023
EC Identification No- EC23B001KL129201
ENVIRONMENTAL CLEARANCE NO.25/Q/2023</td></tr>
<tr><td colspan="3">CER Deatils
Area Of Intervention</td></tr>
<tr><td rowspan="3">1</td><td colspan="2">First Year</td></tr>
<tr><td>Solar Plant/Panel (1.0 KVA) In Ongallur Grama Panchayath Office.</td><td>1,25,000</td></tr>
<tr><td>Rain Water Harvesting Tank (15000 Liter) In Govt. Family Rain Water Harvesting Tank (15000 Liter) In Govt. Family Health Center, Ongallur.</td><td>75,000</td></tr>
<tr><td rowspan="3">2</td><td colspan="2">Second Year</td></tr>
<tr><td>Solar Plant/Panel (1.0 KVA) In Govt. Family Health Center, Ongallur.</td><td>1,25,000</td></tr>
<tr><td>Rain Water Harvesting Tank (15000 Liter) In Ongallur Grama
Panchayath Office</td><td>75,000</td></tr>
<tr><td></td><td>Total</td><td>4,00,000</td></tr>
</table>

3.എ.കെ സൺസ് ക്വാറി

ഉടമയുടെ പേര്/ സ്ഥാപനം	വിസ്തീർണ്ണം	അടവാക്കിയ രസീതി Lതീയതി/ ലൈസൻസ്	പരിസ്ഥിതി ക്ലിയറൻസ് ഉത്തരവ് നം
ശ്രീ. മുസ്തഫ.എ അമ്പലക്കുളം ഹൌസ്,ചൂരക്കോട് ,വല്ലപ്പുഴ-Palakkad	Area-0.7487 Ha Survey 129/1 Ongallur 1 Village	1240100621 ലൈസൻസ് നം.1546/24. Dt.02.05.2024	SIA/KL/MIN/163150/2020 Dt. 08.02.2022 EC Identification No-EC23b001KL131755 Environmental Clearance No.24/Q/2023

Sl No	Area Of Intervention	Expense(Rs)
	Solar Street Light (V Guard) In Ward 3, Maruthoor Of Ongallur Village. (6 Units @ Rs.25,000/-Per Unit	Rs.1,50,000/-
	Cleaning Of Public Pond In Ward 3, Maruthoor Of Ongallur Village.	
	A.J C B Rent Rs. 1200 Per Hour (Rs. 1200×32 Hrs)	Rs. 38,400/
	B. Supervision Charges	Rs. 7,500/-
	C. Labour Charges	Rs. 37,500/-
	D.Rubble	Rs. 44,000/-
	E.Cement Rs. 450/Bag (Rs.450×50 Bags)	Rs. 22,500/-
	F.Unloading Charges (Cement)	Rs. 1,000/-
	G. Sand (Plastering, Concrete), Trans Etc	Rs. 27,000/
	TOTAL	Rs. 1,77,900/-
	2 Nd YEAR Construction Of New Bore Well And Installing The Pipe Line Connection, In Ward 3, Maruthoor Of Ongallur Village. BORE WELL	
	A. 43/4" 375feet (375×93)	Rs. 34,875/-
	B. 5" PVC Pipe	Rs. 13,125/-
	C. Labour, Bore Cleaning, Supervision Charges.	Rs. 6,200/-
	FITTING CHARGES	
	A. 2 No Of 5HP Bore Well Pump (Three Stage)	Rs. 33,500/-
	B. HDP Pipe 1.5"/1/5" - 121 Mtrs	Rs. 12,500/-
	C. Fittings	6100
	D. Labour	Rs. 3,500/-
	MOTOR SHED & ELECTRICITY CONNECTION	
	A. Foundation Word, Labor, Material	Rs. 6,800/-
	B. Solid Bricks, Cement, Sand, And Steel Rods, Primer (Cement)	Rs. 69,000/-
	C. Labour For Masonry, Plastering And Painting.	Rs. 33,500/-
	D.Electricity Connection, Estimation Cost For Electric Post 3 Nos	Rs. 30,900/-

	TOTAL	Rs. 2,50,000/-
	Maintenance Work For Anganavadi In Ongallur Village	
	A. Tile Work 810 ×48	Rs. 38,880/-
	B. Painting Paints, Labour	Rs. 35,000/-
	C. Truss Work (Roof)	Rs.2,49,000/-
	D. Bath Room Maintenance (Closet Change), Plumbing	Rs. 1,02,120/-
	TOTAL	Rs. 4,25,000/-
	GRAND TOTAL	Rs. 10,02,900/-

DETAILS OF MAINTENANCE COST		
Sl .No	Area Of Intervention	Amount (Rs.) Per Year
1	Rs.2,500/- Per One Unit)Maintenance Of Solar Street Light (V Guard) From 2 Nd Year To 5 Th Year (Six Nos, @ Rs.2,500/-Per One Unit)	Rs. 15000/-
2	Cleaning Of Bore Well And Pump From 3 Rd Year To 5 Th Year	Rs. 20,000/-
	GRAND TOTAL	Rs. 35,000/-

ഈ സ്ഥാപനങ്ങൾ സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനങ്ങൾ നടത്തിയതിന്റെ വിവരങ്ങൾ ശേഖരിക്കുന്നതിനോ, ആയത് ഉറപ്പ് വരുത്തുന്നതിനോ, മോണിറ്റർ ചെയ്യുന്നതിനോ ,ഗ്രാമ പഞ്ചായത്ത് എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (8/23.09.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

• ക്വാറി പോലുള്ള പരിസ്ഥിതി വിഭവങ്ങൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ ഹാജരാക്കുന്ന പരിസ്ഥിതി ക്ലിയറൻസ് സർട്ടിഫിക്കറ്റിൽ നിർദ്ദേശിച്ചിട്ടുള്ള സി.എസ്.ആർ പ്രവർത്തനങ്ങൾ ഓരോ വർഷങ്ങളിലും നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ മോണിറ്റർ സംവിധാനം കൊണ്ടുവരേണ്ടതാണ്.

• ലൈസൻസ് നൽകുന്നതിലേക്കായി പ്രയോഗിക്കുന്ന നിയന്ത്രണാധികാരം ഫലപ്രദമായി വിനിയോഗിക്കേണ്ടതും നിലവിൽ സി.എസ്.ആർ പരിധിയിൽ ഉൾപ്പെടുത്തേണ്ടതായ സ്ഥാപനങ്ങളുടെ വിവരം ശേഖരിച്ച് അവയെ ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നതിന് നിർദ്ദേശിക്കാവുന്നതുമാണ്.

• പ്രകൃതി വിഭവങ്ങൾ ഏറ്റവും കൂടുതൽ ചൂഷണം നടക്കുന്ന ഈ പ്രദേശങ്ങളിൽ മേൽ പരാമർശിച്ച തരത്തിൽ ഫണ്ട് വിനിയോഗിക്കേണ്ടതും, വിനിയോഗിച്ചിട്ടില്ലെങ്കിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

• നടപ്പിലാക്കുന്ന പദ്ധതികൾ പ്രകൃതി വിഭവങ്ങളെ പരിപോഷിക്കുന്നതിനോടോപ്പം ,സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിന് സഹായിക്കുന്നതും പൊതുവായ വികസനത്തിന് അധിഷ്ഠിതവുമായിരിക്കണം.ഉദാ. നദീ നവീകരണം,മഴവെള്ള സംഭരണികളുടെ നിർമ്മാണം തുടങ്ങിയവ.

• സാമൂഹിക പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തുന്ന സി.എസ്.ആർ ഫണ്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിക്കപ്പെടുന്നതിന് പ്രൊജക്ട് തയ്യാറാക്കുവാൻ പരിശ്രമിക്കേണ്ടതാണെന്ന് 14-ാം പദ്ധതി മാർഗ്ഗരേഖ (19.04.2022 ലെ സ.ഉ(കൈ).നം.86/2022/ത.സ്വ.ഭ.വ) ഖണ്ഡിക 5.1(10) പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ് ആയത് പരിഗണിക്കാവുന്നതാണ്.

(Iv) ക്വാറി ലൈസൻസ് - വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമായില്ല.

2023-24 ലെ ലൈസൻസ് രജിസ്റ്റർ പ്രകാരം ശ്രീ .സുകുമാരൻ കെ പ്രസിഡന്റ് ,ഒറ്റപ്പാലം താലൂക്ക് കരിങ്കൽ ക്വാറി ഓപ്പറേറ്റേഴ്സ് ഇൻഡസ്ട്രിയൽ കോ- ഓപ്പറേറ്റീവ് സൊസൈറ്റി സർവേ നം .3/141 ഓങ്ങല്ലൂർ വില്ലേജ് 1 ൽ ക്വാറി നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്.(Rt.1220201080/12500 , 1220201081/3600 Dt 28.2.2023). എന്നാൽ അപേക്ഷ , മതിയായ സർട്ടിഫിക്കറ്റുകൾ എന്നിവ

ഹാജരാക്കിയിട്ടില്ല. എന്നതു സംബന്ധിച്ച ഓഡിറ്റ്എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

ഐ.എൽ.ജി.എം.എസ് ഫയൽ നം .311/2024

EC-DIA/KL/PL/10/2018 DT 7.05.2018

PCB-PLKD/R2/R16PAL2412560/2023-6.05.24

Explosive -E/SE/KL/30/273(Es9797) Dt 23.02.2026

Mining – 21892/CP/PAL/2023 Dt 16.01.2023

Survey No . 3/41 Ongallur Village -1 ടി വിവരങ്ങൾ ഉപയോഗിച്ച് ഐ.എൽ.ജി.എം.എസിൽ പരിശോധിച്ചപ്പോൾ പ്രസ്തുത ഫയൽ ലഭ്യമായില്ല. കൂടാതെ ഓഡിറ്റ് ലോഗിനിൽ രസീതി പരിശോധന നടത്തിയപ്പോൾ ടി വിവരങ്ങൾ ലഭ്യമായില്ല. ടി ഫയലിലെ വിവരങ്ങൾ പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ EC-DIA/KL/PL/10/2018 DT 7.05.2018 സർട്ടിഫിക്കറ്റിൽ നിർദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ പരിശോധിച്ച് ആയവ നടപ്പിൽ വരുത്തുന്നുണ്ടോ എന്ന വിവരം ഉറപ്പു വരുത്തേണ്ടതാണ്.

(ഓഡിറ്റ്എൻക്വയറി 16/24.03.2024)

1-16 ബാലൻസ് ഷീറ്റ് പ്രകാരമുള്ള വിവിധ പദ്ധതികളുടെ നീക്കിയിരുപ്പിന്റെ വിനിയോഗം കാര്യക്ഷമമാക്കേണ്ടതാണ്

സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം താഴെ പറയുന്ന തുകകൾ നീക്കിയിരുപ്പായി അവശേഷിക്കുന്നു.

ക്രമ നം	കോഡ്	നീക്കിയിരുപ്പ്	നീക്കിയിരുപ്പിന്റെ വിശദവിവരം
1	320100198	1745939	ശുചിത്വ മിഷൻ ഗ്രാന്റ്
2	320100999	6816112	KURDFC Loan -6400000 പ്രിന്റർ പർച്ചേസ് റീഫണ്ട് - 20018
3	320200303	842359	Stadiums & Playgrounds
4	320200305	2000000	കുടിവെള്ളപദ്ധതി ഗ്രാന്റ്
5	320200399	615000	ലൈഫ് സ്റ്റേറ്റ് ഷെയർ - 605000 സായംപ്രഭ പദ്ധതി - 10000
6	320300199	9002260	ലൈഫ് സ്റ്റേറ്റ് ഷെയർ
7	320700204	63357	സംയുക്ത പദ്ധതി -ബ്ലോക്ക് വിഹിതം

മേൽ പ്രകാരമുള്ള നീക്കിയിരുപ്പുകളുടെ നിലവിലെ വിനിയോഗം സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം-4/22.09.24) മതിയായ വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ക്രമ നം - 6,7 ൽ ലൈഫ് സ്റ്റേറ്റ് ഷെയർ ഇനത്തിൽ 9607260/-രൂപയാണ് ബാലൻസ് ഉള്ളത്. ലൈഫ് സ്റ്റേറ്റ് ഷെയർ നീക്കിയിരുപ്പ് വിവിധ ഹെഡ്ഡുകളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ആയത് ക്രമീകരിക്കേണ്ടതാണ്.

ക്രമ നം - 2 പ്രകാരമുള്ള നീക്കിയിരുപ്പിന്റെ ലെഡ്ജർ പരിശോധിച്ചതിൽ 20018/- രൂപ പ്രിന്റർ പർച്ചേസിനായി ചെലവഴിച്ച തുകയിൽ നിന്നും കെൽട്രോൺ റീഫണ്ട് ചെയ്ത തുകയാണെന്ന് കാണുന്നു. (Payee CDS Chairperson, Cheque No-68285/14.06.23) പ്രസ്തുത റീഫണ്ട് വികസന ഫണ്ടിന്റെ ബാലൻസ് തുകയാണെങ്കിൽ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

മേൽ പട്ടിക പ്രകാരമുള്ള തുകകൾ വിനിയോഗിക്കാത്ത പക്ഷം ബന്ധപ്പെട്ട ഹെഡ്ഡുകളിലേക്ക് അടവാക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-17 മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടില്ല

വാർഷിക ധനകാര്യ പത്രികയിലെ ഷെഡ്യൂൾ ബി 18 പ്രകാരം താഴെ പറയുന്ന ശീർഷകങ്ങളിൽ മുൻകൂർ നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ഇനം	ക്രമീകരിക്കുവാൻ അവശേഷിക്കുന്ന തുക

1	Festival Advance	10,000.00
2	Other Advances	159,686.00
3	Advance To Suppliers	83,316.00
4	Advance To Implementing Agencies - Deposit With Kerala Electricity Board	1,210,937.00
5	Advance To Others	540,231.00
6	Advance To Mahatma Gandhi NREGA/AUEGS Administrative Expense	1,795,134.00

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 99, ജി.ഓ(പി) നം.419/11/ഫിൻ.തീയതി 04.10.2011 എന്നിവ പ്രകാരം മുൻകൂർ നൽകിയ തുകകൾ 3 മാസത്തിനകം ക്രമീകരിക്കാത്തപക്ഷം, തുക പിൻവലിച്ച തീയതി മുതൽ തുക ഈടാക്കുന്ന തീയതി വരെയുള്ള കാലയളവിലേക്ക് 18% പലിശ ഈടാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. (ക്രമ നം. 1,2,3,5 എന്നിവയ്ക്ക് ബാധകം) വിവിധ നിർവ്വഹണ ഏജൻസികൾക്ക് മുൻവർഷങ്ങളിൽ നൽകിയിട്ടുള്ള ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് മുൻകൂർ നൽകിയ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ അറിയിക്കേണ്ടതാണ്. മുൻകൂർ നൽകിയ തുകകൾ സമയബന്ധിതമായി ക്രമീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.37/26.09.2024) മറുപടി നൽകിയിട്ടില്ല.

മുൻകൂർ നൽകുന്ന തുകകൾ സമയബന്ധിതമായി ക്രമീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും അല്ലാത്ത സംഗതിയിൽ ആയത് നിയമാനുസൃത പലിശ സഹിതം തിരികെ ഈടാക്കേണ്ടതുമാണ്.

1-18 പൊതുടാപ്പുകളുടെ വെള്ളക്കരം ഒടുക്കൽ- കുടിശ്ശിക തീർപ്പാക്കിയിട്ടില്ല

കേരള ജല അതോറിറ്റി, പി.എച്ച് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ (ഷൊർണൂർ) 25.03.2023 ലെ KWA/PH/AE/Amnesty/2023 നം. കത്ത് പ്രകാരം ജല അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ളതും, ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ളതുമായ പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക 54085383 രൂപ, സ.ഉ(സാധാ) 615/2022/WRD തീ. 18.07.2022, സർക്കുലർ നം.KWA/HO/RMC/R3-598/2022(1) തീ 21.07.2022 എന്നിവയിലെ നിർദ്ദേശങ്ങൾ പ്രകാരം ആംനസ്റ്റി പദ്ധതിയുടെ ഭാഗമായി 9183089 രൂപയാക്കി കുറച്ച് നൽകിയിരുന്നു. പ്രസ്തുത തുക 4 ഗഡുക്കളായി അടവാക്കേണ്ടതാണെന്നും കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. 4 മാസത്തിനുള്ളിൽ തുക അടവാക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ 13213968 എന്ന പുനർ നിർണ്ണയിച്ച തുകയും, തൊട്ടടുത്തുവരുന്ന മാസങ്ങളിലെ മുഴുവൻ തുകയും അടച്ച് കുടിശ്ശിക തീർക്കാവുന്നതാണെന്നും വ്യക്തമാക്കിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 29.03.2023 ലെ ഭരണസമിതി തീരുമാന പ്രകാരം ആദ്യ ഗഡു 30 ലക്ഷം രൂപ അടയ്ക്കുന്നതിന് തീരുമാനിക്കുകയും വൌച്ചർ നം. 22300204/30.05.2023, 22300205/30.05.2023 എന്നിവ പ്രകാരം 15 ലക്ഷം രൂപ വീതം ആകെ 3000000 രൂപ അടവാക്കിയിട്ടുള്ളതാണ്. ബാക്കി തുക അടവാക്കിയതായി കാണുന്നില്ല.

ഗ്രാമപഞ്ചായത്തിൽ ജൽ ജീവൻ മിഷൻ പ്രവൃത്തികൾ ആരംഭിച്ചിട്ടുള്ളതാണ്. വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തുന്നതിനും, പ്രവർത്തന രഹിതമായതും, ആവശ്യമില്ലാത്തതുമായ ടാപ്പുകൾ ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചരിച്ചിട്ടില്ല.

ആംനസ്റ്റി പദ്ധതി പ്രകാരം അടവാക്കിയ തുക കുറവാക്കി ഡിമാന്റ് നോട്ടിസ് വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടില്ല. 08/2023 ലെയും 03/2024 ലെയും ഡിമാന്റ് നോട്ടിസ് വിവരങ്ങൾ ചുവടെ ചേർക്കുന്നു

മാസം	06/2023	03/2024
ടാപ്പുകളുടെ എണ്ണം	196	196
നിരക്ക്	14559.12	14559.12
ഡിമാന്റ് നോട്ടീസ് നം	75049/09.06.2023	83345/12.03.2024
മുന്നിരിപ്പ്	10490537 രൂപ	13495726 രൂപ
ഫൈൻ	204811 രൂപ	269478 രൂപ
തൻമാസ ഡിമാന്റ്	237797രൂപ	237797 രൂപ
ആകെ	10933145 രൂപ	1400300 രൂപ

ഓഡിറ്റ് വർഷത്തിൽ 196 പൊതുടാപ്പുകളുടെ പ്രതിമാസ വെള്ളക്കരം 237797 രൂപ വീതം പ്രതിമാസം അടവാക്കിയിട്ടുണ്ട്. 2023-24 വർഷത്തെ ബാലൻസ് ഷീറ്റിൽ വെള്ളക്കരം കുടിശ്ശിക ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല. ആംനസ്റ്റി പദ്ധതി പ്രകാരം കുടിശ്ശിക തീർപ്പാക്കുന്നതിന് ലഭിച്ച അവസരം വിനിയോഗിക്കാതിരുന്നതിനും, കുടിശ്ശിക തീർപ്പാക്കുന്നതിനും സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിനും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/25.09.2024) അടിയന്തിരമായി സംയുക്ത പരിശോധന നടത്തി ഉപയോഗിക്കുന്ന പൊതു ടാപ്പുകളുടെ വെള്ളക്കരം മാത്രമായി ബിൽ തുക ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-19 വരൾച്ചാ ബാധിത പ്രദേശങ്ങളിൽ കുടിവെള്ള വിതരണം കരാറുകാരനിൽനിന്ന് ആദായ നികുതി ഈടാക്കിയില്ല

ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്തിലെ വരൾച്ചാ ബാധിത പ്രദേശങ്ങളിൽ കുടിവെള്ള വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ ഉബൈദ് പി എന്നയാളുടെ ടെണ്ടർ 23.05.2023 ലെ 1(1) നം തീരുമാന പ്രകാരം ഭരണസമിതി അംഗീകരിക്കുകയും, 24.05.2023 ടിയാൻ ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. കുടിവെള്ളം വിതരണം ചെയ്തതിന് ടിയാന് തുക നൽകിയിട്ടുണ്ട്. എന്നാൽ കരാറുകാരനിൽനിന്നും ആദായ നികുതി കുറവ് ചെയ്തിട്ടില്ല. ചെലവിന്റെ വിശദവിവരം ചുവടെചേർക്കുന്നു

വൌച്ചർ നം.തീയതി	തുക
22300409/05.07.2023	250708 രൂപ
22300433/06.07.2023	212258 രൂപ
ആകെ	462966 രൂപ

ആദായ നികുതി നിയമം സെക്ഷൻ 194 സി പ്രകാരം സേവന ദാതാക്കളിൽനിന്നും, കരാറുകാരിൽനിന്നും ആദായ നികുതി (വ്യക്തികൾ@1%, സ്ഥാപനങ്ങൾ@2%) ഈടാക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

നിയമാനുസൃതം ഈടാക്കേണ്ട ആദായ നികുതി (@1%) കരാറുകാരനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിൽ അടവാക്കാതെ തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/24.09.2024) കരാറുകാരനിൽനിന്നും തുക ഈടാക്കി അടവാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

പ്രവൃത്തികളുടെ ബിൽ തുക നൽകുന്നതിനുമുൻപ് നിയമാനുസൃത നികുതികൾ കുറവ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-20 എം.സി എഫിൽനിന്നും അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യൽ- ആദായ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ എം.സി.എഫിൽ ശേഖരിച്ചിട്ടുള്ള പുന:ചംക്രമണ യോഗ്യമല്ലാത്ത അജൈവ മാലിന്യം

(Legacy Waste) നീക്കം ചെയ്തതിന് ക്ലീൻ കേരള കമ്പനിക്ക് തുക നൽകിയിട്ടുണ്ട്.
കരാറുകാരനിൽനിന്നും നിയമാനുസൃത നികുതികൾ കുറവ് ചെയ്തിട്ടില്ല.

ക്ലീൻ കേരള കമ്പനി സെക്രട്ടറിയുമായി ചമച്ച കരാർ പ്രകാരം പുന:ചംക്രമണ യോഗ്യമല്ലാത്ത അജൈവ മാലിന്യങ്ങൾ കി. ഗ്രാമിന് 10 രൂപ പ്രകാരം കൊണ്ടുപോകുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ആദായ നികുതി നിയമം സെക്ഷൻ 194 സി പ്രകാരം സേവന ദാതാക്കളിൽനിന്നും, കരാറുകാരിൽനിന്നും ആദായ നികുതി (വ്യക്തികൾ@ 1%, സ്ഥാപനങ്ങൾ@ 2%) ഈടാക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ആദായ നികുതി ഈടാക്കാതെയാണ് കരാറുകാരന് തുക നൽകിയിരിക്കുന്നത്. തുക നൽകിയതിന്റെ വിശദവിവരം ചുവടെചേർക്കുന്നു.

വൌച്ചർ നം തീയതി	തുക (₹)
22300422/05.07.2023	129750
25300771/18.10.2023	59150
22300977/02.12.2023	26900
22300975/02.12.2023	34800
22300966/02.12.2023	29500
ആകെ	280100

നിയമാനുസൃതം ഈടാക്കേണ്ട ആദായ നികുതി 5602/-രൂപ (@2%) മേൽ സ്ഥാപനത്തിൽനിന്നും ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിൽ അടവാക്കാതെ തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/24.09.2024) കരാറുകാരനിൽനിന്നും തുക ഈടാക്കി അടവാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

പ്രവൃത്തികളുടെ ബിൽ തുക നൽകുന്നതിനുമുൻപ് നിയമാനുസൃത നികുതികൾ കുറവ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-21 സംയുക്ത പ്രോജക്ടുകൾക്ക് തുക നൽകിയത് - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

ഓങ്ങല്ലൂർ ഗ്രാമ പഞ്ചായത്തും, വനിതാ ശിശു വികസന വകുപ്പും, MNREGS ഉം സംയുക്തമായി നടപ്പിലാക്കുന്ന വിവിധ അങ്കണവാടികളുടെ നിർമ്മാണ പ്രവൃത്തികൾക്കായി MNREGS സ്റ്റേറ്റ് മിഷൻ ഡയറക്ടർക്ക്, സെക്രട്ടറി ഗ്രാമ പഞ്ചായത്തിന്റെ വിഹിതം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം	വൌച്ചർ നം.	തുക	അക്കൌണ്ട് നം
242/24 വാർഡ് 1ലെ അങ്കണവാടി കെട്ടിട നിർമ്മാണത്തിന് തുക കൈമാറൽ	22301503/21.03.24	200000 രൂപ	799011400000486

സ.ഉ(കൈ)നം.84/2022/ത.സ്വ.ഭ.വ തീയതി 19.04.2022 പ്രകാരമുള്ള 14 ാം പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 8.8.2(2) പ്രകാരം എല്ലാ അങ്കണവാടികൾക്കും സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന് വനിതാ ശിശു വികസന വകുപ്പ്, MNREGS എന്നിവയുമായി സഹകരിച്ച് പ്രവർത്തിക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

മേൽ പ്രവൃത്തികളുടെ ധനവിനിയോഗ സാക്ഷ്യപത്രങ്ങളുടെ പകർപ്പ് പരിശോധനക്ക് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/24.09.2024) വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതിന് MNREGS സ്റ്റേറ്റ് മിഷൻ ഡയറക്ടർക്ക്, കത്ത് നൽകിയിട്ടുണ്ടെന്നും, പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-22 സ്പിൽ ഓവർ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി മുൻവർഷങ്ങളിൽ ആരംഭിച്ചതും 2023-24 ൽ സ്പിൽ ഓവർ ആക്കിയ താഴെ പറയുന്ന പദ്ധതികൾ തൻവർഷം നടപ്പിലായതായി കാണുന്നില്ല. പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കുന്നതിനും, പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിനും നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.22/24.09.2024) നൽകിയ മറുപടിയും ചുവടെ ചേർക്കുന്നു

ക്രമ നം	പ്രോജക്ട്	ഫണ്ട്	അടങ്കൽ	മറുപടി
1	249/24 വനിതാ ജിംനേഷ്യം	വികസനഫണ്ട്	500000	ജില്ലാ പഞ്ചായത്തിന് തുക കൈമാറുന്ന പദ്ധതിയാണ് ഫണ്ടിന്റെ അപര്യാപ്തതമൂലം തുക നൽകാൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്ത് വിഹിതം ഇല്ലാതെതന്നെ ജില്ലാ പഞ്ചായത്ത് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.
2	248/24 വയോജന പാർക്ക്	വികസനഫണ്ട്	500000	പഞ്ചായത്ത് വിഹിതം ഇല്ലാതെതന്നെ ജില്ലാ പഞ്ചായത്ത് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.
3	246/24 മാലിന്യ ശേഖരണത്തിന് വാഹനം വാങ്ങൽ	CFC ഗ്രാന്റ്	554950	2024-25 വർഷം നടപ്പിലാക്കുന്നതാണ്.
4	250/24 പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ	തനതുഫണ്ട്	252000	2022-23 ൽ 748000 രൂപ നൽകിയിരുന്നു, 2023-24 ലാണ് പ്രസ്തുത തുക വിനിയോഗിച്ചത്

	സൌരോർജ്ജ പ്ലാന്റ്			പ്രവൃത്തി പൂർത്തീകരിച്ചതിനാൽ 2023-24 ൽ വകയിരുത്തിയ തുക ആവശ്യമായി വന്നില്ല.
5	251/24 മിനി മാസ്റ്റ് ലൈറ്റുകളുടെ മെയിന്റനൻസ്	തനതുഫണ്ട്	300000	2024-25 വർഷം നടപ്പിലാക്കുന്നതാണ്.
6	254/24 ഫ്രണ്ട് ഓഫീസിൽ ജന സഹായ കേന്ദ്രം	തനതുഫണ്ട്	200000	ടെണ്ടർ കഴിഞ്ഞു കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. 2024-25 വർഷം നടപ്പിലാക്കുന്നതാണ്.

പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കാത്തത് പ്ലാൻ ഫണ്ടുകൾ ലാപ്സാക്കുന്നതിന് ഇടയാകുന്നു. ആയത് തുടർ വർഷങ്ങളിലെ പദ്ധതികളുടെ ആസൂത്രണത്തെ ദോഷകരമായി ബാധിക്കുന്നതാണ്.

1-23 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷത്തിൽ വിവിധ ഏജൻസികൾ മുഖാന്തിരം ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി തുക ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം ചുവടെചേർക്കുന്നു

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	ബിൽ/ വൗച്ചർ നമ്പർ	മുൻകൂർ നൽകിയ തുക
KSEB ഓങ്ങല്ലൂർ ഇലക്ട്രിക്കൽ സെക്ഷൻ	244/24 ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	22300585/19.08.2023	30293 രൂപ

സ.ഉ(കൈ)നം.84/2022/ത.സ്വ.ഭ.വ തീയതി 19.04.2022 പ്രകാരമുള്ള 14-ാം പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 12.2.(5) ഡി.Ii പ്രകാരം വാട്ടർ അതോറിറ്റി, ഇലക്ട്രിസിറ്റി ബോർഡ് എന്നീ സ്ഥാപനങ്ങൾക്ക് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക നൽകുന്നതിനുമുൻപ് പ്രസ്തുത സ്ഥാപനങ്ങളുമായി കരാർ ചമയ്ക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കരാർ ചമച്ചിട്ടില്ല.

ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് കരാർ ചമയ്ക്കാതെ തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26/24.09.2024) വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതിന് KSEB യ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും, പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-24 തെരുവു വിളക്കുകൾ സ്ഥാപിക്കൽ- ഇ- ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ തെരുവു വിളക്കുൾ സ്ഥാപിക്കുന്നതിന് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. വിശദവിവരം ചുവടെചേർക്കുന്നു

പ്രൊജക്ട്	122/24 തെരുവു വിളക്കുകൾ സ്ഥാപിക്കൽ
അടങ്കൽ	100000 രൂപ – CFC ഗ്രാന്റ്
ചെലവ്	998171 രൂപ
വൌച്ചർ നം	22301657/31.03.24-899100 രൂപ 22301659/31.03.24-99071 രൂപ
സപ്ലെയർ	യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രിയസ് കൊല്ലം
ഇൻവോയ്സ് നം	UEI/536/14.12.23- 998171 രൂപ

സർക്കാർ ഉത്തരവ്(ആർ.ടി) നം 1288/2015/LSGD Dt.30.04.15,GO(P) 524/2015/Fin Dt.17.11.15 എന്നിവ പ്രകാരം എസ്റ്റിമേറ്റ് തുക 5 ലക്ഷവുംഅതിന് മുകളിലുള്ള എല്ലാ പ്രവൃത്തികളും ഇ-ടെണ്ടർ മുഖാന്തിരം മാത്രമേ നിർവ്വഹിക്കാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിന് വിരുദ്ധമായി 1000000 രൂപ അടങ്കലുള്ള പ്രവൃത്തി നടപ്പിലാക്കിയത് മാർഗരേഖയുടെ ലംഘനമാണ്.

സ.ഉ (കൈ)നം.115/2022/ത.സ്വ.ഭ.വ തീ 28.05.2022 പ്രകാരം പുറപ്പെടുവിച്ച 14-ാം പഞ്ചവത്സര പദ്ധതി യുടെ സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 2.20പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടി ക്രമങ്ങളുടെ വാങ്ങൽ രേഖയിൽ പ്രത്യേകം പരാമർശിക്കാത്ത സംഗതികളിൽ സ.ഉ.(പ്രി) നം 259/2010/ത.സ്വ.ഭ.വ തീ 08.11.2010പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത മാർഗരേഖയിൽ വാങ്ങലിന്റെ ആവശ്യം തിരിച്ചറിഞ്ഞ് സ്പെസിഫിക്കേഷൻ തയ്യാറാക്കേണ്ടതും ആയത് പ്രകാരം വാങ്ങൽ പദ്ധതി അന്തിമമാക്കുകയും ചെയ്യേണ്ടതിന്റെ പ്രധാന ചുമതല പ്രൊക്യൂർമെന്റ് ടീമിനാണ്.

31.08.2016 ലെ സ.ഉ(സാധാ) നം.2330/2016/ത.സ്വ.ഭ.വ നം.ഉത്തരവ് പ്രകാരം ടെണ്ടർ കൂടാതെ തെരുവു വിളക്കുകൾ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രിയസിൽനിന്നും വാങ്ങുന്നതിന് അനുമതിയുള്ളതിനാൽ 24.06.2023 ലെ 107 നം. ഇൻവോയ്സ് പരിശോധിക്കുകയും 24 വാട്ട് എൽ.ഇ.ഡി മാനൽ വാങ്ങുന്നതിന് 03.07.2023 ലെ 1/5 നം.ഭരണസമിതി യോഗം അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

KSEB യുടെ ഉടമസ്ഥതയിലുള്ള ഇലക്ട്രിക് പോസ്റ്റുകളിൽ 357എണ്ണം തെരുവു വിളക്കുകൾ സ്ഥാപിക്കുന്ന പ്രവൃത്തി നിർവ്വഹിച്ചതായി വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും, KSEB യിൽ സൂപ്പർവിഷൻ ചാർജ്ജ് അടവാക്കിയതായോ, പ്രവൃത്തിയുടെ സാക്ഷ്യപത്രം നൽകിയതായോ കാണുന്നില്ല.

പ്രൊക്യൂർമെന്റ് മാർഗരേഖ, പദ്ധതി മാർഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവൃത്തി നിർവ്വഹിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25/25.09.2024) 31.08.2016 ലെ സ.ഉ(സാധാ) നം.2330/2016/ത.സ്വ.ഭ.വ നം.ഉത്തരവ് പ്രകാരം ടെണ്ടർ കൂടാതെ തെരുവു വിളക്കുകൾ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രിയസിൽനിന്നും വാങ്ങുന്നതിന് അനുമതിയുള്ളതിനാലാണ് ഭരണസമിതി തീരുമാന പ്രകാരം ടെണ്ടർ ഒഴിവാക്കി നേരിട്ട് വാങ്ങിയതെന്നും, ഭാവിയിൽ പ്രൊക്യൂർമെന്റ് മാർഗരേഖ, പദ്ധതി മാർഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി വാങ്ങലുകൾ നടത്തുകയുള്ളൂ എന്ന് മറുപടി നൽകിയിട്ടുണ്ട്.

1-25 ഹോമിയോ മരുന്നുകൾ ലഭ്യമായിട്ടില്ല

പ്രോജക്ട് നം / പേര്	54/24 (എൻ എച്ച് എം ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ)
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ (ആയുർവേദം)
അടങ്കൽ	300000/- (മെയിന്റനൻസ് ഫണ്ട്- റോഡിതരം)
ചെലവ്	300000/-
ബിൽ നം/ തിയതി	3/15.12.2023 ₹ 300000/-

എൻ എച്ച് എം ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങുന്നതിനായി 2023-24 വർഷത്തിൽ 300000/- രൂപ ദി മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന്റെ അക്കൗണ്ടിലേയ്ക്ക് (A/C No. 34306403911) കൈമാറിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ഇതുവരെ ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭ്യമാക്കാനായി ഹോംകോയുമായി ബന്ധപ്പെട്ടപ്പോൾ മുൻഗണന ലിസ്റ്റ് അനുസരിച്ച് മരുന്ന് ലഭ്യമാക്കുമെന്നും, പാർട്ട് സപ്ലൈ എത്രയും പെട്ടെന്ന് ലഭ്യമാക്കുമെന്നും സമയബന്ധിതമായി മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (03/20.09.2024) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി.

മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

1-26 സ്കൂൾ കെട്ടിടത്തിന് സൌരോർജ്ജ പ്ലാന്റ് സ്ഥാപിക്കൽ - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ

പ്രൊജക്ട് നം./പേര്	127/24, സ്കൂൾ കെട്ടിടത്തിന്

	സൌരോർജ്ജ പ്ലാന്റ് സ്ഥാപിക്കൽ	
ഫണ്ടിനം	അടങ്കൽ	ചെലവ്
ധനകാര്യ കമ്മീഷൻ അവാർഡ്	500000	495000
ആകെ	500000	495000

ചെലവ് വിശദാംശം

ക്രമനമ്പർ	ബിൽ നമ്പർ / തീയതി	തുക
1	2/06.03.2024	495000
	ആകെ	495000

നിർവ്വഹണ ഉദ്യോഗസ്ഥൻ--ഹെഡ്മാസ്റ്റർ
മേൽ പദ്ധതി പ്രകാരം അനർട്ട് മുഖേന 5 KWp ഓൺ - ഗ്രിഡ് സൗര നിലയം ജി.എൽ.പി.എസ് വാടാനാംകുറിശ്ശി സ്കൂൾ കെട്ടിടത്തിൽ സ്ഥാപിക്കുന്നതിന് ചെലവ് വരുന്ന തുക അനർട്ടിന്റെ അക്കൌണ്ടിലേക്ക് (നം.67141838546) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഇതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

മേൽ പദ്ധതി നടപ്പിലാക്കിയതിൽ കണ്ടത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

1. പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പു തന്നെ അനർട്ടിന്റെ അക്കൌണ്ടിലേക്ക് മുഴുവൻ തുകയും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

2. ടി.ഡി.എസ് ഈടാക്കിയിട്ടില്ല--കേന്ദ്ര ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51(7), 24(6), 25 എന്നിവയും 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം-റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം. 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)നം.162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം.ഡി.എ1/87/2019/തസ്വ.ഭ.വ തീ 08.03.19 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന ടിഡിഎസ്, സെക്രട്ടറിയുടെ GSTIN ഉപയോഗിച്ച് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന്, സർക്കുലർ നം നം.ഡി.എ1/87/2019 ത.സ്വ.ഭ.വ തീ 08.09.2020 ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡിഡിഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS (TAX DEDUCTOR) രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവർത്തികളിൽ ടി ഡി എസ് വരുത്തേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2023-24 വർഷത്തിൽ ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി "സ്കൂൾ കെട്ടിടത്തിന് സൌരോർജ്ജ പ്ലാന്റ് സ്ഥാപിക്കൽ " എന്ന പദ്ധതി അനർട്ട് എന്ന സ്ഥാപനം മുഖേന നിർവ്വഹണം നടപ്പാക്കിയതിൽ നിയമാനുസൃതം ഈടാക്കേണ്ടിയിരുന്ന 2% നിരക്കിലുള്ള ടി.ഡി.എസ് 9900/-രൂപ ഈടാക്കിയിട്ടില്ല. മേൽ പറഞ്ഞ സൗര നിലയം സ്ഥാപിക്കുന്നതിനായി അനർട്ട് എന്ന സ്ഥാപനത്തിന് തുക നൽകിയ വേളയിൽ 2% ജി.എസ്.ടി / ടി.ഡി.എസ് നടത്താതെ തുക പൂർണ്ണമായും സപ്ലയറുടെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് നൽകുകയാണ് ചെയ്തിരിക്കുന്നത്.

3.ഏജൻസിയുമായി കരാർ പത്രം ചമച്ചിട്ടില്ല--പ്രവൃത്തി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് അനർട്ടുമായി ഉണ്ടാക്കിയ കരാർ ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് അന്വേഷണത്തിന് (നം.9/23.09.2024&13/23.09.2024) തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

അപാകങ്ങൾ സംബന്ധിച്ച് സ്വീകരിച്ച തുടർനടപടികൾ/ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

1-27 ജ്യോതിസ് സമഗ്ര വിദ്യാഭ്യാസ പദ്ധതി - പദ്ധതി /സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത പദ്ധതികൾ നടപ്പിലാക്കി

പ്രോജക്ട് നം/ പേര്	302/24 ജ്യോതിസ് സമഗ്ര വിദ്യാഭ്യാസ പദ്ധതി
നിർവഹണ ഉദ്യോഗസ്ഥൻ	ഹെഡ്മാസ്റ്റർ - ജി.എൽ.പി.എസ് വാടാനാംകുറിശ്ശി
അടങ്കൽ	1000000/-(തനത് ഫണ്ട്)
ചെലവ്	441920/-

ബിൽ നം	2/ 23.03.2024

ഗ്രാമപഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ വിദ്യാഭ്യാസത്തെ സർഗാത്മകമായി പ്രോത്സാഹിപ്പിക്കുക, സ്കൂളുകൾക്ക് ആവശ്യമായ പഠന സാമഗ്രികൾ വിതരണം ചെയ്യുക, അധ്യാപക-രക്ഷാകർത്തൃ - വിദ്യാർഥി - സാമൂഹ്യപ്രവർത്തകർ എന്നിവരുടെ കൂട്ടായ്മയിലൂടെ പുതിയകാല വിദ്യാഭ്യാസത്തെ ഗുണമേന്മയുള്ളതാക്കുക എന്നീ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനാണ് 'ജ്യോതിസ് സമഗ്ര വിദ്യാഭ്യാസ പദ്ധതി '' ലക്ഷ്യമിടുന്നത്.

പദ്ധതി ഫയൽ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിലെ താഴെ സൂചിപ്പിക്കുന്ന 10 സ്കൂളുകളിലേക്ക് തുക നൽകിയിട്ടുണ്ട്.

ക്രമ നമ്പർ	സ്കൂൾ	
1	എ.എൽ.പി സ്കൂൾ കല്ലാടിപ്പറ്റ	8000
2	ജി.എൽ.പി.എസ് വാടാനാംകുറിശ്ശി	270472
3	എ.എൽ.പി സ്കൂൾ മുള്ളൂർക്കര	17448
4	എ.എം.എൽ.പി സ്കൂൾ കൊണ്ടൂർക്കര	24000
5	ജി.എൽ.പി സ്കൂൾ കല്ലാടിപ്പറ്റ	18000
6	എ.എം.യു.പി സ്കൂൾ കാരക്കാട്	40000
7	എ.എം.എൽ.പി സ്കൂൾ പള്ളിപ്രം	40000
8	എ.എൽ.പി.എസ് വാടാനാംകുറിശ്ശി	8000
9	എ.എൽ.പി.എസ് മരുതൂർ	8000
10	എ.യു.പി സ്കൂൾ പുലശ്ശേരിക്കര	8000
	ആകെ	**441920**

സ്കൂളുകളിൽ താഴെ പറയുന്ന വിവിധയിനം പരിപാടികൾ സംഘടിപ്പിക്കുകയും ആയതിന്റെ ചെലവ് വിശദാംശം സംബന്ധിച്ച രേഖകൾ നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

പരിപാടി	ചെലവ്
യുറീക്ക, തളിര് എന്നീ ബാല മാസികകൾ വാങ്ങിയത്	51920
സയൻസ് ലാബ് ശിൽപശാല -ജി.എൽ.പി.എസ് വാടാനാംകുറിശ്ശി	97528
ഫുട്ബോൾ ടൂർണമെന്റ് ഒരു ദിവസം	60024
നവോത്ഥാന സംഗമം - എ.എം.എൽ.പി സ്കൂൾ പള്ളിപ്രം	40000
അക്ഷര ജ്യോതിസ് - എ.എൽ.പി സ്കൂൾ കല്ലാടിപ്പറ്റ	8000
പ്രീ-പ്രൈമറി -അങ്കണവാടി സർഗോത്സവം ജി.എൽ.പി.എസ് വാടാനാംകുറിശ്ശി	61000

അക്ഷര ജ്യോതിസ് -എ.എൽ.പി സ്കൂൾ മുള്ളൂർക്കര	17448
ഇംഗ്ലീഷ് ഫെസ്റ്റ് & ഔഷധത്തോട്ട നിർമ്മാണം - ജി.എൽ.പി സ്കൂൾ കള്ളാടിപ്പറ്റ	18000
ഇംഗ്ലീഷ് ഫെസ്റ്റ് - എ.എം.എൽ.പി സ്കൂൾ കൊണ്ടൂർക്കര	24000
ഇംഗ്ലീഷ് ഫെസ്റ്റ് - എ.എം.യു.പി സ്കൂൾ കാരക്കാട്	40000
വായനോത്സവം- എ.എൽ.പി.എസ് വാടാനാംകുറിശ്ശി	8000
വായനക്കൂട്ടം -എ.എൽ.പി.എസ് മരുതൂർ	8000
വായനക്കൂട്ടം -എ.യു.പി സ്കൂൾ പുലാശ്ശേരിക്കര	8000
ആകെ	**441920**

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി എസ്.എസ്.എ പദ്ധതിക്ക് സാമ്പത്തിക വർഷം 12 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്ത് കോ ഓർഡിനേറ്റർ, ഷൊർണ്ണൂരിന് കൈമാറിയ സാഹചര്യത്തിൽ 14-ാം പദ്ധതി മാർഗ്ഗരേഖ – സ.ഉ (കൈ) നം.115/2022/ത.സ്വ.ഭ.വ തീയതി 28.05.2022, സ.ഉ (കൈ) നം.84/2022/ത.സ്വ.ഭ.വ തീയതി 19.04.2022 പ്രകാരമുള്ള പദ്ധതി /സബ്സിഡി മാർഗ്ഗരേഖയിൽ പരാമർശിക്കാത്ത ചില പദ്ധതികൾ നിർവ്വഹണം നടത്തിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/24.09.2024) നൽകിയ മറുപടിയിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

പദ്ധതി മാർഗ്ഗരേഖയിലെ ഖ.8.6.5 പ്രകാരം പഠന നിലവാരം ഉയർത്തുക, വിദ്യാർത്ഥി/ വിദ്യാർത്ഥിനികളുടെ സർഗ്ഗാത്മക ശേഷികൾ വികസിപ്പിക്കുക, പരിശീലനം സംഘടിപ്പിക്കുക തുടങ്ങിയ ഗവേഷണാത്മക പ്രോജക്ടുകൾ എസ്.എസ്.കെ, വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ പരിപാടികളുടെ ആവർത്തനം അല്ല എന്ന് ഉറപ്പുവരുത്തിയ ശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്.

ഭാവിയിൽ പദ്ധതി/സബ്സിഡി മാർഗ്ഗരേഖക്കനുസൃതമായി പദ്ധതികൾ രൂപീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-28 കൃഷി ഓഫീസർ നിർവ്വഹിച്ച പദ്ധതി- യൂണിറ്റ് കോസ്റ്റിനേക്കാൾ അധികം നൽകിയ തുക ക്രമീകരിക്കേണ്ടതാണ്

പ്രൊജക്ട് നം/പേര്	ഫണ്ട്	അടങ്കൽ	ചെലവ്	വൌച്ചർ നം / തീയതി
296/24 ആഫ്രിക്കൻ ഒച്ചുകളുടെ നിയന്ത്രണം	തനത് ഫണ്ട്	350000	350000	22301544/29.03.2024

നിർവ്വഹണ ഉദ്യോഗസ്ഥൻ-കൃഷി ഓഫീസർ

ആഫ്രിക്കൻ ഒച്ചുകളുടെ ആക്രമണം കൂടുതലുള്ള ഗ്രാമപഞ്ചായത്തിലെ അഞ്ച് വാർഡുകളിൽ ഇവയെ നിയന്ത്രണ വിധേയമാക്കുന്നതിനായി മരുന്നു പ്രയോഗം നടപ്പാക്കുകയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. കാർഷിക സർവകലാശാലയിലെ വിദഗ്ദരുടെ ശുപാർശ പ്രകാരം വാർഡുകളിൽ ഉപ്പ്, തുരിശ് എന്നിവ ഉപയോഗിച്ച് ഒച്ചുകളെ നിയന്ത്രണ വിധേയമാക്കുകയാണ് ചെയ്യുന്നത്. അതിനായി ഷൊർണൂർ സർവീസ് കോപ്പറേറ്റീവ് ബാങ്ക് മുഖേന കി.ഗ്രാമിന് 330/- രൂപ നിരക്കിൽ തുരിശ് വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഇൻവോയ്സ് നം	ഇനങ്ങൾ	കി.ഗ്രാം	ബിൽ തുക	സ്ഥാപനം
714/18.03.2024	കോപ്പർ സൾഫേറ്റ്	120Kg	39600	ഷൊർണൂർ സർവീസ്

				കോപ്പറേറ്റീവ് ബാങ്ക്
715/18.03.2024	കോപ്പർ സൾഫേറ്റ്	120Kg	39600	ഷൊർണൂർ സർവീസ് കോപ്പറേറ്റീവ് ബാങ്ക്
716/18.03.2024	കോപ്പർ സൾഫേറ്റ്	130Kg	42900	ഷൊർണൂർ സർവീസ് കോപ്പറേറ്റീവ് ബാങ്ക്
717/18.03.2024	കോപ്പർ സൾഫേറ്റ്	135Kg	44550	ഷൊർണൂർ സർവീസ് കോപ്പറേറ്റീവ് ബാങ്ക്
718/18.03.2024	കോപ്പർ സൾഫേറ്റ്	85Kg	28050	ഷൊർണൂർ സർവീസ് കോപ്പറേറ്റീവ് ബാങ്ക്
	ആകെ	**590 Kg**	**194700**	

25.08.2023ലെ ജില്ലാ യൂണിറ്റ് കോസ്റ്റ് സമിതി തീരുമാനം അനുസരിച്ച് ഒരു കി.ഗ്രാം കോപ്പർ സൾഫേറ്റിന് 300/- രൂപയാണ് നിശ്ചയിച്ചിരിക്കുന്നത്. അതിനനുസൃതമല്ലാതെ കി.ഗ്രാമിന് 330/- രൂപക്കാണ് തൻ വർഷം കോപ്പർ സൾഫേറ്റ് വാങ്ങിയിരിക്കുന്നത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഇനം	വാങ്ങിയ നിരക്ക്	അനുവദിക്കാവുന്ന നിരക്ക്	വ്യത്യാസം
കോപ്പർ സൾഫേറ്റ്	590Kg @330/Kg=194700/-	590Kg @300/Kg=177000/-	17700/-

യൂണിറ്റ് കോസ്റ്റിനേക്കാൾ അധികം നിരക്കിൽ തുക അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/24.09.2024) ലഭ്യമാക്കിയ മറുപടിയിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. യൂണിറ്റ് കോസ്റ്റിനേക്കാൾ 17700/- രൂപ അധികം നൽകി ചെലവു ചെയ്തത് തടസ്സപ്പെടുത്തുന്നു. അധികം നൽകിയ തുക ഈടാക്കുകയോ ഷൊർണൂർ സർവീസ് കോപ്പറേറ്റീവ് ബാങ്ക് മുഖേന വാങ്ങുന്ന അടുത്ത ബില്ലിൽ ക്രമീകരിക്കുകയോ ചെയ്ത് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-29 നെൽ വിത്ത് വിതരണം - അധിക തുക നൽകിയ തുക ക്രമീകരിക്കേണ്ടതാണ്

പ്രോജക്ട് നം.	36/24 നെൽവിത്ത് വിതരണം മുണ്ടകൻ
നിർവഹണ ഉദ്യോഗസ്ഥൻ	കൃഷി ഓഫീസർ
അടങ്കൽ	1284840/- (1284840- വികസനഫണ്ട്- ജനറൽ)
ചെലവ്	1284840/- (1284840- വികസനഫണ്ട്- ജനറൽ)
ബിൽ നം/ തിയതി	11/01.02.2024 ₹ 432150 12/01.02.2024 ₹ 499230 13/23.03.2024 ₹ 353460

ഗ്രാമപഞ്ചായത്തിലെ സജീവമായി പ്രവർത്തിക്കുന്ന പാടശേഖരസമിതിയിലെ നെൽകർഷകർക്ക് മുണ്ടകൻ വിളയ്ക്കായി നെൽവിത്ത് വിതരണം ചെയ്യുക എന്നതാണ് പദ്ധതി. പ്രൊജക്ടിന്റെ ഭാഗമായി 29880 കിലോഗ്രാം നെൽവിത്ത് 43/- രൂപ നിരക്കിൽ നാഷണൽ സീഡ്സ് കോർപ്പറേഷൻ ലിമിറ്റഡ് , പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങുകയും അവയുടെ വിലയായ 1284840/- രൂപ അക്കൗണ്ടിലേയ്ക്ക് (A/CNo.30077755085) ട്രാൻസ്ഫർ ക്രെഡിറ്റ് നടത്തുകയും ചെയ്തിട്ടുണ്ട്.ഗ്രാമപഞ്ചായത്തിലെ 12 പാടശേഖര സമിതികളിലെ കർഷകർക്ക് 100% സബ്സിഡി നിരക്കിലാണ് നെൽവിത്ത് വിതരണം ചെയ്തിട്ടുള്ളത്.

സ.ഉ(കൈ)നം.115/2022/LSGD, തീയതി.28.05.2022, സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.1.4 (5) പ്രകാരം

യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി അനുവദിക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

25.08.2023-ലെ ജില്ലാ കളക്ടറുടെ യൂണിറ്റ് കോസ്റ്റ് കമ്മിറ്റിയിലെ തീരുമാനത്തിലെ ക്രമ നമ്പർ (6) പ്രകാരം നെൽവിത്തിനുള്ള യൂണിറ്റ് കോസ്റ്റ് കിലോഗ്രാമിന് 42 രൂപയാണ്. എന്നാൽ യൂണിറ്റ് കോസ്റ്റ് 42/- രൂപയ്ക്ക് പകരമായി 43/- രൂപ വീതം 29880 കിലോഗ്രാം നെൽവിത്തിന് അനുവദിച്ചിട്ടുണ്ട്. തടസ്സപ്പെടുത്തുന്നു.യൂണിറ്റ് കോസ്റ്റിനേക്കാൾ 29880/-രൂപ അധികം ചെലവു ചെയ്തത് തടസ്സപ്പെടുത്തുന്നു.

അധികമായി തുക അനുവദിച്ചതിനുള്ള കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/24.09.2024) ലഭ്യമാക്കിയ മറുപടിയിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അധികം നൽകിയ 29880/- രൂപ ഈടാക്കുകയോ നാഷണൽ സീഡ്സ് കോർപ്പറേഷൻ ലിമിറ്റഡ് , പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്ന് നെൽവിത്ത് വാങ്ങുന്ന അടുത്ത ബില്ലിൽ ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്.

1-30 മെൻസ്ട്രുവൽ കപ്പ്- വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്

പ്രോജക്ട് നം/ പേര്	15/24,വനിതകൾക്ക് മെൻസ്ട്രുവൽ കപ്പ് വിതരണം
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, പിഎച്ച് സി
അടങ്കൽ	₹500000/-(വികസന ഫണ്ട് - ജനറൽ)
ചെലവ്	₹486750/- ബിൽ നമ്പർ/ തീയതി 91/25.03.2024 - ₹486750/-

ഗ്രാമപഞ്ചായത്തിലെ വനിതകൾക്ക് 22 വാർഡുകളിലായി 75 മെൻസ്ട്രുവൽ കപ്പ് വിതരണം ചെയ്യുന്നതിനാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്.
സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൌണ്ടേഷൻ, പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നും 1650 മെൻസ്ട്രുവൽ കപ്പ് 295/- രൂപ നിരക്കിൽ (ഇൻവോയ്സ് നമ്പർ / തീയതി - SEUF/PKD/INV/752/23-24/22/23.03.2024) വാങ്ങിയിട്ടുണ്ട്.

പദ്ധതി ലക്ഷ്യം

1. ഗ്രാമപഞ്ചായത്തിലെ വനിതകൾക്ക് ആർത്തവ ശുചിത്വം ഉറപ്പ് വരുത്തുന്നതിനായി മെൻസ്ട്രുവൽ കപ്പ് വാങ്ങി വിതരണം ചെയ്യുക.

2. ആർത്തവ ശുചിത്വം, മെൻസ്ട്രുവൽ കപ്പിന്റെ ഉപയോഗം എന്നിവയെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിന് ബോധവൽക്കരണ ക്ലാസുകൾ നടത്തുക.

മേൽ പദ്ധതി നടപ്പിലാക്കിയതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട 15 വയസിന് മേൽ പ്രായമുള്ള വനിതകളെയാണ് ഗുണഭോക്താക്കളായി തിരഞ്ഞെടുക്കുന്നത്. ഇവർക്ക് മെൻസ്ട്രുവൽ കപ്പിന്റെ ഉപയോഗത്തെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിന് ബോധവൽക്കരണ ക്ലാസുകൾ നടത്തി വിതരണം നടത്തുന്നതിനായി അങ്കണവാടി പ്രവർത്തകർ, ആശാ വർക്കർമാർ, കുടുംബശ്രീ പ്രവർത്തകർ എന്നിവരെ നിയോഗിക്കാനാണ് നിശ്ചയിച്ചിരുന്നത്. എന്നാൽ ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളൊന്നും നടത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/25.09.2024) മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ 486750/- രൂപ ചെലവ് ചെയ്തത് തടസ്സപ്പെടുത്തുന്നു.

ബോധവൽക്കരണ ക്ലാസുകൾ നടത്തിയതിന്റെ രേഖകൾ, മെൻസ്ട്രുവൽ കപ്പ് അർഹതപ്പെട്ടവർക്ക് വിതരണം നടത്തിയ രേഖകൾ, സ്റ്റോക്ക് രജിസ്റ്റർ, മോണിറ്ററിംഗ് നടത്തിയതിന്റെ വിശദാംശങ്ങൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-31 ലൈഫ് ഭവനനിർമ്മാണം- ഗുണഭോക്താവിന് അധികമായി തുക അനുവദിച്ചു

പ്രോജക്ട് നം.	61/24 (ലൈഫ് ഭവനപദ്ധതി- എസ്.സി.പി)
നിർവഹണ ഉദ്യോഗസ്ഥൻ	വി.ഇ.ഒ

അടങ്കൽ	44000000/- (4365524- വികസനഫണ്ട് (Scp), സംസ്ഥാനാവിഷ്കൃത ഫണ്ട് -11000000, ബ്ലോക്ക് വിഹിതം-2200000 ജില്ലാപഞ്ചായത്ത് വിഹിതം-2200000 മറ്റുള്ളവ-24200000 തനത് ഫണ്ട് - 34476)
ചെലവ്	7145524 (4365524- വികസനഫണ്ട് (Scp), സംസ്ഥാനാവിഷ്കൃത ഫണ്ട് -2300000, ബ്ലോക്ക് വിഹിതം-480000)
ബിൽ നം/ തിയതി	01/20.05.2023 ₹ 1240000 02/05.06.2023 ₹ 720000 06/17.08.2023 ₹480000 10/15.11.2023 ₹100000 11/15.11.2023 ₹872000 12/15.11.2023 ₹ 900000 14/23.11.2023 ₹80000 15/21.12.2023 ₹ 200000 Cheque No.120259/06.02.2024 ₹ 1100000 Cheque No.120259 /06.02.2024 ₹1100000 Cheque No.120259 /06.02.2024 ₹ 100000 Plan Fund/23.03.2024 ₹ 253524

ലൈഫ് മിഷൻ ലിസ്റ്റിലുൾപ്പെട്ട എസ്.സി.പി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കുന്നതിന് 400000/- രൂപ നൽകുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ളത്. ലൈഫ് രജിസ്റ്റർ, ചെലവുരേഖകൾ എന്നിവ പരിശോധിച്ചതിൽ, താഴെപ്പറയുന്ന ഗുണഭോക്താവിന് ഭവനനിർമ്മാണത്തിനായി 4 ലക്ഷം രൂപയിൽ കൂടുതൽ തുക അനുവദിച്ചതായി കണ്ടെത്തി.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

മാധവി, മുണ്ടൻമാരിൽ വീട്, മരുതൂർ (വാർഡ്-21) എന്ന ഗുണഭോക്താവിന് ഭവനനിർമ്മാണത്തിനായി 4 ലക്ഷം രൂപയ്ക്ക് പകരം 5 ലക്ഷം രൂപ അക്കൌണ്ടിലേക്ക് (A/C No.30082430058, SBIN0006458) അനുവദിച്ചിട്ടുണ്ട്. തുക നൽകിയതു സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നമ്പർ	ബിൽ റെഫറൻസ് നമ്പർ/ തീയതി	ഫണ്ട്	തുക
1	2321045201410010849/19.05.2023	വികസന ഫണ്ട്(Scp)	40000
2	232104520141004474 39/08.08.2023	വികസന ഫണ്ട്(Scp)	160000
3	232104520141007879 57/17.11.2023	വികസന ഫണ്ട്(Scp)	100000
4	5081500901230057/06.02.2024	തനത് ഫണ്ട്	100000
5	23210452014101461985/23.03.2024	വികസന ഫണ്ട്(Scp)	100000

സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഭവന നിർമ്മാണത്തിന് ജനറൽ / എസ്.സി.പി വിഭാഗക്കാർക്ക് നൽകാവുന്ന പരമാവധി തുക 4 ലക്ഷം രൂപയാണ്. ഒരു ലക്ഷം രൂപ മേൽ സൂചിപ്പിച്ച ഗുണഭോക്താവിന് അധികം നൽകിയിട്ടുണ്ട്.

ഒരു ലക്ഷം രൂപ അധികം നൽകിയതിന് വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (39/26.09.2024) ലഭ്യമാക്കിയ മറുപടിയിൽ തുക തിരികെ അടവാക്കാമെന്ന്

അറിയിച്ചിട്ടുണ്ട്. അധികമായി അനുവദിച്ച 100000/- രൂപ നിരാകരിക്കുന്നു. (ഭാഗം 3-1 കാണുക)

1-32 വൃദ്ധർക്ക് കട്ടിൽ - കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ ഒഴിവാക്കി

പ്രൊജക്ട്	133/24 പട്ടികജാതി വൃദ്ധർക്ക് കട്ടിൽ
അടങ്കൽ	520000 രൂപ –വികസനഫണ്ട് എസ്.സി.പി
ചെലവ്	323900 രൂപ
ബിൽ നം	20/24.03.24-323900 രൂപ
സപ്ലെയർ	ആർട്ട്കോ പാലക്കാട്

നിർവ്വഹണ ഉദ്യോഗസ്ഥൻ--അസിസ്റ്റന്റ് സെക്രട്ടറി
ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപെട്ട വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകുന്നതിന് പ്രൊജക്ട് രൂപീകരിക്കുകയും അക്രഡിറ്റഡ് ഏജൻസികളിൽനിന്ന് ടെണ്ടർ ക്ഷണിക്കുകയും, താഴെപറയുന്ന സ്ഥാപനങ്ങൾ ടെണ്ടറിൽ പങ്കെടുക്കുകയും ചെയ്തിരുന്നു.
ഗ്രാമ പഞ്ചായത്ത് ടെണ്ടറിൽ ആവശ്യപ്പെട്ട സ്പെസിഫിക്കേഷനും വിവിധ സ്ഥാപനങ്ങൾ സമർപ്പിച്ച നിരക്കുകളും ചുവടെ ചേർക്കുന്നു.

സ്പെസിഫിക്കേഷൻ	ആർട്ട്കോ പാലക്കാട്	ആർട്ട്കോ കോഴിക്കോട്	കാഡ്കോ എറണാകുളം	കാഡ്കോ കോഴിക്കോട്
1.98 M.നീളം 90 Cm വീതി, 8 Mm കനം മുകൾഭാഗം പ്ലൈവുഡ്	4100 രൂപ	3550 രൂപ	3790 രൂപ	മഹാഗണി 3642 ആഞ്ഞിലി 3942

ടെണ്ടർ സമർപ്പിച്ച എല്ലാ സ്ഥാപനങ്ങളും ടെണ്ടർ സ്പെസിഫിക്കേഷൻ പ്രകാരമാണ് നിരക്ക് കാണിച്ചിരിക്കുന്നത്.

സ.ഉ (കൈ)നം.115/2022/ത.സ്വ.ഭ.വ തീ 28.05.2022 പ്രകാരം പുറപ്പെടുവിച്ച 14-ാം പഞ്ചവത്സര പദ്ധതി യുടെ സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 2.20പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടി ക്രമങ്ങളുടെ വാങ്ങൽ രേഖയിൽ പ്രത്യേകം പരാമർശിക്കാത്ത സംഗതികളിൽ സ.ഉ.(പ്രി) നം 259/2010/ത.സ്വ.ഭ.വ തീ 08.11.2010പ്രകാരമുള്ള പ്രൊക്യുർമെന്റ് മാർഗരേഖ ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത മാർഗരേഖയിൽ വാങ്ങലിന്റെ ആവശ്യം തിരിച്ചറിഞ്ഞ് സ്പെസിഫിക്കേഷൻ തയ്യാറാക്കേണ്ടതും ആയത് പ്രകാരം വാങ്ങൽ പദ്ധതി അന്തിമമാക്കുകയും ചെയ്യേണ്ടതിന്റെ പ്രധാന ചുമതല പ്രൊക്യുർമെന്റ് ടീമിനാണ്.

അംഗീകൃത ഏജൻസികളിൽ നിന്നു മാത്രം ഓഫർ ക്ഷണിക്കുന്നതിന് 2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വലിലും 2010 ലെ പ്രൊക്യുർമെന്റ് മാർഗ്ഗരേഖയിലും വ്യവസ്ഥ ചെയ്തിട്ടില്ല എന്നിരിക്കെ അപ്രകാരം ആസൂത്രണ-നിർവ്വഹണ നടപടികൾ സ്വീകരിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

സർക്കാർ ഉത്തരവ്(ആർ.ടി) നം 1288/2015/LSGD Dt.30.04.15,GO(P) 524/2015/Fin Dt.17.11.15 എന്നിവ പ്രകാരം എസ്റ്റിമേറ്റ് തുക 5 ലക്ഷവുംഅതിന് മുകളിലുള്ള എല്ലാ പ്രവർത്തികളും ഇ-ടെണ്ടർ മുഖാന്തിരം മാത്രമേ നിർവ്വഹിക്കാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിന് വിരുദ്ധമായി 520000 രൂപ അടങ്കലുള്ള പ്രവൃത്തി നടപ്പിലാക്കിയത് മാർഗരേഖയുടെ ലംഘനമാണ്.

10.01.2024 ലെ 2-ാം നമ്പർ പ്രൊക്യുർമെന്റ് കമ്മിറ്റി തീരുമാന പ്രകാരം 4 സ്ഥാപനങ്ങളോടും സാമ്പിൾ ഹാജരാക്കാൻ നിർദേശിച്ചിരുന്നു. ഹാജരാക്കിയ സാമ്പിളുകൾ പ്രൊക്യുർമെന്റ് കമ്മിറ്റി പരിശോധന നടത്തുകയും, ഏറ്റവും ഉയർന്ന നിരക്ക് രേഖപ്പെടുത്തിയ ആർട്ട്കോ പാലക്കാട് ഒഴികെ മറ്റുള്ളവയുടെ സാമ്പിളുകൾ ഗുണനിലവാരം കുറഞ്ഞതാണെന്നും, ആർട്ട്കോ പാലക്കാടിന്റെ ടെണ്ടർ അംഗീകരിച്ച് സാമഗ്രികൾ വാങ്ങുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് ഭരണസമിതിയോട് ശുപാർശ ചെയ്തു. നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറി വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടില്ല. 11.01.2024 ലെ 2(2) നം.ഭരണസമിതി തീരുമാന പ്രകാരം ടെണ്ടർ അംഗീകരിച്ചു.

ടെണ്ടർ സ്പെസിഫിക്കേഷനിൽ പറയാത്ത യാതൊരു കാരണങ്ങളും ചൂണ്ടികാണിച്ച് കുറവ് നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ ഒഴിവാക്കാൻ പാടുള്ളതല്ല. പ്രൊക്യുർമെന്റ് കമ്മിറ്റി യോഗത്തിൽ

സാങ്കേതിക വിദഗ്ദൻ പങ്കെടുത്തിട്ടില്ല, കട്ടിലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സാങ്കേതിക പരിശോധന റിപ്പോർട്ട് ഇല്ല. ഒരേ അക്രഡിറ്റഡ് ഏജൻസിയുടെ വിവിധ യൂണിറ്റുകൾ നിർമ്മിക്കുന്ന സാധനങ്ങൾ ഗുണനിലവാരം ഇല്ല എന്ന് കണ്ടെത്തിയത് എപ്രകാരമാണെന്ന് വ്യക്തമല്ല. കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനങ്ങളുടെ ടെണ്ടർ നിരസിച്ചത് മാർഗരേഖയുടെ ലംഘനമാണ്. കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ ഒഴിവാക്കിയതു മൂലം ഗ്രാമപഞ്ചായത്തിന് താഴെപറയുന്ന പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇൻവോയ്സ് നം	ബിൽ പ്രകാരം നൽകിയ തുക	കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയതു പ്രകാരം നൽകേണ്ടത്	അധികം നൽകിയ തുക
PKD243/01.03.2024-323900	4100X79= 323900	3550X79=280450	43450

ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ ഒഴിവാക്കി ഉയർന്ന നിരക്കിലുള്ള ടെണ്ടർ മുഖാന്തിരം സാധനങ്ങൾ വാങ്ങിയതുമൂലം 43450 രൂപ പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടായിട്ടുണ്ട്. ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/23.09.2024) 12.12.2023 ലെ 2(2) നം. ഭരണസമിതി തീരുമാന പ്രകാരം അക്രഡിറ്റഡ് ഏജൻസിയിൽ നിന്ന് ടെണ്ടർ ക്ഷണിച്ച് നടപ്പിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയതിനാലാണ് വാങ്ങിയതെന്നും, സാമ്പിൾ പരിശോധിച്ച പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗങ്ങളുടെ മുൻകാല അറിവും പരിചയ സമ്പത്തും പരിഗണിച്ചും ജനങ്ങൾക്ക് ഗുണമേന്മയുള്ള സാധനങ്ങൾ വാങ്ങി നൽകുക എന്ന ഉദ്ദേശത്തോടെയാണ് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ കട്ടിൽ വാങ്ങിയതെന്ന് മറുപടി നൽകിയിട്ടുണ്ട്.
ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടി അംഗീകരിക്കുന്നില്ല. 43450 രൂപ അധികം ചെലവു ചെയ്തത് തടസപ്പെടുത്തുന്നു.

<u>1-33 പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക്- ഗുണഭോക്തൃ വിഹിതം ഉൾപ്പെടുത്തിയില്ല</u>

പ്രോജക്ട്	136/24 പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക്
അടങ്കൽ	420000 വികസനഫണ്ട് എസ്.സി.പി
ചെലവ്	120750 രൂപ
സപ്ലെയർ	AH Wood Industries, Vattambalam Mannarkkad
ഇൻവോയ്സ്	B2B224/04.03.24- 64400 (28 Nos) B2B225/04.03.24- 64400 (28 Nos) B2B226/04.03.24- 32200 (14 Nos)
ബിൽ നം.തീയതി	19/24.03.24- 56350 രൂപ
	22/24.03.24- 64400 രൂപ

നിർവഹണോദ്യോഗസ്ഥൻ--അസിസ്റ്റന്റ് സെക്രട്ടറി
പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് നൽകൽ എന്ന പ്രൊജക്ടിൽ ഗുണഭോക്തൃ വിഹിതം ഈടാക്കാതെ മുഴുവൻ തുകയും പദ്ധതി ഫണ്ടിൽനിന്നും സപ്ലെയർക്ക് നൽകിയിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു

സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ തീയതി 28.05.2022 പ്രകാരമുള്ള സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 6.6ക്രമ നം.5 പ്രകാരം പട്ടികജാതി ഗുണഭോക്താക്കൾക്ക് പി.വി.സി വാട്ടർ ടാങ്കിന് 75% തുക മാത്രമാണ് സബ്സിഡി അനുവദിക്കാവുന്നത്. 25% തുക ഗുണഭോക്തൃ വിഹിതമായി ഗ്രാമ പഞ്ചായത്തിൽ അടവാക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഗുണഭോക്തൃ വിഹിതം വകയിരുത്താതെയാണ് പ്രൊജക്ട് രൂപീകരിച്ചത്. ആയതിന് 03.06.2023 ലെ Ptb23-24/Ong നം. ഉത്തരവ് പ്രകാരം വെറ്റിംഗ് ഓഫീസർ അംഗീകാരം നൽകിയിട്ടുണ്ട് (ശ്രീമതി സജിനി. പി.എം, SCDO Gr 1 പട്ടാമ്പി ബ്ലോക്ക്)

Gem മുഖാന്തിരം ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറവ് നിരക്ക് (@2300) രേഖപ്പെടുത്തിയ AH Wood Industries, Vattambalam Mannarkkad എന്ന സ്ഥാപനത്തിൽനിന്നും 500 ലിറ്ററിന്റെ 70 ടാങ്ക് വാങ്ങി, വിതരണം ചെയ്തിട്ടുണ്ട്. ഗുണഭോക്തൃവിഹിതം ഇനത്തിൽ 40250 രൂപ ഈടാക്കേണ്ടതായിരുന്നു (@575/- രൂപ, 2300x25%= 575) 2023-24 ൽ 120750 രൂപയാണ് നൽകിയിട്ടുള്ളത്.

സബ്സിഡി മാർഗരേഖയിലെ നിർദേശങ്ങൾക്ക് വിരുദ്ധമായി പ്രൊജക്ട് നടപ്പിലാക്കിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/23.09.2024)

ഗുണഭോക്തൃവിഹിതം പ്രൊജക്ടിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന് ബോധ്യപ്പെട്ടതിനെ തുടർന്ന് വാട്ടർ ടാങ്കിന്റെ 75 % തുക പ്ലാൻ ഫണ്ടിൽനിന്നും നൽകുകയും പ്രവൃത്തി സ്പിൽ ഓവർ ആക്കി 2024-25 വർഷത്തിൽ ഗുണഭോക്തൃവിഹിതം ഉൾപ്പെടുത്തി ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങുകയും ചെയ്തിട്ടുണ്ട്. 2024-25 വർഷത്തിൽ 26 ടാങ്കുകൾകൂടി വാങ്ങുകയും ചെയ്തിട്ടുണ്ട്. ആകെ 96 ഗുണഭോക്താക്കളുടെ വിഹിതം 55200 രൂപ (96x575=55200) തനതു ഫണ്ടിൽ അടവാക്കിയിട്ടുണ്ട്, ആയത് സപ്ലെയർക്ക് നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

1-34 ക്ഷീര സഹകരണ സംഘങ്ങൾക്ക് റിവോൾവിങ്ങ് ഫണ്ട്- മൃഗസംരക്ഷണവും ക്ഷീരവികസനവും മോണിട്ടറിങ്ങ് സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ്

പ്രൊജക്ട്-	S0126/24- ക്ഷീര സഹകരണ സംഘങ്ങൾക്ക് റിവോൾവിങ്ങ് ഫണ്ട്
നിർവഹണോദ്യോഗസ്ഥൻ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ
അടങ്കൽ	600000 (വികസന ഫണ്ട്-200000 രൂപ) തനത് ഫണ്ട് -400000 രൂപ)
ചെലവ്:	600000 രൂപ
വൌച്ചർ നം/തീയതി / തുക	വികസന ഫണ്ട് 42301735 -07-02-2024 -100000 42301736 - 07-02-2024 -100000 തനത്ഫണ്ട്- 42301232 -13.02.2024- 100000 (ഫയൽ നം.400761/DPPE04-General/2024/1423) 42301255-20.02.204-300000 (400761/DPPE04 - General/2024/1619)

പ്രോജക്ടിൻറെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും --പ്രോജക്ട് രൂപീകരണ ഫോറം 1 പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഓങ്ങല്ലൂർ ഗ്രാമ പഞ്ചായത്ത് പരിധിയിലെ മൂന്നു വർഷത്തിലധികം കാലം പ്രവർത്തിക്കുന്നതും, ഓഡിറ്റ് കൃത്യമായി നടക്കുന്നതും,അപേക്ഷക്ക് തൊട്ട് മുൻപ് വർഷം ലാഭത്തിലുള്ളതുമായ, ഗ്രാമ പഞ്ചായത്തിനു എഗ്രിമെന്റ് നൽകിയതുമായ ക്ഷീര സംഘത്തിനു ഒറ്റ തവണ ക്ഷീര സംഘം സെക്രട്ടറിയുടെയും, നിർവഹണഉദ്യോഗസ്ഥന്റെയും സംയുക്ത അക്കൌണ്ടിലേക്ക് 200000 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ക്ഷീരസംഘത്തിലെ പാലളക്കുന്ന സംഘത്തെ ഫണ്ട് 15 മാസങ്ങളിലായി പൂർണ്ണമായും തിരികെ നൽകേണ്ടതാണെന്ന എഗ്രിമെന്റിൽ സംഘം ഭരണ സമിതി തെരഞ്ഞെടുക്കുകയും ചെയ്തു. മുൻഗണന നിശ്ചയിച്ച ഗ്രാമ പഞ്ചായത്തിന്റെ അംഗീകാരം ലഭിച്ച ആദ്യ 5 കർഷകർക്ക് 40000 രൂപ നൽകി പശുവിനെ പഞ്ചായത്ത് ക്ഷീര വികസന വകുപ്പ് നടപ്പാക്കിയ ഹീഫർ പാർക്കിൽ നിന്നോ ഗ്രാമ പഞ്ചായത്തിനു വെളിയിൽ നിന്നോ സംഘം പ്രതിനിധി സംഘം സെക്രട്ടറി, മൃഗ സംരക്ഷണ ഉദ്യോഗസ്ഥൻ, ഗ്രാമ പഞ്ചായത്ത് പ്രതിനിധി, നിർവഹണ ഉദ്യോഗസ്ഥൻ, ഗുണഭോക്താക്കളുടെ പ്രതിനിധി എന്നിവർ ചേർന്ന പർച്ചേസ് കമ്മിറ്റിയുടെ അംഗീകാരത്തോടെ വാങ്ങി ഇൻഷുറൻസ് ചെയ്യേണ്ടതും രേഖകൾ നിർവഹണ ഉദ്യോഗസ്ഥന് കൈമാറേണ്ടതും ആകുന്നു . ഇപ്രകാരം, ആദ്യ അഞ്ചു ഗുണഭോക്താക്കളുടെ തിരിച്ചടവ് പൂർണ്ണമാകുന്ന മുറയ്ക്ക്, നേരത്തെ അംഗീകരിച്ച അടുത്ത അഞ്ചു ഗുണ ഭോക്താക്കൾക്ക് ഫണ്ട് നൽകുന്നതും, ഇപ്രകാരം പൂർണ്ണമായും, ലിസ്റ്റിലെ ആളുകൾ കഴിയുന്ന മുറക്ക് ഗ്രാമ പഞ്ചായത്തിന്റെ അനുമതിയോടെ അടുത്ത സംഘത്തിലേക്ക് തുക പരിക്രമണം ചെയ്യാനായി നൽകുന്നു.

പ്രസ്തുത പദ്ധതിയിലൂടെ 200000 രൂപ വീതം വാടാനാം കുറിശ്ശി ക്ഷീരോൽപാദക സഹകരണ സംഘം , മരൂതുർ ക്ഷീരാൽപാദക സഹകരണ സംഘം, ഓങ്ങല്ലൂർ ക്ഷീരോൽപാദക സഹകരണ സംഘം എന്നിവർക്ക് വിതരണം ചെയ്യിട്ടുണ്ട്. ഇവയിൽ ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ താഴെ പറയുന്ന രീതിയിൽ കർഷകർക്ക് 40000 രൂപ വീതം നൽകുകയും ചെയ്യിരിക്കുന്നു. ഗുണഭോക്തക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	മരുതുർ ക്ഷീരോൽപാദക സഹകരണ സംഘം	ഓങ്ങല്ലൂർ ക്ഷീരോൽപാദക സഹകരണ സംഘം	വാടാനാം കുറിശ്ശി ക്ഷീരോൽപാദക സഹകരണ സംഘം
1	സീനത്ത് വട്ടപറമ്പിൽ മരുതൂർ	സതീഷ് കെ കള്ളാടിപ്പറ്റ	ജയകൃഷ്ണൻ,ഗുരുകൃപ ,ചെങ്ങണാംകുന്നത്ത് വാര്യം കൊണ്ടൂർക്കര
2	വിലാസിനി. കെ കൊല്ലത്തിൽ മരുതൂർ	സുനിത മുലൂർക്കര **കള്ളാടിപ്പറ്റ**	പരമേശ്വരൻ തെക്കേതിൽ വാടാനാംകുറിശ്ശി
3	ഷൈലജ അക്കരതൊടി മരുതൂർ	കോരൻ കെ കൊണ്ടിത്തൊടി കള്ളാടിപ്പറ്റ	ശ്യമാള പി ,പൂവത്തിങ്കൽ വീട്ടിൽ വാടാനാംകുറിശ്ശി
4	സൌമ്യ മുല്ലക്കൽ മരുതൂർ	ആയിഷ പറമ്പിൽ കൊണ്ടൂർക്കര	ചാമി വി വടക്കെപൊട്ട് വീട്ടിൽ വാടാനാംകുറിശ്ശി
5	വള്ളി.എ.പി ആലക്കപറമ്പിൽ	വേലായുധൻ കിഴക്കും പുറത്ത് വലിയവീട്ടിൽ	വിജയ നിർമ്മല പൂവത്തിങ്കൽ വാടാനാംകുറിശ്ശി
	5X40000= 200000	5x40000=200000	5X40000= 200000

എന്നാൽ ടി പ്രോജക്റ്റ് നടപ്പാക്കിയതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമ പഞ്ചായത്തിന്റെ അംഗീകാരം ലഭിച്ച ആദ്യ 5 കർഷകർക്ക് 40000 രൂപ നൽകി പശുവിനെ പഞ്ചായത്ത് ക്ഷീര വികസന വകുപ്പ് നടപ്പാക്കിയ ഹീഫർ പാർക്കിൽ നിന്നോ ഗ്രാമ പഞ്ചായത്തിനു വെളിയിൽ നിന്നോ സംഘം പ്രതിനിധി സംഘം സെക്രട്ടറി, മൃഗ സംരക്ഷണ ഉദ്യോഗസ്ഥൻ, ഗ്രാമ പഞ്ചായത്ത് പ്രതിനിധി, നിർവഹണ ഉദ്യോഗസ്ഥൻ, ഗുണഭോക്താക്കളുടെ പ്രതിനിധി എന്നിവർ ചേർന്ന പർച്ചേസ് കമ്മിറ്റിയുടെ അംഗീകാരത്തോടെ വാങ്ങി ഇൻഷുറൻസ് ചെയ്യേണ്ടതും രേഖകൾ നിർവഹണ ഉദ്യോഗസ്ഥന് കൈമാറേണ്ടതും ആകുന്നു. എന്ന് പ്രോജക്റ്റിന്റെ ലക്ഷ്യത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ അത്തരത്തിൽ പശു വാങ്ങിയതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

2. പ്രോജക്ടിൽ നിർദ്ദേശിച്ച മൃഗസംരക്ഷണവും ക്ഷീരവികസനവും എന്ന വർക്കിങ് ഗ്രൂപ്പിന്റെ പദ്ധതി മോണിട്ടറിങ്ങ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും/നിലവിൽ പഞ്ചായത്ത് കൈക്കൊള്ളുന്ന പദ്ധതി മോണിട്ടറിങ്ങ് സംവിധാനം വിശദമാക്കേണ്ടതുമാണ്.

ഈ വിഷയങ്ങൾ സംബന്ധിച്ച എൻക്വയറിയ്ക്ക് (35/26.09.2024) ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

1.എല്ലാമാസവും തിരിച്ചടവ് വരുന്നുണ്ടെന്ന കാര്യം ഉറപ്പുവരുത്തുന്നതാണ്.

2. പർച്ചേഴ്സ് കമ്മിറ്റി മുഖേന വാങ്ങണമെന്ന വിവരം റിവോൾവിങ്ങ് ഫണ്ട് സംബന്ധിച്ച പദ്ധതി മാർഗ്ഗരേഖയിൽ പറഞ്ഞിട്ടില്ലെന്നും എന്നാൽ ഈ പദ്ധതി വിഭാവനം ചെയ്യുകയും എന്ററ് ചെയ്യുകയും ചെയ്ത നിർവ്വഹണ ഉദ്യോഗസ്ഥൻ അങ്ങനെ പദ്ധതിയിൽ പറഞ്ഞിട്ടുണ്ടെന്ന കാര്യം 2023 ജൂലൈയിൽ ചാർജ് എടുത്ത നിർവ്വഹണഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നില്ല എന്ന് അറിയിച്ചിട്ടുണ്ട്. എന്നിരുന്നാലും ഗുണഭോക്തക്കളായ കർഷകർ എല്ലാം പുതിയ പശുവിനെ വാങ്ങിയെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ ഉറപ്പു വരുത്തിയിട്ടുള്ളതാണെന്നും , പദ്ധതി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത കാര്യമാണെങ്കിലും പദ്ധതി റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ തുടർന്ന് നടത്തുന്ന പർച്ചേസുകൾ മേൽ മാനദണ്ഡ പ്രകാരം തന്നെ നടപ്പിലാക്കുന്നതാണെന്ന് ഉറപ്പ് വരുത്തുന്നതാണ്.

3. മോണിട്ടറിങ്ങ് സമിതിയുടെ കൃത്യമായ പരിശോധന ഉറപ്പ് വരുത്തുന്നതാണ്.

പരിശോധനയ്ക്ക് ഹാജരാക്കിയ പാസ് ബുക്ക് രേഖകൾ പ്രകാരം -ഷൊർണ്ണൂർ കോ- ഓപ്പറേറ്റീവ് ബാങ്കിന്റെ (അക്കൌണ്ട് നം .104100010408325-വാടാനാംകുറിശ്ശി , അക്കൌണ്ട് നം .104100010313564- ഓങ്ങല്ലൂർ ,അക്കൌണ്ട് നം -103100010410282- മരുതുർ) വാടാനാംകുറിശ്ശി, ഓങ്ങല്ലൂർ ക്ഷീരോൽപ്പാദക സംഘങ്ങൾ ഗുണഭോക്താക്കളിൽ നിന്ന് തുക തിരിച്ച് ഈടാക്കാൻ തുടങ്ങിയിട്ടുണ്ടെങ്കിലും മരുതൂർ ക്ഷീരോൽപാദക സംഘം 03.09.2024 മാത്രമാണ് 30000 രൂപ ഗുണഭോക്താക്കളിൽ നിന്നും തിരിച്ചടച്ചത്.

മാർച്ചിൽ വിതരണം നടത്തിയ പശുവിന്റെ വില നാളിതുവരെയായിട്ടും ഗഡുക്കളായി പിരിച്ചെടുത്തിട്ടില്ല. പദ്ധതി നടത്തിപ്പിന്റെ മോണിറ്ററിങ്ങ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

പ്രോജക്ടിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും ഫോം 1 ൽ പ്രസ്താവിക്കുകയും എന്നാൽ ഈകാര്യം പുതിയതായി ചാർജ്ജ് എടുത്ത നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നില്ല എന്ന വാദം അംഗീകരിക്കാൻ കഴിയുന്നതല്ല .

പർച്ചേസ്സുകൾ മാനദണ്ഡ പ്രകാരം നടപ്പിലാക്കേണ്ടതാണ്. പഞ്ചായത്തിലെ എല്ലാ ക്ഷീരോൽപാദക സംഘത്തിലെ ഗുണഭോക്തൃ ലിസ്റ്റിലെ എല്ലാ ക്ഷീരകർഷകരിലും തുകയുടെ സംക്രമണം പൂർത്തികരിച്ചതിനുശേഷം ടി തുക പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടക്കേണ്ടതാണ്. ക്ഷീരസഹകരണ സംഘങ്ങൾ ഗഡുക്കളായി പിരിച്ചെടുക്കുന്ന തുക ഗുണഭോക്തക്കളെ അറിയിക്കണ്ടതും ടി തുക പ്രസ്തുത ബാങ്ക് അക്കൌണ്ടിൽ അടവാക്കേണ്ടതുമാണ്. പാസ് ബുക്ക് രേഖകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ ,മോണിറ്ററിംഗ് സമിതി എന്നിവർ തുടർച്ചയായി പരിശോധിക്കേണ്ടതുമാണ്. വർഷങ്ങൾ നീളുന്ന പദ്ധതിയായതിനാൽ തിരിച്ച് അടവ് മുടങ്ങിയ ക്ഷീരോൽപ്പാദക സംഘങ്ങളിൽ ടി തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതിനാൽ മൃഗസംരക്ഷണവും ക്ഷീരവികസനവും എന്ന വർക്കിങ്ങ് ഗ്രൂപ്പിന്റെ പദ്ധതി മോണിട്ടറിങ്ങ് റിപ്പോർട്ട്/നിലവിൽ പഞ്ചായത്ത് കൈക്കൊള്ളുന്ന പദ്ധതി മോണിട്ടറിങ്ങ് സംവിധാനം എന്നിവ കാര്യക്ഷമമാക്കേണ്ടതാണ്.

1-35 എസ്.എസ്.എ വിഹിതം നൽകൽ - വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്

പ്രൊജക്റ്റ്	അടങ്കൽ	ബിൽ നം. തിയതി	തുക
04/24എസ്.എസ്.കെ വിഹിതം എസ്.സി	രൂ.200000 (വികസന ഫണ്ട്)	09/23.11.23	200000
03/24എസ്.എസ്.കെ വിഹിതം ജനറൽ	രൂ.200000 (വികസന ഫണ്ട്)	07/03.10.23	1000000

നിർവ്വഹണോദ്യോഗസ്ഥൻ--സെക്രട്ടറി

കേന്ദ്ര മാനവ ശേഷി വികസന മന്ത്രാലയം, സ്കൂൾ ഏഡ്യുക്കേഷൻ ആന്റ് ലിറ്ററസി വകുപ്പിന്റെ 22-2-18 ലെ ധാരണാപത്രം ഖണ്ഡിക 4.1 പ്രകാരം Integrated Scheme For School Education: Merging The Centrally Sponsored Schemes Of SSA, RMSA &TE കളുടെ ചെലവിന്റെ 60 ശതമാനം കേന്ദ്രസർക്കാരും 40 ശതമാനം സംസ്ഥാന സർക്കാരും വഹിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സ.ഉ(കൈ)നം.84/2022/ത.സ്വ.ഭ.വ തീയതി 19.04.2022 പ്രകാരമുള്ള 14 ാം പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 5.2.എ (2) പ്രകാരം നിർദ്ദേശാനുസരണം നടപ്പിലാക്കിയിട്ടുള്ള "എസ്.എസ്.എ. വിഹിതം നൽകൽ" പ്രൊജക്ടുകൾ പ്രകാരം ബ്ലോക്ക് പ്രൊജക്റ്റ് ഓഫീസർ, എസ്.എസ്.കെ, ഷൊർണ്ണൂരിന്റെ അക്കൗണ്ടിലേക്ക് (IFSC Code: CNRB0000719 A/C No: 0719101048942) 150000.00 രൂപ കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഈ ചെലവുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന കാര്യങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിരുന്നു

1) SSK ലഭ്യമാക്കിയ Annual Work Plan And Budget [AWP&B) പ്രകാരം ഓങ്ങല്ലൂർ ഗ്രാമ പഞ്ചായത്തിലെ പൊതുവിദ്യാലയങ്ങളിൽ 85.34 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ലക്ഷ്യമിട്ടിരുന്നു. വിദ്യാലയങ്ങളിൽ നടപ്പാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങളും, യഥാർത്ഥ ചെലവു വിവരങ്ങളും ബി.ആർ.സി യിൽ നിന്നും ലഭ്യമാക്കുക

2) 2023-24 വർഷത്തിൽ ഗ്രാമ പഞ്ചായത്തിലെ പൊതുവിദ്യാലയങ്ങളിൽ SSK നടത്തിയ അക്കാദമിക്ക് / പരിശീലന പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള വിവരങ്ങൾ ബി.ആർ.സി/ ജില്ലാ പ്രൊജക്ട് ഓഫീസറിൽ നിന്നും ലഭ്യമാക്കുക

ഓഡിറ്റ് എൻക്വയറിക്ക് (നം.18/24.09.2024) വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതിന് SSK ബ്ലോക്ക് പ്രൊജക്റ്റ് ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-36 ബാലസഭ-ബാല പഞ്ചായത്ത് പ്രവർത്തനങ്ങൾ- അധിക തുക ചെലവഴിച്ചു

പ്രൊജക്ട്	130/24 ബാലസഭ-ബാല പഞ്ചായത്ത് പ്രവർത്തനങ്ങൾ

അടങ്കൽ	50000രൂപ വികസന ഫണ്ട് ജനറൽ
ചെലവ്	45675 രൂപ
ട്രഷറി ബിൽ നമ്പർ	10/29.01.2024-45675/-

നിർവ്വഹണ ഉദ്യോഗസ്ഥൻ--അസിസ്റ്റൻറ് സെക്രട്ടറി

14ാം പദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് സ.ഉ(കൈ) നം.115/22/തസ്വഭവ തീയതി.28 .5.22 ഖ.7.7.10(1) പ്രകാരം ബാലസഭ പ്രവർത്തനങ്ങൾക്ക് ഗ്രാമ പഞ്ചായത്തുകൾക്ക് വാർഡ് ഒന്നിന് 1000 രൂപ ആണ് ചെലവഴിക്കാവുന്നത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 22 വാർഡ് ഉള്ള ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്തിൽ ആകെ 22000/- രൂപയാണ് ചെലവഴിക്കാവുന്നത്. 21.01.2024 ന് മൂലൂർക്കര എൽ.പി സ്കൂളിൽ വെച്ച് നടന്ന ബാല സഭ ഏകദിന ശില്പശാലയ്ക്ക് 45675/- രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവു വിവരം താഴെ ചേർക്കുന്നു.

ഇനം	ബിൽ നമ്പർ/ തീയതി	തുക
ഭക്ഷണം	-/21.01.2023 മഹിളാ ശ്രീ കുടുംബശ്രീ യൂണിറ്റ്	23400
സ്റ്റേഷനറീസ്	5328/20.01.24 കരുണ ഓഫ് സെറ്റ് പ്രസ്	1725
ലൈറ്റ്&സൌണ്ട്	1176/24.01.24 ബാവ ലൈറ്റ്&സൌണ്ട്	3500
സോപ്പ്	-/20.01.24 ബഡ്സ് റിഹാബിലിറ്റേഷൻ സെൻറർ	5400
ബാനർ	-/22.01.24 ശില്പകല അഡ്വർടൈസിംഗ് ഓങ്ങല്ലൂർ	650
ഹോണറേറിയം	4 പേർ @ 2500 രൂപ വീതം	10000
കസേര	ശ്രീ നന്ദനം ഏജൻസീസ്	1000
	ആകെ	45675

മാർഗ രേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അധിക തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/23.09.2024) സെക്രട്ടറിയുടെ പൂർണ്ണ അധിക ചുമതല ഉണ്ടായിരുന്നതിനാൽ, അസിസ്റ്റൻറ് സെക്രട്ടറിയുടെ പദ്ധതി നിർവ്വഹണത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്താൻ കഴിഞ്ഞിട്ടില്ല എന്നും, 21.01.2024 ന് വളരെ വിപുലമായ രീതിയിൽ ബാലസഭ പ്രവർത്തനം നടത്തിയിട്ടുണ്ടെന്നും, ആയതിൻറെ ചെലവ് തുക നൽകുകയാണുണ്ടായതെന്ന് മറുപടി നൽകിയിട്ടുണ്ട്.

മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഇക്കാര്യം പരാമർശിച്ചിട്ടും ആയത് തുടർന്നത് ശരിയായ നടപടിയല്ല. മറുപടി അംഗീകരിക്കുന്നില്ല. 23675 രൂപ അധികം ചെലവ് ചെയ്തത് തടസ്സപ്പെടുത്തുന്നു.

1-37 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം

23-24 സാമ്പത്തിക വർഷം 139 മരാമത്ത് പ്രവൃത്തികൾക്ക് അംഗീകാരം ലഭ്യമാക്കിയെങ്കിലും (55 സ്പിൽ ഓവർ , 84- പുതിയവ) 82 എണ്ണം (40 സ്പിൽ ഓവർ ,42 പുതിയവ)മാത്രമാണ് നിർവ്വഹിച്ചിട്ടുള്ളത്. അടങ്കൽ - 63196830 , ചെലവ് - 21327021 (ചെലവ് ശതമാനം 34%.) സാമ്പത്തിക വർഷം മെയ്റ്റനൻസ് ഫണ്ട് റോഡിനത്തിൽ 3910257 രൂപ, നോൺ റോഡിനത്തിൽ 1998732 രൂപ ലാപ്സായിട്ടുണ്ട്.

മെയ്റ്റനൻസ് ഫണ്ട് - റോഡ് അടങ്കൽ - 20923358 ചെലവ്- 8503093 ചെലവ് ശതമാനം-41%

മെയ്റ്റനൻസ് ഫണ്ട് - നോൺ റോഡ് അടങ്കൽ - 4126985 ചെലവ്- 137490 ചെലവ് ശതമാനം-3%

CFCഅടങ്കൽ - 15352005 ചെലവ്- 6080867 ചെലവ് ശതമാനം-40%

തനത് ഫണ്ട് അടങ്കൽ - 15883782 ചെലവ്- 4545011 ചെലവ് ശതമാനം-29%

ചെലവ് ശതമാനത്തിലെ കുറവ് നിർവ്വഹണോദ്യോഗസ്ഥ താഴെ പറയും പ്രകാരമാണ് വിശദമാക്കിയിട്ടുള്ളത്..(ഓഡിറ്റ് അന്വേഷണം -6/22.09.24)

ഗ്രാമപഞ്ചായത്തിലെ 180km.ഓളം റോഡിൽ ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് റോഡ് പ്രവൃത്തികൾ നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല.

പൂർത്തീകരിച്ച പല പ്രവൃത്തികളുടെയും ബില്ലുകൾ ക്യു ബില്ലുകളായി. കൂടാതെ 3ബില്ലുകൾക്ക് സി.എഫ്.സി ഫണ്ട് അലോട്ട്മെന്റ് ലഭ്യമായിട്ടില്ല

ആസ്തികളുടെ ഡിജിറ്റലൈസേഷൻ- റോഡ് കണക്ടിവിറ്റി മാപ്പിന്റെ വെരിഫിക്കേഷൻ നടപടികൾസ്വീകരിച്ചുവരുന്നു. റോഡ് പ്രവൃത്തികൾ - പദ്ധതി മാർഗ്ഗരേഖ നിർദ്ദേശങ്ങൾ - ജി.ഒ (എം.എസ്) 84&86/2022/ത.സ്വ.ഭ.വ/19.04.22 പ്രകാരം മാസ്റ്റർ ഡ്രെയ്നേജ് പ്ലാൻ തയ്യാറാക്കിയിട്ടില്ല.

മെയ്ന്റനൻസ് ഫണ്ട് വിനിയോഗം -ആസ്തി സംരക്ഷണ പദ്ധതിയുടെ അടിസ്ഥാനത്തിലല്ല

സ.ഉ(കൈ)നം.84/2022/തസ്വഭവ തിയതി 19-04-2022 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ.6.8 ൽ നിർദ്ദേശിച്ച പ്രകാരം മെയ്ന്റനൻസ് ഫണ്ടും കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രൊജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. നിലവിൽ പദ്ധതികൾക്ക് റോഡ്,റോഡിതര മെയ്ന്റനൻസ് ഫണ്ട് വകയിരുത്തുന്നതും, ചെലവഴിക്കുന്നതും ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല എന്ന് നിർവ്വഹണോദ്യോഗസ്ഥ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്.

കൈമാറിക്കിട്ടിയിട്ടുള്ള സ്ഥാപനങ്ങളുടെ ആവശ്യകത അനുസരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കി ആയത് വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമാക്കി മുൻഗണനാക്രമത്തിൽ ആസ്തി സംരക്ഷണ പ്രൊജക്ടുകൾ ആവിഷ്കരിക്കേണ്ടതാണ്. സാമ്പത്തിക വർഷം ആകെ അടങ്കലിന്റെ 6% മാത്രമാണ് റോഡിതര ആസ്തികൾക്ക് വകയിരുത്തിയിട്ടുള്ളത്. (ആകെ അടങ്കൽ – 63196830, മെയിന്റനൻസ് റോഡിതരം അടങ്കൽ – 4126985)

<u>1-38 സ്പിൽ ഓവർ പദ്ധതികൾ - പ്രവൃത്തി ദീർഘീകരണത്തിനു ശേഷവും പൂർത്തീകരിച്ചിട്ടില്ല</u>

സാമ്പത്തിക വർഷം താഴെപ്പറയുന്ന സ്പിൽ ഓവർ പദ്ധതികൾ പ്രവൃത്തി ദീർഘീകരണത്തിനു ശേഷവും പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തികളുടെ ദീർഘീകരണത്തിന് ആധാരമായ പഞ്ചായത്ത് ഭരണസമിതി തീരുമാനം ലഭ്യമാക്കിയിട്ടില്ല. അവയുടെ നിലവിലെ സ്ഥിതി/എസ്റ്റിമേറ്റ് പ്രകാരം പൂർത്തീകരിച്ച പ്രവൃത്തികൾ, ഇനിയും നിർവ്വഹിക്കേണ്ട പ്രവൃത്തികൾ, പ്രവൃത്തി ദീർഘീകരണത്തിനു ശേഷവും പൂർത്തീകരണ കാലതാമസത്തിന്റെ കാരണം എന്നിവ വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം-35/26.09.24) സമർപ്പിച്ച മറുപടി, ഓഡിറ്റ് ടീം 26.09.24ന് നടത്തിയ സ്ഥലപരിശോധന എന്നിവയുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന വിവരങ്ങൽ ചേർക്കുന്നു.

1.പ്രൊജക്ട് നം -So185/24 – പൂവക്കോട്ടുളം ജലസംരക്ഷണ പദ്ധതി

സാങ്കേതികാനുമതി - 76929/22/16.11.22

അടങ്കൽ -2906969 - CFC

ആകെ ചെലവ് -1984494.54 (IV &Part Bill പ്രകാരം)

കരാർ - 50/22- 23/12.01.23

കരാറുകാരൻ -ശ്രീ ഹാജാ ഹുസൈൻ .കെ

പൂർത്തീകരണ സമയം - 11.09.23

Hindrance Register പ്രകാരം Hindrance Period 187ദിവസമാണ്. ഇതനുസരിച്ച് പൂർത്തീകരണ സമയം 28.04.24വരെ ദീർഘിപ്പിച്ചിട്ടുണ്ട്. സപ്ലിമെന്ററി എഗ്രിമെന്റ് തയ്യാറാക്കിയിട്ടില്ല.

വർക്ക് ബിൽ പരിശോധിച്ചതിൽ എക്സ്ട്രാ ഐറ്റംസ് അടക്കം 11 സ്പെസിഫിക്കേഷൻസ് പൂർത്തീകരിക്കുവാൻ ബാക്കിയുണ്ട്. അസി.എഞ്ചിനീയർ സമർപ്പിച്ച മറുപടി പ്രകാരം കുളക്കടവ് നിർമ്മാണം, കുളത്തിന്റെ പൊളിഞ്ഞു വീണ ഭാഗം കെട്ടൽ, Top Belt Parapet Wall എന്നീ പ്രവൃത്തികളാണ് എസ്റ്റിമേറ്റ് അനുസരിച്ച് ബാക്കിയുള്ളത്. പ്രവൃത്തിക്കാവശ്യമായ മെറ്റീരിയൽസ് സ്വകാര്യ വ്യക്തിയുടെ പാടത്തിലൂടെയാണ് കടത്തിയിരുന്നത്. ആ ഭാഗം അടച്ചുകെട്ടിയതിനാൽ തുടർന്ന് കരാറുകാരന് യാതൊരു പ്രവൃത്തികളും നിർവ്വഹിക്കുവാൻ സാധിക്കാത്തതിനാൽ പ്രവൃത്തിയിൽ നിന്ന് ഒഴിവാക്കുന്നതിന് അപേക്ഷിച്ചിട്ടുണ്ട്. എന്നാൽ മറ്റൊരു വഴിയിലൂടെ മെറ്റീരിയൽസ് കടത്താമെന്നതിനാൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് തടസ്സമില്ലെന്നാണ് ഓഡിറ്റ് സമാപന യോഗത്തിൽ പഞ്ചായത്ത് ഭരണസമിതി അറിയിച്ചിട്ടുള്ളത്. ഇതനുസരിച്ച് പദ്ധതിയുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്.

2.പ്രൊജക്ട് നം So240/24 –പനഞ്ചേരിക്കുന്ന് അങ്കണവാടി കെട്ടിട നിർമ്മാണം - (വാർഡ്13)

സാങ്കേതികാനുമതി - 1680/23/11.01.23

അടങ്കൽ 1300372 – (1000000 CFC, 300372- തനത് ഫണ്ട്)

ആകെ ചെലവ് - 947986 (II &Part Bill പ്രകാരം)

കരാർ 71/22- 23/20.02.23

കരാറുകാരൻ -ശ്രീ മുഹമ്മദ് റനീഷ്.ഇ

പൂർത്തീകരണ സമയം - 1.12.23

പ്രവൃത്തി തുടങ്ങിയത് - 2.03.24

Hindrance Register പ്രകാരം Hindrance Period 140ദിവസമാണെന്ന് കാണുന്നു.അതിർത്തി തർക്കം, Road Way Construction For Material Conveyance എന്നിവ കാരണം പ്രവൃത്തി തുടങ്ങുവാൻ താമസിച്ചു എന്നാണ് കരാറുകാരൻ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. സപ്ലിമെന്ററി കരാർ പ്രകാരം പ്രവൃത്തി 20.04.24 നകം പൂർത്തീകരിക്കേണ്ടതായിരുന്നു.

പ്രവൃത്തിയിൽ Extra Quantity വന്നതിനാൽ 24-25 വർഷം 3ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതിക്ക് സമർപ്പിച്ചിട്ടുണ്ട് എന്നാണ് നിർവ്വഹണോദ്യോഗസ്ഥ മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ളത്.

ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ പ്ലാസ്റ്ററിങ്ങ് പൂർത്തീകരിച്ചതായും, ജനൽ, വാതിൽ എന്നിവ ഭാഗികമായും സ്ഥാപിച്ചതായിക്കണ്ടു. ഇലക്ട്രിക്കൽ, പ്ലംബിങ്ങ് പ്രവൃത്തികളും ചുറ്റുമതിൽ നിർമ്മാണവും ബാക്കിയുണ്ട്.

3.പ്രൊജക്ട് നം So228/24 – കാരമണ്ണ അങ്കണവാടി കെട്ടിട നിർമ്മാണം (വാർഡ്-11)

സാങ്കേതികാനുമതി - 1680/23/11.01.23

അടങ്കൽ 1500000 – (1000000 CFC, 500000- തനത് ഫണ്ട്)

ആകെ ചെലവ് - 609318 (I &Part Bill പ്രകാരം)

കരാർ 95/22- 23/5.04.23

കരാറുകാരൻ -ശ്രീ കെ. പരമേശ്വരൻ

കരാർ പ്രകാരം പൂർത്തീകരണ സമയം - 14.01.24

15.01.24ലെ സപ്ലിമെന്ററി കരാർ പ്രകാരം -14.04.24 -

അതിർത്തി തർക്കം കാരണം പ്രവൃത്തി തുടങ്ങുവാൻ താമസിച്ചു എന്നാണ് കരാറുകാരൻ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. നിലവിൽ കെട്ടിടത്തിന്റെ സ്ട്രക്ച്ചർ പൂർത്തീകരിച്ചിട്ടുണ്ടെന്ന് സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു. പ്ലാസ്റ്ററിങ്ങ് ഭാഗികമായി കഴിഞ്ഞിട്ടുണ്ട്. ജനൽ, വാതിൽ എന്നിവ സ്ഥാപിച്ചിട്ടില്ല. ഇലക്ട്രിക്കൽ, പ്ലംബിങ്ങ് പ്രവൃത്തികളും ചുറ്റുമതിൽ നിർമ്മാണവും ബാക്കിയുണ്ട്.

4.പ്രൊജക്ട് നം So188/24 – തെളിനീരൊഴുകും നവകേരളം - മാലിന്യം വലിച്ചെറിയൽ തടയുന്നതിനായി തോടുകൾക്ക് കുറുകെ ഗ്രില്ലും , ശുചിത്വ സന്ദേശ ബോർഡുകളും സ്ഥാപിക്കൽ

സാങ്കേതികാനുമതി - 20965/23/13.03.23

അടങ്കൽ 400000 – തനത് ഫണ്ട്

ആകെ ചെലവ് - 191945 (I &Part Bill പ്രകാരം)

കരാർ 94/22- 23/4.04.23

കരാറുകാരൻ -ശ്രീ പി. ഹംസ

പൂർത്തീകരണ സമയം - 3.07.23

മേൽ പദ്ധതിയിൽ പട്ടാമ്പി -പാലക്കാട് PWD റോഡ്,(വാടാനംകുർശ്ശി സ്ക്കൂൾ -AKTKM റോഡിനു ഇടയിലുള്ള തോടിനു കുറുകെയുള്ള പാലം, ഓങ്ങല്ലൂരിനും മഞ്ഞളുങ്ങലിനും ഇടയിലുള്ള തോടിനു കുറുകെയുള്ള പാലം) ചെർപ്പുളശ്ശേരി -പട്ടാമ്പി PWD റോഡ് (മരുതൂരിനും കരിമ്പുള്ളിക്കും ഇടയിലുള്ള തോടിനു കുറുകെയുള്ള പാലം) എന്നിവിടങ്ങളിൽ പാലത്തിനോട് ചേർന്ന് ഗ്രില്ലുകളും, ശുചിത്വ സന്ദേശ ബോർഡുകളും സ്ഥാപിക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. എസ്റ്റിമേറ്റിൽ Earth Work, PCC, Cement Concrete-Fixing Post, Wire Fabric Fencing, Message Boards എന്നിവ ഉൾപ്പെടുന്നു. മേൽ പദ്ധതി നടത്തിപ്പിന് PWD , ഷൊർണ്ണൂർ സബ്ബ് ഡിവിഷന്റെ അനുമതിക്കായി 17.05.23 ന് അസി.എഞ്ചിനീയർ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിലും അനുമതി ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. കരാറുകാരന്റെ അപേക്ഷയിൽ കുളപ്പുള്ളി- പട്ടാമ്പി പാലം കിഫ്ബിയിൽ ഉൾപ്പെടുത്തി വീതി കൂട്ടുന്നതിനാൽ പ്രസ്തുത വർക്ക് പൂർത്തീകരിക്കുന്നതിന് കാലാവധി ദീർഘീകരണത്തിന് അപേക്ഷിച്ചിട്ടുണ്ട്. വർക്ക് ബിൽ പരിശോധിച്ചതിൽ ചെയ്ത പ്രവൃത്തികൾ താഴെ ചേർക്കുന്നു. (MB -20965/23)

Sp-4- GI Wire Of Dia 4mm – 87.715 Sq.M @ 965.44 = 84683.57

Sp-5 – In Gratings, Frames, Guard Bar, Ladder, Railings, Brackets, Gates & Similar Works – 508.949 Kg @153.22 = 77981.17

ചെർപ്പുളശ്ശേരി പട്ടാമ്പി PWD റോഡിലെ വർക്കുകൾ 24-25 വർഷം നിർവ്വഹിച്ചു വരുന്നുണ്ടെന്ന് പഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുണ്ട്. പട്ടാമ്പി - പാലക്കാട് റോഡിൽ കിഫ്ബിയുടെ റോഡ് പ്രവൃത്തികൾ നടക്കുന്നതിനാൽ PWD യുടെ അനുമതി നാളിതുവരെ ലഭിച്ചിട്ടില്ല എന്ന് നിർവ്വഹണോദ്യോഗസ്ഥ മറുപടി സമർപ്പിച്ചിട്ടുണ്ട്. ചെർപ്പുളശ്ശേരി -പട്ടാമ്പി PWD റോഡിലെ വർക്കുകൾക്ക് PWD അനുമതി ലഭ്യമാക്കേണ്ടതും പട്ടാമ്പി - പാലക്കാട് റോഡിൽ പ്രവൃത്തി നിർവ്വഹണം സാദ്ധ്യമാകുന്നില്ലെങ്കിൽ പദ്ധതി അനിശ്ചിതമായി നീണ്ടുപോകാതെ പ്രസ്തുത പ്രദേശത്തെ പ്രവൃത്തി റദ്ദ് ചെയ്യേണ്ടതുമാണ്.

പദ്ധതികൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭ്യമാക്കുന്നതിനോടൊപ്പം തന്നെ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നുള്ള അനുമതിപത്രവും ലഭ്യമാക്കേണ്ടതാണ്.

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ ജി.ഒ (പി) 13/2012/PWD/1.02.2012 സെക്ഷൻ 1601.1.1 പ്രകാരം ഒരു പ്രവൃത്തിയ്ക്കായി പ്രിലിമിനറി എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ മരാമത്തിന്റെ തൃപ്തികരമായ പൂർത്തീകരണത്തിനാവശ്യമായ എല്ലാ വശങ്ങളും ഉൾപ്പെടുത്തിയ Preliminary Project Report, Specifications, Site Conditions, Site Plan And Layout Drawings, AE's Certificate (That The Preliminary Estimate Has Been Prepared By Me After The Inspection And Provisions Included Are Essentially Required And Adequate For The Proper Completion Of Work.), Land Availability Certificate എന്നിവ ഉൾപ്പെടുത്തേണ്ടതാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന സ്ഥലം വിശദമായി പരിശോധിച്ചു വേണം എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. മതിയായ സ്ഥല പരിശോധനയോ പഠനങ്ങളോ ഇല്ലാതെ പദ്ധതികൾ ആസൂത്രണം ചെയ്യുകയും എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്യുന്നത് മൂലം എസ്റ്റിമേറ്റ് ഭേദഗതി വരുത്തുന്നതിനും പ്രവൃത്തി നീണ്ടു പോകുന്നതിനും ഇടയാക്കുന്നു.

പദ്ധതി രൂപീകരണ, നിർവ്വഹണ ഘട്ടങ്ങളിൽ 1997 ലെ കേ.പ.ര (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ, 2012 ലെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ -ജി.ഒ(പി)13/2012/PWD/01.02.2012 എന്നിവയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1-39 നിർവ്വഹണം സാദ്ധ്യമാകാതെ വന്നപ്പോഴും പദ്ധതി സ്പിൽ ഓവറായി ക്യാരി ഓവർ ചെയ്തു

പ്രൊജക്ട് നം So204/24 – മാരിയമ്മൻ കോവിൽ മുതൽ വിശ്വംഭരൻ പടി വരെ റോഡ് ടാറിംഗ്

സാങ്കേതികാനുമതി - 125473/20-21/25.10.20

അടങ്കൽ - 528000 – (499158 - തനത് ഫണ്ട്, 28842- മെയ്ന്റനൻസ് ഫണ്ട് റോഡ്)

ആകെ ചെലവ് - 527818 (498976-തനത് ഫണ്ട്, 28842- മെയ്ന്റനൻസ് ഫണ്ട് റോഡ്)

കരാർ -101/20- 21/26.02.21

കരാറുകാരൻ -ശ്രീ കെ.പരമേശ്വരൻ

റിവൈസ്ഡ് പ്രവൃത്തിയുടെ പൂർത്തീകരണ സമയം - 1.12.23

പ്രവൃത്തി തുടങ്ങിയത് - 29.07.23

എം.ബി - 37/22-23

2020-21 വാർഷികപദ്ധതിയിലുൾപ്പെട്ട മേൽ പ്രവൃത്തി പ്രകാരം റോഡ് റീടാറിങ്ങാണ് വിഭാവനം ചെയ്തിരുന്നത്. 29.07.23 ലെ പഞ്ചായത്ത് തീരുമാനം 8/1 പ്രകാരം ഇതേ സ്ഥലത്ത് ബ്ലോക്ക് പഞ്ചായത്ത് പദ്ധതി നടപ്പാക്കിയതിനാലും ബാക്കി സർഫസ് വളരെ മോശമായതിനാൽ റീടാറിങ്ങ് നടത്താൻ പറ്റാത്തതിനാൽ ടി സ്ഥലം കട്ട വിരിക്കാനും ഡ്രെയ്ൻ , കൾവർട്ട് എന്നിവ നിർമ്മിക്കുന്നതിനും, കൾവർട്ടനോട് ചേർന്ന റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനും അടങ്കൽ തുകയിൽ നിലനിർത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് അനുമതി നൽകി. ആയതിന് 9.08.23ന് സാങ്കേതിക അനുമതിയും ലഭ്യമാക്കിയിട്ടുണ്ട്.എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിനാൽ പ്രവൃത്തി പൂർത്തീകരണ കാലതാമസത്തിന്

16.10.23ലെ പഞ്ചായത്ത് തീരുമാനം 13/1 പ്രകാരം കരാറുകാരന്റെ പിഴ ഒഴിവാക്കി നൽകിയിട്ടുമുണ്ട്. പദ്ധതി 26.10.23 ന് പൂർത്തീകരിച്ചു.

റീടാറിങ്ങ് നടത്താൻ പറ്റാത്ത സാഹചര്യത്തിൽ പദ്ധതി റദ്ദാക്കാതെ തന്നെ 2വർഷം സ്പിൽ ഓവറായി ക്യാരി ഓവർ ചെയ്ത് എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് പഴയ കരാർ പ്രകാരം അതേ കരാറുകാരനു തന്നെ കൾവർട്ട് നിർമ്മാണം അനുവദിച്ചു. പദ്ധതി റദ്ദാക്കാതെ തുടർന്നും സ്പിൽ ഓവറായി ക്യാരി ഓവർ ചെയ്ത സാഹചര്യം റോഡിന്റെ അവസാന ഭാഗം തീരെ മോശമായതിനാൽ വർക്ക് റദ്ദാക്കുവാൻ ഗുണഭോക്താക്കൾ സമ്മതിച്ചിരുന്നില്ല എന്നാണ് നിർവ്വഹണോദ്യോഗസ്ഥ വിശദമാക്കിയിട്ടുള്ളത്. (ഓഡിറ്റ് അന്വേഷണം -38/26.09.24) പ്രസ്തുത മറുപടി അംഗീകരിക്കത്തക്കതല്ല.

ബ്ലോക്ക് പഞ്ചായത്ത് റീടാറിംഗ് നടപ്പാക്കിയതിനാൽ പദ്ധതി റദ്ദ് ചെയ്ത് പുതിയ പദ്ധതി രൂപീകരിച്ച് ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതായിരുന്നു. സമയബന്ധിതമായ പ്രവൃത്തി നിർവ്വഹണം സാദ്ധ്യമാകാതെ വരുമ്പോൾ പദ്ധതി റദ്ദ് ചെയ്യാതെ അനിശ്ചിതമായി സ്പിൽ ഓവറായി ക്യാരി ഓവർ ചെയ്യുന്ന നടപടി ക്രമപ്രകാരമല്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-40 എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കേണ്ടതാണ്

താഴെപ്പറയുന്ന സ്പിൽ ഓവർ പദ്ധതിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന കാലാവധിയും കഴിഞ്ഞാണ് എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്തിട്ടുള്ളത്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

പ്രൊജക്ട് നം So24 – മേരുപുറം റോഡ് കൾവർട്ട് നിർമ്മാണം

സാങ്കേതികാനുമതി - 97714/21-22/26.11.21

അടങ്കൽ 3000000 –

ആകെ ചെലവ് - 208822

കരാർ 39/22- 23/6.01.22

കരാറുകാരൻ -ശ്രീ മുഹമ്മദ് റനീഷ്

TS പ്രകാരം പൂർത്തീകരണ സമയം - 5.05.22

പ്രവൃത്തി ആരംഭിച്ചത് - 3.07.23

പൂർത്തീകരിച്ചത് - 24.07.23

എം-ബി - 35/22-23

2020-21 വാർഷികപദ്ധതിയിലുൾപ്പെട്ട മേൽ പ്രവൃത്തി പ്രകാരം കൾവർട്ട് നിർമ്മിക്കുന്നതിനാണ് ഉദ്ദേശിച്ചത്.പദ്ധതിയിൽ സൈഡ് പ്രൊട്ടക്ഷൻ ആവശ്യമായതിനാൽ അടങ്കലിൽ നിലനിർത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുവാൻ തീരുമാനിക്കുന്നത് 7.01.23 ലെ പഞ്ചായത്ത് ഭരണസമിതി തീരുമാനം നം-17/1പ്രകാരം മാത്രമാണ്. തദ്ദേശവാസികളുടെ താല്പര്യ പ്രകാരം നിലവിലുള്ള പൈപ്പ് കൾവർട്ട് നിലനിർത്തി റോഡിന്റെ പാർശ്വഭിത്തി സംരക്ഷണത്തിനാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുള്ളതെന്ന് റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പറയുന്നു.പ്രവൃത്തി പൂർത്തീകരണ സമയം കഴിഞ്ഞ് 8മാസത്തിനു ശേഷമാണ് പ്രസ്തുത തീരുമാനം എടുത്തിട്ടുള്ളത്. തീരുമാനത്തിനു ശേഷം പ്രവൃത്തി ആരംഭിക്കുന്നത് വീണ്ടും 6 മാസത്തിനു ശേഷമാണ്.

എസ്റ്റിമേറ്റ് റിവിഷനിലെ കാലതാമസം സംബന്ധിച്ച സാഹചര്യം വിശദമാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം -41/27.09.24)

മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് , എസ്റ്റിമേറ്റ് റിവിഷൻ എന്നിവ തയ്യാറാക്കുമ്പോൾ Local Infrastructure Development & Engineering Wing ചീഫ് എഞ്ചിനീയറുടെ സർക്കുലർ നമ്പർ ഡി.ബി 1-10690/2020/CE/LID & EW/26.03.21 ൽ പ്രതിപാദിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-41 തനത് ആസ്തികളുടെ നിർമ്മാണം, വിനിയോഗം - സമയക്ലിപ്തത പാലിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ താഴെപ്പറയുന്ന തനത് ആസ്തികളുടെ നിർമ്മാണത്തിൽ പദ്ധതികളുടെ പൂർത്തീകരണം സമയബന്ധിതമായി നിർവ്വഹിച്ചിട്ടില്ല. പദ്ധതി നടത്തിപ്പിലെ വർഷങ്ങളോളമുള്ള കാലതാമസം മൂലം അവ യഥാസമയം പ്രയോജനപ്പെടുത്തുന്നതിനും കഴിഞ്ഞിട്ടില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം

മേൽ പദ്ധതി 2019-20വാർഷിക പദ്ധതിയിൽ ഉൾപ്പെടുന്നു. ഗ്രാമപഞ്ചായത്തിൽ 2 വില്ലേജിൽ വാടാനാംകുറുശ്ശിയിൽ സർവ്വെ നമ്പർ 350/4ൽ ഉൾപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് 1250 ചമീ വിസ്തീർണ്ണത്തിൽ രണ്ട് നിലകളിലായി ആധുനിക നിർമ്മാണ രീതിയായ പ്രീഫാബ് വർക്ക് ഉപയോഗപ്പെടുത്തി കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുന്നതിനാണ് പദ്ധതി പ്രകാരം ഉദ്ദേശിച്ചിട്ടുള്ളത്. പഞ്ചായത്ത് ഭരണസമിതി തീരുമാനം നമ്പർ 2(3)/12.02.20 പ്രകാരം അക്രഡിറ്റഡ് ഏജൻസിയായ KEL, Cochin നെയാണ് നിർവ്വഹണം ഏൽപ്പിച്ചിട്ടുള്ളത്. സ്ഥാപനവുമായി 110/19-20-ാം

നമ്പറായി 19.02.20ൽ കരാറിലേർപ്പെട്ടിട്ടുണ്ട്. പദ്ധതിയുടെ ആകെ അടങ്കൽ 1.75 കോടി രൂപയാണ്. 3.02.20 ലെ KMSM/F-06/18223/2020 കത്ത് പ്രകാരം 12 മാസമാണ് പൂർത്തീകരണ സമയമായി കെൽ അറിയിച്ചിട്ടുള്ളത്. (സൈറ്റ് കൈമാറി Initial Fund Allocation അനുവദിക്കുന്ന സമയം മുതൽ) 28.05.20 ന് പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

പദ്ധതിക്കായി തനത് ഫണ്ടിൽ നിന്ന് നാളിതുവരെ നിർവ്വഹിച്ച ചെലവുകൾ ചുവടെ ചേർക്കുന്നു.

വർഷം	പ്രൊജക്ട് നമ്പർ	ചെലവ്
2020-21	223/21	2999553
2021-22	128/22	7732908
2022-23	39/23	6124485
2023-24	191/24	201320
	ആകെ ചെലവ്	17058266/-

ഓഡിറ്റ് ടീം 26.09.24ന് നടത്തിയ സ്ഥലപരിശോധനയിൽ കമ്മ്യൂണിറ്റി ഹാൾ കെട്ടിടത്തിന്റെ സ്ട്രക്ച്ചർ പൂർത്തിയാക്കിയതായി കണ്ടു. പ്ലാസ്റ്ററിങ്ങ്, ടൈൽ വിരിക്കൽ എന്നീ പ്രവൃത്തികൾ കഴിഞ്ഞിട്ടുണ്ട്. ഇന്റീരിയർ വർക്കുകൾ, ഇലക്ട്രിക്കൽ, പ്ലംബിങ്ങ് പ്രവൃത്തികളും ചുറ്റുമതിൽ നിർമ്മാണവും ബാക്കിയുണ്ട്. ഒരു വർഷത്തോളം നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും നടക്കാത്തതിനാൽ പരിസരം കാടു പിടിച്ച അവസ്ഥയിലാണ്. 2020-21 വർഷം ആരംഭിച്ച പദ്ധതി 1.70 കോടി ചെലവിട്ടിട്ടും നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ

2.വനിതാ ഹോസ്റ്റൽ നിർമ്മാണം

2019-20 ൽ നിർമ്മാണം ആരംഭിച്ച വനിതാ ഹോസ്റ്റലിന്റെ നിർമ്മാണത്തിന് വികസന ഫണ്ടിൽ (ജനറൽ) നിന്ന് ചെലവിട്ട തുകയുടെ വിവരം താഴെ ചേർക്കുന്നു.

വർഷം	പ്രൊജക്ട്	ചെലവ്
2019-20	217	2179746
2020-21	121	1252166
	ആകെ	3431912

2022-23 , 2023-24 സാമ്പത്തിക വർഷങ്ങളിൽ അസി.എഞ്ചിനീയർ, സെക്രട്ടറി എന്നിവർ നിർവ്വഹണോദ്യോഗസ്ഥരായി വനിതാ ഹോസ്റ്റലുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി നാളിതു വരെ പ്രവർത്തനക്ഷമമായിട്ടില്ല.

	പ്രൊജക്ട് നം	പ്രൊജക്ട്	അടങ്കൽ	ചെലവ്
1	84/23	വനിതാ ഹോസ്റ്റലിന് ഫർണ്ണിച്ചർ വാങ്ങൽ (നിർവ്വഹണം -സെക്രട്ടറി)	495000 -വികസന ഫണ്ട് -ജനറൽ	411300
	26/23	സാനിട്ടേഷൻ സൗകര്യങ്ങൾ	248229 -വികസന ഫണ്ട് -ജനറൽ	186610

	42/23	വനിതാ ഹോസ്റ്റൽ ഇലക്ട്രിഫിക്കേഷൻ	200000 വികസന ഫണ്ട് -ജനറൽ	199987
	So198/24	വനിതാ ഹോസ്റ്റലിൽ കൊളാപ്സിബ്ൾ ഡോർ ഫിക്സിംഗ്	49000- വികസന ഫണ്ട്	31734/-
	So212/24	വനിതാ ഹോസ്റ്റലിൽ ശുചീകരണ സൗകര്യങ്ങൾ	61619 -വികസന ഫണ്ട്	36542

ഇനിയും പൂർത്തീകരിക്കുവാനുള്ള പ്രവൃത്തികൾ, വനിതാ ഹോസ്റ്റൽ ഉപയോഗയോഗ്യമാക്കുന്നതിന് പഞ്ചായത്ത് സ്വീകരിച്ച നടപടികൾ തീരുമാനങ്ങൾ എന്നിവ വിശദമാക്കിയിട്ടില്ല.(ഓഡിറ്റ് അന്വേഷണം -42/27.09.24)

മേൽ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിച്ച് വിഭാവനം ചെയ്ത രീതിയിൽ ഉപയോഗയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.ഭൗതികവും സാമ്പത്തികവുമായ പൂർത്തീകരണം ഒരു സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തിയാക്കുവാൻ കഴിയാത്ത പ്രൊജക്ടുകളെ ബഹുവർഷ പ്രൊജക്ടായി തയ്യാറാക്കി മൊത്തം പ്രവൃത്തിയുടെ എസ്റ്റിമേറ്റിനുള്ള സാങ്കേതികാനുമതി ആദ്യവർഷം തന്നെ വാങ്ങേണ്ടതാണ്.

1-42 അസറ്റ് മാനേജ്മെന്റ് & മോണിട്ടറിങ്ങ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്

സ.ഉ (ആർ.ടി) നം .166/17/ത.സ്വ.ഭ.വ തീയതി 20.01.2017 പ്രകാരം അംഗീകരിച്ച അസറ്റ് മാനേജ്മെന്റ് മാന്വലിലെ നിർദ്ദേശമനുസരിച്ച് പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് & മോണിട്ടറിങ്ങ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല. അസറ്റ് മാനേജ്മെന്റ് & മോണിട്ടറിങ്ങ് കമ്മിറ്റി രൂപീകരിച്ച് ആസ്തികളുടെ പരിപാലനം, കയ്യൊഴിക്കൽ എന്നിവ കമ്മിറ്റിയുടെ തീരുമാനങ്ങൾക്ക് വിധേയമായി മാത്രം നടപ്പാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം -5/22.09.24)

1-43 വാഹനം VEELS സോഫ്റ്റ്‌വെയറിൽ രജിസ്റ്റർ ചെയ്തിട്ടില്ല

ധനകാര്യ (ഐ.ടി - സോഫ്റ്റ്‌വെയർ) വകുപ്പിന്റെ 11.11.2019 ലെ 88/2019/ധന നമ്പർ ഉപരിപത്രം പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ/സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ Www.Veels.Kerala.Gov.In ൽ രജിസ്റ്റർ ചെയ്യണമെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന് ധനകാര്യ (ഐ.ടി - സോഫ്റ്റ്‌വെയർ) വകുപ്പിന്റെ 22.10.2020 ലെ 59/2020/ധന നമ്പർ പരിപത്രം പ്രകാരം VEELS പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് നോഡൽ ഓഫീസറെ നിയമിക്കുന്നതിനും, 2020-21 സാമ്പത്തിക വർഷം മുതൽ വാഹന സംബന്ധമായി ഓരോ മാസവും ഉണ്ടായിട്ടുള്ള എല്ലാ ചെലവുകളും VEELS ൽ കൃത്യമായി രേഖപ്പെടുത്തുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. ധനകാര്യ (ഐ.ടി - സോഫ്റ്റ്‌വെയർ) വകുപ്പിന്റെ 02.11.2021 ലെ 103/2021/ധന ഉപരിപത്രം പ്രകാരം ഇതു സംബന്ധിച്ചുള്ള തുടർനിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

സർക്കാർ ഉത്തരവ് (സാധാ)നം 1172/2024/LSGD/29.6.24 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള വാഹനങ്ങളിൽ വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം (VTS) ഘടിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL52 M-3785 ബോലേറോ ജീപ്പ്, VEELS (Www.Veels.Kerala.Gov.In) സോഫ്റ്റ്‌വെയറിൽ രജിസ്റ്റർ ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിനും, വാഹനങ്ങളിൽ വെഹിക്കിൾ ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അറിയിക്കുന്നതിനും, നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.27/24.09.2024) വാഹനങ്ങളുടെ വിവരങ്ങൾ അടിയന്തിരമായി സോഫ്റ്റ്‌വെയറിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്.

വാഹനങ്ങളുടെ വിവരങ്ങൾ അടിയന്തിരമായി VEELS സോഫ്റ്റ്‌വെയറിൽ ചേർക്കേണ്ടതും റിപ്പയർ & മെയിന്റനൻസിന് തുക അനുവദിക്കുന്നതിനു മുൻപ് പ്രസ്തുത ചെലവുകളുടെ വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പവരുത്തേണ്ടതുമാണ്.

1-44 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ-കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ

സ.ഉ(സാധാ)നം.2420/17/തസ്വഭവ തിയതി 15-07-2017 പ്രകാരം ഹരിതകർമ്മ സേനയുടെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങളും സ.ഉ(സാധാ)നം.1496/2020/തസ്വഭവ തിയതി 12-8-2020 പ്രകാരം

ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും കഴുകി വൃത്തിയാക്കിയ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് നിശ്ചിത ഇടവേളകളിൽ തരംതിരിച്ച് എം.സി.എഫിൽ സൂക്ഷിക്കേണ്ട ചുമതലയാണ് ഹരിതകർമ്മസേനയിൽ പ്രധാനമായും നിക്ഷിപ്തമാക്കിയിട്ടുള്ളത്.

ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്തിലെ ഹരിതകർമസേനയുടെ പ്രവർത്തനം വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

അടിസ്ഥാന വിവരങ്ങൾ

ഗ്രാമപഞ്ചായത്തിൽ 2020 ഒക്ടോബർ മുതലാണ് ഹരിതകർമസേന പ്രവർത്തനം ആരംഭിച്ചത്. ഗ്രാമപഞ്ചായത്തിൽ ആകെ 22 വാർഡുകളുണ്ട്. ആകെ ജനസംഖ്യ 60000 പേർ. ഗ്രാമപഞ്ചായത്തിൽ 13227 റെസിഡൻഷ്യൽ കെട്ടിടങ്ങളും 3221 പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും ഉണ്ട്. വീടുകളിൽ ചെന്ന് ബോധവൽക്കരണം നടത്തി എല്ലാ വീടുകളെയും, സ്ഥാപനങ്ങളെയും മാലിന്യസംസ്ക്കരണ പരിപാടികളിൽ ഉൾപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്

മാലിന്യശേഖരണം

മാലിന്യശേഖരണത്തിന് സർക്കാർ മാർഗനിർദേശ പ്രകാരം കലണ്ടർ മുൻകൂട്ടി തയ്യാറാക്കി ഷെഡ്യൂൾ അനുസരിച്ചാണ് മാലിന്യശേഖരണം നടത്തുന്നത്. ഒരു വീട്/സ്ഥാപനത്തിൽ നിന്നും മാസത്തിൽ ഒരു തവണ മാലിന്യ ശേഖരണം നടത്തുന്നുണ്ട്. എല്ലാ വീടുകളെയും, സ്ഥാപനങ്ങളെയും ഉൾപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. ഡോർ ടു ഡോർ പ്രവർത്തനം നടത്തിവരുന്നു. ഹരിതമിത്രം ആപ്പ്-മുഴുവൻ വീടുകളിൽ ക്യൂ ആർ കോഡ് സ്ഥാപിക്കൽ പൂർത്തിയായിട്ടില്ല. വീടുകളിൽനിന്ന് 50 രൂപയും വ്യാപാര സ്ഥാപനങ്ങളിൽനിന്ന് 100 രൂപയുമാണ് യൂസർ ഫീ ഈടാക്കി വരുന്നത്.

മാലിന്യം വേർതിരിക്കൽ

വാടാനാംകുറുശ്ശി വില്ലേജിനു സമിപമുള്ള മേഞ്ചിത്തറ എന്ന സ്ഥലത്താണ് എം.സി.എഫ് സ്ഥിതി ചെയ്യുന്നത്. വിവിധ വാർഡുകളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ എത്തിക്കുന്നത്. വേർതിരിക്കുന്നതിനാവശ്യമായ ഭൗതിക സാഹചര്യം കുറവാണ്. ലഭിക്കുന്ന മാലിന്യത്തിന്റെ 25 ശതമാനം വേർതിരിച്ച നല്ല പ്ലാസ്റ്റിക്ക് ആയും ബാക്കി റിജക്റ്റ് വേസ്റ്റ് ആയും ആണ് കണക്കാക്കിയാണ് വിപണനം ചെയ്യുന്നത് .

റീസൈക്ലിങ്ങ്

പുനരുപയോഗം സാധ്യമാകുന്ന വസ്തുക്കൾ റീസൈക്ലിങ്ങ് ചെയ്യുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുകയോ നടപ്പാക്കുകയോ ചെയ്യുന്നില്ല. നിലവിൽ പൊതു ഇടങ്ങളിൽ ഓരോ വാർഡുകളിൽ ഓരോ മിനി എം.സി.എഫ് ഉണ്ട്. ജലസ്രോതസ്സുകൾ എന്നിവിടങ്ങളിൽ നിന്ന് ശേഖരിക്കുന്ന മിക്സഡ്/ലെഗസി മാലിന്യം ശേഖരിക്കുന്നില്ല. ഹരിത കർമസേന വീടുകളിൽ നിന്നും, കടകൾ/വ്യാപാര സ്ഥാപനങ്ങളിൽ നിന്നു മാത്രമാണ് പ്ളാസ്റ്റിക്ക് വേസ്റ്റ് ശേഖരിക്കുന്നത്.

പൊതുജനങ്ങളെ ബോധവൽക്കരിക്കൽ

മാലിന്യസംസ്ക്കരണത്തെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി ഗ്രാമപഞ്ചായത്തിൽ നടന്നിട്ടുള്ള ഗ്രാമസഭാ യോഗങ്ങളിൽ അറിയിപ്പ് നല്കാറുണ്ട്. ജനങ്ങൾക്ക് ബോധവൽക്കരണനോട്ടീസ് നൽകിയിട്ടുണ്ട്.

തൊഴിൽ സൃഷ്ടി

മാലിന്യസംസ്ക്കരണ മേഖലയിൽ ഹരിത കർമ്മ സേനയെ വിന്യസിച്ചതിലൂടെ 38 പേർക്കുള്ള തൊഴിൽ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഏകദേശം 10944 തൊഴിൽ ദിനങ്ങൾ ഒരു വർഷത്തിൽ സൃഷ്ടിക്കപ്പെടുന്നുണ്ട്. ഹരിതകർമ്മ സേനാംഗങ്ങൾക്ക് ശരാശരി 5000 മുതൽ 12000 രൂപ വരെ മാസവരുമാനമുണ്ട്. 09.12.2020ലാണ് ഹരിത കർമ സേനയുടെ അക്കൗണ്ട് ആരംഭിച്ചത്. സൌത്ത് ഇന്ത്യൻ ബാങ്ക് പട്ടാമ്പി ബ്രാഞ്ചിലുള്ള അക്കൗണ്ടിൽ (നം. 0660073000000209) 31.03-24ന് 380118 രൂപ നീക്കിയിരിപ്പുണ്ട്. വരുമാന വർദ്ധനവിനായി തദ്ദേശസ്ഥാപനം പ്രത്യേകമായി നടപടികൾ സ്വീകരിച്ചിട്ടില്ല

അടിസ്ഥാന സൗകര്യങ്ങൾ

ഹരിതകർമ്മ സേനയുടെ പ്രവർത്തനത്തിനായി ഒരു പ്രധാന എം സി എഫും, മിനി എം സി എഫുകളും ആവശ്യമുണ്ട്. 22 വാർഡുകളിലായി 22 മിനി എം സി എഫ് ഉണ്ട്. മാലിന്യ വേർതിരിക്കുന്നതിനും, സ്റ്റോർ ചെയ്യുന്നതിനും സൗകര്യങ്ങൾ പരിമിതമാണ്. ടോയ് ലെറ്റ് ഉണ്ടെങ്കിലും വെള്ളസൌകര്യം കുറവാണ്. ഡ്രസ്സിങ് റൂം ഇല്ല. ബെയ് ലിംഗ് മിഷ്യൻ, പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റ് എന്നിവ ഇല്ല. മാലിന്യ നീക്കത്തിനായി വാഹനം വാടകയ്ക്ക് ഉപയോഗിക്കുന്നു.

വീടുകളിൽ നിന്ന് ഹരിത കർമ്മസേന സമയബന്ധിതമായി മാലിന്യം ശേഖരിച്ച് മിനി എം.സി.എഫിൽ എത്തിക്കുന്നുണ്ട്. ഇത് പിന്നീട് എം സി എഫിലേക്കു മാറ്റി അവിടെ നിന്നും വേസ്റ്റ് നീക്കം ചെയ്യുന്ന ക്ലീൻ കേരള കമ്പനി ഇത് കൊണ്ടു പോവുകയും ചെയ്യുന്നു.

എം.സി എഫ്

10 ാം വാർഡ് വാടാനാംകുർശ്ശിയിൽ നിലവിലെ എം.സി.എഫ് നോട് ചേർന്ന് പുതിയ എം.സി.എഫിന്റെ നിർമ്മാണം നടക്കുന്നുണ്ട്. എല്ലാ വാർഡുകളിലും മിനി എം സി എഫ് ഉണ്ട്.

ഓഡിറ്റ് വർഷത്തിൽ ക്ലീൻ കേരള കമ്പനിക്കാണ് പ്ളാസ്റ്റിക്ക് വേസ്റ്റ് വില്പന നടത്തിയിട്ടുള്ളത്. മാസത്തിൽ ഒരിക്കൽ കമ്പനി ലോഡ് കണ്ടുപോകുന്നുണ്ട്. ഗ്രാമപഞ്ചായത്തിലെ 11മുതൽ 19 വരെയുള്ള വാർഡുകളിലെ ജനങ്ങളുടെ പ്രധാന തൊഴിൽ സ്ക്രാപ്പ് ശേഖരണമാണ്. ആയതിനാൽ അജൈവ മാലിന്യത്തിന്റെ അളവ് വളരെ കൂടുതൽ ആണ്.

എം.സി.എഫ്

എം.സി.എഫിൽ തരം തിരിക്കാതെ സൂക്ഷിച്ചിട്ടുള്ള മാലിന്യം

സുരക്ഷാ സംവിധാനങ്ങൾ

ഹരിതകർമ്മ സേനാംഗങ്ങൾക്ക് യുണിഫോം വാങ്ങി നല്കിയിട്ടുണ്ട്. ഗ്ളൗസ്, മാസ്ക്ക്, ബൂട്ട് എന്നിവ ഇല്ല. MCF പരിസരത്ത് അഗ്നിബാധ ഒഴിവാക്കുന്നതിനായി ഫയർ എക്സ്റ്റിങ്ക്യൂഷർ സ്ഥാപിച്ചിട്ടുണ്ട്. സി.സി.ടി.വി ക്യാമറ സ്ഥാപിച്ചിട്ടില്ല. തൊഴിലാളികളുടെ സുരക്ഷയ്ക്കുായി ഇൻഷുറൻസ്, മെഡിക്കൽ ചെക്കപ്പ് എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്.

<u>ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനം</u>

എല്ലാ മാസവും റിവ്യൂ മീറ്റിംഗ് ചേർന്ന് ഹരിത കർമ്മസേനയുടെ പ്രവർത്തനം വിലയിരുത്തുന്നുണ്ട്. പല വീടുകളും സ്ഥാപനങ്ങളും ഒന്നിടവിട്ട മാസങ്ങളിൽ മാത്രം യൂസർഫീ നൽകുന്നതും ശേഖരിച്ച മാലിന്യങ്ങൾ കൃത്യമായ ഇടവേളകളിൽ നീക്കം ചെയ്യാൻ കഴിയാത്തതും, ഹരിതമിത്രം ആപ്പ് കൃത്യമായി പ്രവർത്തിക്കാത്തതും ഹരിത കർമ്മസേനയുടെ പ്രവർത്തനത്തിന് നേരിടുന്ന പരിമിതികളാണെന്ന് അറിയിച്ചു. യൂസർ ഫീയായി ലഭിക്കുന്ന തുകയിലെ കുറവു മൂലം ഹരിത കർമ്മസനാംഗങ്ങൾക്ക് ഒരു നിശ്ചിത തുക പ്രതിമാസം വേതനം ലഭിക്കാത്ത സാഹചര്യമുണ്ടാകുന്നുണ്ട്. ഹരിത കർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ബോധവത്കരണ പരിപാടികൾ നടത്തുകയും നോട്ടീസുകൾ വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. വലിയ ഗ്രാമപഞ്ചായത്ത് ആയതിനാൽ ഹരിത കർമ്മസേന അംഗങ്ങളുടെ എണ്ണകുറവ് പ്രവർത്തനത്തിന് പരിമിതിയുണ്ടാക്കുന്നു.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

. മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ ഫലപ്രദമായി നിർവ്വഹിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. മാലിന്യ സംസ്കരണത്തിനായി വ്യക്തമായ പ്ലാൻ തയ്യാറാക്കൽ, പൊതുജനങ്ങൾക്കിടയിൽ ബോധവത്ക്കരണം, യൂസർഫി പിരിവ് മുതലായവ ഗ്രാമപഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്.

. ഉറവിട മാലിന്യ സംസ്കരണത്തിനായി ഗാർഹികതല സബ്സിഡി അനുവദിക്കുന്നതിനുള്ള പ്രോജക്റ്റുകൾ ഏറ്റെടുക്കേണ്ടതാണ്. മാലിന്യമുക്ത പഞ്ചായത്ത് എന്ന ലക്ഷ്യത്തിലേക്കായി എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഉചിതമായ ഉറവിട മാലിന്യ പരിപാലന സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനായി ആവശ്യകതാ നിർണ്ണയ സർവെ നടത്തി, സബ്സിഡി നിരക്കിൽ ഇത്തരത്തിലുള്ള സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

. ഗ്രാമപഞ്ചായത്തിന്റെ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ മാലിന്യങ്ങൾ തരംതിരിച്ച് ജൈവമാലിന്യങ്ങൾ വേർതിരിച്ചു ശേഖരിച്ച് ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനുള്ള പരിശോധന കർശനമാക്കേണ്ടതാണ്.

. സമയബന്ധിതമായും, കൃത്യമായ ഇടവേളകളിലും പഞ്ചായത്തുമായി കരാറിലേർപ്പെട്ടിരിക്കുന്ന സ്ഥാപനം മാലിന്യം ഏറ്റെടുക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

. ഹരിതകർമ്മസേനയുടെ പ്രവർത്തനം വിപുലീകരിച്ച് എല്ലാ വീടുകളിലേയും കച്ചവട സ്ഥാപനങ്ങളിലേയും അജൈവ മാലിന്യങ്ങൾ എം.എസി.എഫിൽ എത്തുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. മാലിന്യം സ്രോതസ്സിൽ നിന്ന് തന്നെ തരംതിരിച്ച് ലഭ്യമാക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

. പാഴ്വസ്തുക്കളുടെ ശേഖരണത്തിനും എം.സി.എഫി ൽ സൂക്ഷിക്കുന്നതിനും മുൻഗണന നൽകുകയും അത്തരം പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാകാത്ത വിധത്തിൽ മാർഗ്ഗരേഖ പ്രകാരമുള്ള മറ്റ് സേവനങ്ങൾക്ക് ഹരിതകർമ്മസേനാംഗങ്ങളെ നിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

. മാലിന്യ സംസ്ക്കരണം, തരം തിരിക്കൽ എന്നീ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. മാലിന്യം വേർതിരിച്ച് ഏജൻസിക്ക് നൽകി വരുമാനം ഉണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

. യൂസർ ഫീ കൃത്യമായി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

. അംഗീകൃത പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ പ്രകാരമുള്ള പ്രവർത്തനങ്ങൾ ഉറപ്പാക്കേണ്ടതാണ്.

. എം.സി.എഫിൽ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

. ഗ്രാമപഞ്ചായത്ത് മേൽ വിഷയത്തിൽ കൈക്കൊള്ളുന്ന തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ലൈഫ് ഭവനനിർമ്മാണം- ഗുണഭോക്താവിന് അധികമായി തുക അനുവദിച്ചു

പ്രോജക്ട് നം.	61/24 (ലൈഫ് ഭവനപദ്ധതി- എസ്.സി.പി)
നിർവഹണ ഉദ്യോഗസ്ഥൻ	വി.ഇ.ഒ
അടങ്കൽ	44000000/- (4365524- വികസനഫണ്ട് (Scp), സംസ്ഥാനാവിഷ്കൃത ഫണ്ട് -11000000, ബ്ലോക്ക് വിഹിതം-2200000 ജില്ലാപഞ്ചായത്ത് വിഹിതം-2200000 മറ്റുള്ളവ-24200000 തനത് ഫണ്ട് - 34476)
ചെലവ്	7145524 (4365524- വികസനഫണ്ട് (Scp), സംസ്ഥാനാവിഷ്കൃത ഫണ്ട് -2300000, ബ്ലോക്ക് വിഹിതം-480000)

ബിൽ നം/ തിയതി	01/20.05.2023 ₹ 1240000 02/05.06.2023 ₹ 720000 06/17.08.2023 ₹480000 10/15.11.2023 ₹100000 11/15.11.2023 ₹872000 12/15.11.2023 ₹ 900000 14/23.11.2023 ₹80000 15/21.12.2023 ₹ 200000 Cheque No.120259/06.02.2024 ₹ 1100000 Cheque No.120259 /06.02.2024 ₹1100000 Cheque No.120259 /06.02.2024 ₹ 100000 Plan Fund/23.03.2024 ₹ 253524

ലൈഫ് മിഷൻ ലിസ്റ്റിലുൾപ്പെട്ട എസ്.സി.പി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കുന്നതിന് 400000/- രൂപ നൽകുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ളത്. ലൈഫ് രജിസ്റ്റർ, ചെലവുരേഖകൾ എന്നിവ പരിശോധിച്ചതിൽ, താഴെപ്പറയുന്ന ഗുണഭോക്താവിന് ഭവനനിർമ്മാണത്തിനായി 4 ലക്ഷം രൂപയിൽ കൂടുതൽ തുക അനുവദിച്ചതായി കണ്ടെത്തി.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

മാധവി, മുണ്ടൻമാരിൽ വീട്, മരുതൂർ (വാർഡ്-21) എന്ന ഗുണഭോക്താവിന് ഭവനനിർമ്മാണത്തിനായി 4 ലക്ഷം രൂപയ്ക്ക് പകരം 5 ലക്ഷം രൂപ അക്കൌണ്ടിലേക്ക് (A/C No.30082430058, SBIN0006458) അനുവദിച്ചിട്ടുണ്ട്. തുക നൽകിയതു സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നമ്പർ	ബിൽ റെഫറൻസ് നമ്പർ/ തീയതി	ഫണ്ട്	തുക
1	232104520141001008 49/19.05.2023	വികസന ഫണ്ട്(Scp)	40000
2	23210452014100447439/08.08.2023	വികസന ഫണ്ട്(Scp)	160000
3	23210452014100787957/17.11.2023	വികസന ഫണ്ട്(Scp)	100000
4	5081500901230057/06.02.2024	തനത് ഫണ്ട്	100000
5	23210452014101461985/23.03.2024	വികസന ഫണ്ട്(Scp)	100000

സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഭവന നിർമ്മാണത്തിന് ജനറൽ / എസ്.സി.പി വിഭാഗക്കാർക്ക് നൽകാവുന്ന പരമാവധി തുക 4 ലക്ഷം രൂപയാണ്. ഒരു ലക്ഷം രൂപ മേൽ സൂചിപ്പിച്ച ഗുണഭോക്താവിന് അധികം നൽകിയിട്ടുണ്ട്.
ഒരു ലക്ഷം രൂപ അധികം നൽകിയതിന് വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (39/26.09.2024) ലഭ്യമാക്കിയ മറുപടിയിൽ തുക തിരികെ അടവാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. അധികമായി അനുവദിച്ച 100000/- രൂപ നിരാകരിക്കുന്നു. തുക ഗുണഭോക്താവിൽ നിന്നോ ഉത്തരവാദിയായ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി	സർട്ടിഫിക്കറ്റ് നമ്പർ/ തീയതി
2023-24	19.09.2024 മുതൽ 28.09.2024 വരെ	അനുബന്ധമായി ചേർത്തിട്ടുണ്ട്

4-2 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്റ്റിന്റെ പേര്	ചെലവ്	ബാലൻസ്
പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത്	മുന്നിരിപ്പ്	63,357.00		0	63,357.00
	2023-24	323056	34/24 നെൽ കൃഷിക്ക് ഉഴവ് കൂലി	323056	0
		480000	61/24 ലൈഫ് ഭവനം SCP	480000	0
		748000	60/24 ലൈഫ് ഭവനം ജനറൽ	748000	0
		450000	30/24 ഭിന്നശേഷി സ്കോളർഷിപ്പ് ജനറൽ	450000	0
		138668	55/24 പാലിന് സബ്സിഡി SCP	138668	0
	ആകെ	**2139724**		**2139724**	0
	മുന്നിരിപ്പുൾപ്പെടെ	**2203081**		**2139724**	63,357.00
പാലക്കാട് ജില്ലാ പഞ്ചായത്ത്	2023-24	1004130	34/24 നെൽ കൃഷിക്ക് ഉഴവ് കൂലി	1004130	0
	2023-24	300000	30/24 ഭിന്നശേഷി സ്കോളർഷിപ്പ് ജനറൽ	300000	0
	ആകെ	**1304130**		**1304130**	**0**

വിവിധ പദ്ധതികൾക്കായി മുൻ വർഷങ്ങളിൽ ലഭിച്ച ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങളിൽ, ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകൾ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	ബിൽ/ വൗച്ചർ നമ്പർ	മുൻകൂർ നൽകിയ തുക	ചെലവ്	നീക്കിയിരുപ്പ്
KSEB ഓങ്ങല്ലൂർ ഇലക്ട്രിക്കൽ സെക്ഷൻ	244/24 ഇലക്ട്രിക്ക് പോസ്റ്റ് മാറ്റൽ	22300585/19.08.23	30293	0	30293

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/തിയ്യതി	തൻവർഷ വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ലൈഫ് ഹഡ്കോ വായ്പ	G.O(Ms) 68/2018/LSGD/18.05.2018	6220000	14226024	2385976*		18060048
സമ്പൂർണ്ണ ഭവന പദ്ധതി	699170/DB1/16/LSGD/26.07.2016	0	8166060	1000000**		8166060

* വികസന ഫണ്ടിന്റെ (ജനറൽ, എസ്.സി.പി) സ്രോതസ്സിൽനിന്നും കുറവ് ചെയ്ത തുക.

** പ്രൊജക്ട് നം. 08/24 സമ്പൂർണ്ണ ഭവന പദ്ധതി വായ്പാതിരിച്ചടവ് പ്രകാരം 1000000 രൂപ തിരിച്ചടച്ചിട്ടുണ്ടെങ്കിലും ആയത് നീക്കിയിരുപ്പിൽ കുറവ് ചെയ്തിട്ടില്ല. യഥാർത്ഥത്തിൽ തിരിച്ചടക്കാൻ അവശേഷിക്കുന്ന തുക 7166060 രൂപയാണ്.

4-6 സ്ഥിരനിക്ഷേപങ്ങൾ

സ്പോർട്സ് ലോട്ടറി അക്കൌണ്ടിൽ നിലവിലുള്ള തുകയുടെ വിവരം താഴെ ചേർക്കുന്നു

31.03.2023 ന് നിലവിലുള്ള തുക	പലിശ	31.03.2024 ന് നീക്കിയിരിപ്പ്
13862433രൂപ	554497രൂപ	14416930രൂപ

അക്കൌണ്ട് നം.103100010409207 (കോ ഓപ്പറേറ്റിവ് ബാങ്ക് ഓങ്ങല്ലൂർ ശാഖ) എന്നാൽ ഇത് വാർഷിക ധനകാര്യ പത്രികയിൽ ബാലൻസ്ഷീറ്റിൽ(B-12 Investment) പ്രതിഫലിക്കുന്നില്ല. ആയതിന്റെ കാരണം വ്യക്തമാക്കി മറുപടി ലഭ്യമാക്കേണ്ടതാണ്. (ഖണ്ഡിക 1-12 കാണുക)

4-7 ഓഡിറ്റ് റിക്കവറി

റിപ്പോർട്ട് വർഷം	ഖണ്ഡിക നം.	തുക	രസീതി നം. / തിയതി	തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും
2021-22	3-1	2142	1230101121/ 1.06.23	ശ്രീ എം.പി കൃഷ്ണൻ, കരാറുകാരൻ
2020-21	3-1	2142	1230101197/ 7.06.23	ശ്രീ എ.എം യൂസഫ് കരാറുകാരൻ
2021-22	ഓഡിറ്റ് അന്വേഷണം നം-26/20.05.22 പ്രകാരം അടവാക്കിയത്	5701	1230101206/ 7.06.23	ശ്രീ പി.യൂസഫ് കരാറുകാരൻ
2021-22	ഓഡിറ്റ് അന്വേഷണം നം-26/20.05.22 പ്രകാരം അടവാക്കിയത്	3280	1230101207/ 7.06.23	ശ്രീ പി.യൂസഫ് കരാറുകാരൻ
2018-19	3-1	32660	1230106596/ 13.03.24	ശ്രീമതി സതീദേവി രാമൻ നായർ
2021-22	3-1	631	1230101251/ 9.06.23	ശ്രീ ഹാജാ ഹുസൈൻ, കരാറുകാരൻ

2021-22	3-1	2942	1230101252/ 9.06.23	ശ്രീ ഹാജാ ഹുസൈൻ, കരാറുകാരൻ
2021-22	3-1	2816	1230101253/ 9.06.23	ശ്രീ ഹാജാ ഹുസൈൻ, കരാറുകാരൻ
2021-22	1-16-4 1-16-5	4600	1230101340/ 15.06.23	സെക്രട്ടറി ഇൻ ചാർജ്, ഷൊർണ്ണൂർ കോഓപ്പറേറ്റീവ് സർവ്വീസ് ബാങ്ക്
	ആകെ	56914/-		

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം/	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2014-15	2.2, 2.3	2016-17	അധ്യായം1	വസ്തുനികുതി	സമിതിയുടെ അന്തിമതീരുമാനമായിട്ടില്ല
2014-15	2.5, 2.6	2016-17	അധ്യായം2	തൊഴിൽനികുതി	സമിതിയുടെ അന്തിമതീരുമാനമായിട്ടില്ല
2015-16	2.2, 2.3, 2.4	2016-17	അധ്യായം2	തൊഴിൽനികുതി	സമിതിയുടെ അന്തിമതീരുമാനമായിട്ടില്ല

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പെടെ)	154323253
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	56353702
നീക്കിയിരിപ്പ്	97969551
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	100000
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	601455

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക	തുക	ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ വിവരം

3-1	100000	ശ്രീ ബിപിൻ ലാൽ, വി.ഇ.ഒ 2

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക	തുക	ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ വിവരം
1-28	17700	ശ്രീമതി മനീഷ പി.കെ, കൃഷി ഓഫീസർ
1-29	29880	ശ്രീമതി മനീഷ പി.കെ, കൃഷി ഓഫീസർ
1-30	486750	ഡോ.ശ്രീകുമാരൻ എം.എസ്, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി
1-32	43450	ശ്രീമതി ഷെർളി.എസ്, അസി. സെക്രട്ടറി
1-36	23675	ശ്രീമതി ഷെർളി.എസ്, അസി. സെക്രട്ടറി
ആകെ	601455/-	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ ബിപിൻ ലാൽ, വി.ഇ.ഒ 2	വി.ഇ.ഒ 2, ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്	മൂലേപ്പറമ്പിൽ, പാറമ്പുഴ പി.ഒ, കോട്ടയം-686004
ശ്രീമതി മനീഷ പി.കെ, കൃഷി ഓഫീസർ	കൃഷി ഓഫീസർ, ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്	പലീരൻ ഹൗസ്. കണ്ണോത്ത് പി.ഒ, വെങ്കിടങ്ങ്, തൃശൂർ -680510
ഡോ.ശ്രീകുമാരൻ എം.എസ്, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി	മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി, ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്	മഠത്തിൽ മന, തിരുവേഗപ്പുറ പി.ഒ, പാലക്കാട്-679304
ശ്രീമതി ഷെർളി.എസ്, അസി. സെക്രട്ടറി	അസി. സെക്രട്ടറി, കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം	പുലരി, മാവിലക്കടവ്, ഉച്ചക്കട പി.ഒ, തിരുവനന്തപുരം -695506

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	നിലനില്ക്കുന്ന തടസ്സങ്ങളുടെ എണ്ണം
1996-97	LF.P.9/1075/2000 Dt.14.12.2000	1
1997-98	LF.P.6/1067/2000 Dt.7.1.2002	3
1998-99	LF.P.13/1069/2000 Dt.21.11.2005	0
1999-2000	LF.P.6/1069/2000 Dt.11.12.2000	4
2000-01	LF.P.13/432/2005 Dt.12.9.2006	3
2001-02	LF.P.13/731/2006 Dt.2.11.2006	5
2002-03	LF.P.13/1371(1)/12 Dt.3.8.12	4
2003-04	LF.P.13/1371(2)/12 Dt.1.8.12	7
2004-05	LF.P.13/1371(3)/12 Dt.1.8.12	6
2005-06	LF.P.13/1371(4)/12 Dt.17.7.12	5
2006-07	LF.P.13/1812/12 Dt.17.9.12	5
2007-08	LF.P.13/1776/12 Dt.15.9.12	-
2008-09	LF.P.13/1745/14 Dt.21.1.15	കത്ത്
2009-10 2010-11 2011-12	LF.P.13/372/14 Dt.3.9.14	7
2012-13	L.F.P.13/458/2015 Dt13.5.15	9
2013-14 & 2014-15	KSA.PKD.13/1225/16 Dt.30.07.2016	11
2015-16	KSA.PKD.13/------/16 Dt.28.12.2016	9
2016-17	KSA.PKD.13/1759/17 Dt.04.10.2017	8
2017-18	KSA.PKD. 13 /61/2019 Dt.13.02.2019	10
2018-19	KSA.PKD.13-1241/2020 Dt.05.01.2021	12
2019-20	KSA.PKD.13-710/21 Dt.20/07/2021	22
2020-21	KSA.PKD.13-1150/21 Dt.17/09/2021	35

2021-22	KSA.PKD.13-1843/22 Dt.30/11/2022	29
2022-23	KSA.PKD.13-1843/22 Dt.30/11/2022	33

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 2(1) dated 11-06-2024 and submitted on 27-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Ongallur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Ongallur Grama Panchayat as on 31-03-2024

Date: 19/11/2024 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Ongallur Grama Panchayat for the Year 2023-2024.

1.Major Observations

1. Special Term Deposit not included in the Balance sheet schedule. Original receipt not produced.

2.Other Observations

1. All the mandatory financial statements prescribed in Kerala Panchayat Raj Act (accounting rules) 2011 are not furnished with the AFS.

2. The net cash generated does not match with the amount shown in the statement as Net increase in cash & cash equivqlents in the Cash flow statement

3.Asset register is not updated . Hence the value of Fixed assets (schedule-B11), Accumulated depreciation (schedule-B11(a) as per Balance sheet could not be ascertained.
4. Closing balance in respect of CFC in the schedule B-4 and B-17 not matched with.
5. Water charge arrear of street taps not included as liability in the Balance sheet.
6.Sports lottery prize amount deposited as special term deposit neither inculed in the AFS nor produced for verification.
7.Loan refund for the current year not deducted from the outstanding loan amount in the Balance sheet schedule B-5
8.The value of Capital work in progress as per Balance sheet schedule B-11(b) is 0 inspite of there having part bill payments.

9. Advance paid to various implementing agencies as per B-18 schedule of the Balance sheet not in accordance with the actual expenditure for the financial year.
10. Ayush Fund -Expenditure shown as balance in the Balance sheet schedule-- B-4.
11. Accumulated depreciation has been decreased when compared with the previous financial year in respect of the value of the following items in the schedule B-11(a) --
a)Sewage & Drainage - -16407b)Plant & Machinery - -592296
12. The demand, collection and balance w.r.to Property tax as per the Annual Financial statement not in accordance with the Sanchaya statement.
13. It has been failed to provide login facility to new building register in the ILGMS and no rent register is maintained. No DCB is prepared in respect of profession tax and no abstract for E payment remittance

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-3
വാർഷിക കണക്കുകൾ- സംക്ഷിപ്തം

Ongallur Grama Panchayat
INCOME & EXPENDITURE STATEMENT

For the period from 01-April-2023 to 31-March-2024

Code.No	Description of Items	Schedule No	Amount
	INCOME		
110000000	Tax Revenue	I-1	15310446.00
120000000	Assigned Revenues, Shared Taxes and Compensations (BLOCKED)	I-2	0.0
130000000	Rental Income from Panchayat / Municipal Properties	I-3	260500.00
140000000	Fee & User Charges	I-4	9418757.00
150000000	Sale & Hire Charges	I-5	22914.00
160000000	Revenue Grants, Funds, Contributions & Compensations / Subsidies	I-6	191345067.00
170000000	Income from Investments	I-7	0.0
171000000	Interest Earned	I-8	2242822.00
180000000	Other Income	I-9	56914.00
190000000	Prior Period Income	I-19	64628.00
	Total Income		**218657420.00**
	EXPENDITURE		
210000000	Establishment Expenses	I-10	12897929.00
220000000	Administrative Expenses	I-11	1815715.00
230000000	Operations & Maintenance	I-12	5186435.00
240000000	Interest & Finance Charges	I-13	119.00
250000000	Decentralised Plan Programme-Productive Sector / Programme Expenses	I-14	10077086.00
251000000	Decentralised Plan Programme-Service Sector	I-14(A)	45542739.00
252000000	Decentralised Plan Programme-Infrastructure Sector	I-14(B)	10616527.00
253000000	Decentralised Plan Programme-Projects not included in Sector Division	I-14(C)	18941900.00
254000000	Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme)	I-14(D)	97475200.00
255000000	Maintenance Projects	I-14(E)	0.0
256000000	Other Revenue Grants and Funds - Revenue Expenses	I-14(F)	1867286.00
260000000	Grants, Contributions & Compensation from Own Fund / Subsidies	I-15	0.0
270000000	Provisions and Write off	I-16	0.0
271000000	Miscellaneous Expenses on Disposal of Assets and Investments	I-17	0.0
272000000	Depreciation	I-17(A)	7412277.00
	Total Expenditure		**211833213.00**

	Gross Surplus / Deficit of income over Expenditure		**6824207.00**
	Gross Surplus / Deficit of income over Expenditure		**6777633.00**
290000000	Transfer to Reserve Funds/Prior Period Item(ILGMS)	I-18	-111202.00
	Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)		**-46574.00**

Ongallur Grama Panchayat RECEIPT & PAYMENT STATEMENT

For the period from 01-April-2023 to 31-March-2024

Code.No	Description of Items	Schedule No	Amount
	RECEIPTS		
	Opening Balance		
Bank	Bank	RP-40(a)	60835633.00
Cash	Cash	RP-40(a)	215274.00
	Operating		
110000000	Tax Revenue	RP-1	2009100.00
130000000	Rental income from Panchayat Properties	RP-3	48000.00
140000000	Fees & User Charges	RP-4	8647471.00
150000000	Sale & Hire Charges	RP-5	22914.00
160000000	Revenue Grants, Funds, Contributions & Compensations	RP-7	19889100.00
171000000	Interest Earned	RP-9	2242822.00
190000000	Prior Period Income	RP-11	43700.00
290000000	Transfer to Reserve Funds / Prior Period Item(ILGMS)	RP-25	218355.00
320000000	Grants, Funds & Contributions for Specific Purposes	RP-30	28512169.00
431000000	Sundry Debtors (Receivables)	RP-45	20445306.00
460000000	Loans, Advances and Deposits	RP-49	22000.00
	Non Operating		
180000000	Other Income	RP-10	56914.00
330000000	Secured Loans	RP-31	6220000.00
340000000	Deposits Received	RP-33	398557.00
350000000	Other Liabilities	RP-35	4495938.00
	Grand total		**154323253.00**
	PAYMENTS		
	Operating		
140000000	Fees & User Charges	RP-4	6672.00
220000000	Administrative Expenses	RP-13	14000.00
320000000	Grants, Funds & Contributions for Specific Purposes	RP-30	50018.00
431000000	Sundry Debtors (Receivables)	RP-45	4788491.00
460000000	Loans, Advances and Deposits	RP-49	480000.00
	Non Operating		
340000000	Deposits Received	RP-33	24500.00
350000000	Other Liabilities	RP-35	50990021.00

	Closing Balance		
Bank	Bank	RP-40(b)	97676851.00
Cash	Cash	RP-40(b)	292700.00
	Grand Total		**154323253.00**

Ongallur Grama Panchayat BALANCE SHEET

As on 31-March-2024

Code.No	Description of Items	Schedule No	Amount
	LIABILITIES		
	Reserve & Surplus		
310000000	Panchayat / Municipal Fund	B-1	59666532.75
311000000	Earmarked Funds - Special Funds/Sinking Fund/Trust or Agency Fund	B-2	0.0
312000000	Reserves	B-3	92960777.00
	Total Reserve & Surplus		**152627309.75**
	Grants, Contributions for Specific Purposes		

320000000	Grants, Funds & Contribution for Specific Purposes	B-4	42500566.00
	Total Grants, Contributions for Specific Purposes		**42500566.00**
	Loans		
330000000	Secured Loans	B-5	26226108.00
331000000	Unsecured Loans	B-6	0.0
	Total Loans		**26226108.00**
	Current Liabilities & Provisions		
340000000	Deposits Received	B-7	1034248.00
341000000	Deposits Works	B-8	0.0
350000000	Other Liabilities	B-9	4313568.25
360000000	Provisions	B-10	0.0
	Total Current Liabilities and Provisions		**5347816.25**
	TOTAL LIABILITIES		**226701800.00**
	ASSETS		
	Fixed Assets		
410000000	Fixed Assets	B-11	2401295.00
412000000	Capital Work in Progress	B-11(b)	0.0
413000000	Annual Plan - Capital Expences (Productive Sector)	B11-(c)	8013518.00
414000000	Annual Plan - Capital Expences (Service Sector)	B11-(d)	28551983.00
415000000	Annual Plan - Capital Expences (Infrastructure Sector)	B11-(e)	94043643.00
416000000	Accumulated Depreciation	B-11(a)	-42250686.00
	Total Fixed Assets		**90759753.00**
	Investments		
420000000	Investments-General Fund	B-12	0.0
421000000	Investments - Other Funds / Sundry Debtors	B-13	0.0
	Total Investments		**0.0**
	Current Assets, Loans and Advances		
430000000	Stock-in-hand	B-14	69678.00
431000000	Sundry Debtors (Receivables)	B-15	7877206.00
432000000	Accumulated Provisions Against Debtors (Receivables)	B-15(a)	0.0
440000000	Pre-paid Expenses	B-16	26226108.00
450000000	Cash and Bank Balance	B-17	97969551.00
460000000	Loans, Advances and Deposits	B-18	3799504.00
461000000	Accumulated Provisions against Loans,Advances and Deposits	B-18(a)	0.0
	Total Current Assets, Loans and Advances		**135942047.00**
	Other Assets		
470000000	Other Assets	B-19	0.0
	Total Other Assets		**0.0**
	Miscellaneous Expenditure (To the Extent not written off)		
480000000	Miscellaneous Expenditure to be written off	B-20	0.0
	Total Miscellaneous Expenditure (To the Extent not written off)		**0.0**
	TOTAL ASSETS		**226701800.00**

ഡെപ്യൂട്ടി ഡയറക്ടർ